# കേരളപഠനം

# പൂർവ്വകാല കേരളം

## സെമസ്റ്റർ – 1

## കോംപ്ലിമെന്ററി കോഴ്സ്–2

## (CUCBCSS)

For

# BA MALAYALAM

(2014 Admission)

# UNIVERSITY OF CALICUT

**SCHOOL OF DISTANCE EDUCATION**

CALICUT UNIVERSITY PO, MALAPPURAM, KERALA, INDIA - 673 635

1005

# UNIVERSITY OF CALICUT
**SCHOOL OF DISTANCE EDUCATION**

## I Semester
## Complementary course

## കേരളപഠനം -പൂർവ്വകാല കേരളം

**തയ്യാറാക്കിയത്**
**ദിവ്യ.കെ.**
മലയാള വിഭാഗം
മലബാർ ക്രിസ്ത്യൻ കോളേജ്
കോഴിക്കോട്

Layout: Computer Section, SDE

**(c)**
Reserved

# ഉള്ളടക്കം

**മൊഡ്യൂൾ 1 :** സംസ്കാരം- ചരിത്രം- നിർവ്വചനങ്ങൾ- വിവിധ കാഴ്ചപ്പാടുകൾ ചരിത്രവും സംസ്കാരവും തമ്മിലുള്ള ബന്ധം- കേരള ചരിത്ര നിർമ്മിതിക്ക് സഹായകമായ ഉപാദാനങ്ങൾ

**മൊഡ്യൂൾ 2 :** കേരളത്തിന്റെ ഉത്പത്തി- പരശുരാമഐതിഹ്യം- ഭൂമിശാസ്ത്രം- ചരിത്രാതീതകാലം - ശിലായുഗം- മഹാശിലാസംസ്കാരം- ആദ്യകാല വിദേശ ബന്ധങ്ങൾ

**മൊഡ്യൂൾ 3 :** സംഘകാലം- സാഹിത്യം- ആയ്- ഏഴിമലൈ, ചേര രാജാക്കന്മാർ സംഘകാല സാമൂഹ്യജീവിതം- തിണകൾ- ബുദ്ധജൈനമതങ്ങൾ

**മൊഡ്യൂൾ 4 :** കുലശേഖര സാമ്രാജ്യം- മഹോദയപുരം, പ്രധാന രാജാക്കന്മാർ-പെരുമാളിന്റെ മതം മാറ്റം- കൊല്ലവർഷം -വിവിധ കാഴ്ചപ്പാടുകൾ - ആര്യാധിനിവേശം- പ്രത്യാഘാതങ്ങൾ- ക്ഷേത്രകേന്ദ്രീകൃത സാമൂഹ്യവ്യവസ്ഥ ജാതി സമ്പ്രദായം - ജന്മി സമ്പ്രദായം- മരുമക്കത്തായം

# മൊഡ്യൂൾ 1

## സംസ്കാരം

സംസ്കാരം എന്ന വാക്കിന് ശുദ്ധീകരണം, ഗുണവിശേഷത്തെ പ്രാപിക്കുന്ന സ്ഥിതി, വിദ്യാഭ്യാസം കൊണ്ടും മറ്റും മനസ്സിനുണ്ടാകുന്ന പ്രഭാവം, പാകപ്പെടുത്തൽ, പൂർത്തിയാക്കൽ, അടക്കം ചെയ്യൽ, വിശുദ്ധകർമ്മം എന്നിങ്ങനെയുള്ള അർത്ഥങ്ങളാണ് ശബ്ദതാരാവലിയിൽ കൊടുത്തിരിക്കുന്നത്. 'കൾച്ചർ' (Culture) എന്ന ഇംഗ്ലീഷ് പദത്തിനു സമാനമായാണ് മലയാളത്തിൽ സംസ്കാരം എന്ന പദം ഉപയോഗിക്കുന്നത്. റെയ്മണ്ട് വില്യംസ് അദ്ദേഹത്തിന്റെ 'Key words' എന്ന ഗ്രന്ഥത്തിൽ കൾച്ചർ എന്ന പദത്തിന്റെ ഉത്ഭവ ചരിത്രം വ്യക്തമാക്കുന്നുണ്ട്. കൾത്തുറ (Cultura) എന്ന ലാറ്റിൻ പദത്തിൽ നിന്നുമാണ് കൾച്ചർ എന്ന ഇംഗ്ലീഷ് പദത്തിന്റെ നിഷ്പത്തി. 'Colere' എന്ന ധാതുവിൽ നിന്നാണ് Cultura എന്ന പദം രൂപം കൊണ്ടത്. Cultura എന്നാൽ Cultivation (സംസ്കരണം) എന്ന പൊതുവായ അർത്ഥം പ്രദാനം ചെയ്യുന്നു. സമൂഹത്തിലെ അംഗങ്ങൾ എന്ന നിലയിൽ മനുഷ്യരുടെ എല്ലാത്തരത്തിലുള്ള ചിന്താരീതികളുടെയും പ്രവൃത്തികളുടെയും ആകെത്തുകയായി സംസ്കാരം മാറുന്നു. മനോഹരമോ, സംസ്കരിക്കപ്പെട്ടതോ, രസകരമോ ആയതിനെയാണ് സംസ്കാരം എന്നു പറയുന്നത്. ജീവിതത്തിന്റെ സർവ്വ മേഖലകളെയും ഉൾക്കൊള്ളുന്ന പദമാണിത്.

സംസ്കാരം എന്ന പദം നമ്മുടെ പൊതുബോധത്തിൽ ചരിത്രത്തിലൂടെ പല അർത്ഥങ്ങളും ആർജ്ജിച്ചെടുത്തിട്ടുണ്ട്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം നല്ല സ്വഭാവവും പെരുമാറ്റവുമാണ് സംസ്കാരം. സംസ്കാരമുള്ളവർ, സംസ്കാരമില്ലാത്തവർ എന്ന അധികാരബോധമായി വ്യക്തിതലത്തിൽ അത് പ്രകടമാകുന്നുണ്ട്. സംസ്കാരമുള്ള ജനത, സംസ്കാരമില്ലാത്ത ജനത എന്ന് സമൂഹത്തെ പറ്റിയും പറയാറുണ്ട്. ദേശകാല സ്ഥിതികൾക്ക് അനുസരണമായി സംസ്കാരത്തെ സംബന്ധിക്കുന്ന ധാരണകൾക്കും വിശ്വാസങ്ങൾക്കും വ്യത്യാസമുണ്ടാവും. സമൂഹവുമായി ബന്ധപ്പെട്ടു പ്രവർത്തനനിരതനായി കഴിയുന്ന മനുഷ്യൻ അറിവ്, അനുഭവങ്ങൾ, പരസ്പര സമ്പർക്കം എന്നിവയിലൂടെ നേടിയെടുക്കുന്ന പരിപക്വമായ ജീവിത ബോധമെന്ന് സാമാന്യമായി സംസ്കാരത്തെക്കുറിച്ച് പറയാം. മനുഷ്യവർഗ്ഗത്തിന് പ്രത്യേകമായിട്ടുള്ള പെരുമാറ്റ രീതിയെയും അതിന്റെ ഭാഗമായുപയോഗിക്കുന്ന ഭൗതിക വസ്തുക്കളെയും സംസ്കാരം എന്നും വിളിക്കാം. ജീവിതരീതി, ആചാരാനുഷ്ഠാനങ്ങൾ, ഭാഷ, ഭക്ഷണം, തൊഴിലുപകരണങ്ങൾ, ആശയ വിനിമയോപാധികൾ, കല, സാഹിത്യം തുടങ്ങി എല്ലാത്തരത്തിലുമുള്ള ഘടകങ്ങളെയും ഉൾക്കൊള്ളുന്നതാണ് സംസ്കാരം.

ഒറ്റയ്ക്കൊരാൾക്ക് സംസ്കാരത്തെ ആവിഷ്ക്കരിക്കാനാവില്ല. വ്യക്തി സംസ്കാരങ്ങൾ സമന്വയിക്കുമ്പോഴാണ് ഒരു സമൂഹത്തിന്റെ തനതായ സംസ്കാരം സൃഷ്ടിക്കപ്പെടുന്നത്. സാമൂഹ്യ ബന്ധങ്ങളാണ് സംസ്കാരത്തെ പുനരുൽപാദിപ്പിക്കുന്നത്. ഒരു

വ്യക്തിക്ക് ജന്മനാ ലഭിക്കുന്നതല്ല സംസ്കാരം. അവനവന്റെ ചുറ്റുപാടുകളുമായി നിരന്തരം പ്രതിപ്രവർത്തിക്കുന്നതിലൂടെ ആർജ്ജിച്ചെടുക്കുന്ന ബോധമാണ് സംസ്കാരം. പഠനവും സമൂഹത്തോടുള്ള ഇണങ്ങിച്ചേരലുമാണ് മനുഷ്യനെ സംസ്കാരമുള്ളവനാകാൻ സഹായിക്കുന്നത്. ഒരു തലമുറയിൽ നിന്നും വരും തലമുറകളിലേക്ക് കൈമാറാൻ സാധിക്കുന്ന പൈതൃകബോധം കൂടിയാണ് സംസ്കാരം. ഇത്തരത്തിൽ സംസ്കാരത്തിന്റെ വിനിമയം സാധ്യമാകുമ്പോഴാണ് സാമൂഹികവികാസം ഉറപ്പാവുന്നത്. സംസ്കാരത്തിന്റെ ഭാഗമായാണ് ഓരോ സമൂഹവും പെരുമാറേണ്ട ആദർശാധിഷ്ഠിതമായ നിയമാവലികൾ രൂപീകൃതമാകുന്നതും സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിലും സംസ്കാരം ഭാഗഭാക്കാവുന്നുണ്ട്.

## നിർവ്വചനങ്ങളും കാഴ്ചപ്പാടുകളും

1. സംസ്കാരമെന്നത് പരിസ്ഥിതിയുടെ മനുഷ്യനിർമ്മിതമായ ഭാഗമാണ്- ഹെർസ്കോവിറ്റ്സ്
2. സമഗ്രജീവിതശൈലിയാണ് സംസ്കാരം - റെയ്മണ്ട് വില്യംസ്
3. ജീവിത പൂർണതയുടെ ആകെ ഘടനയാണ് സംസ്കാരം- മലിനോവ്സ്കി
4. സമൂഹത്തിലെ ഒരംഗമെന്ന നിലയിൽ മനുഷ്യൻ നേടിയെടുത്ത കഴിവുകളും സ്വഭാവങ്ങളും കൂടാതെ അറിവ് വിശ്വാസം, കല, സദാചാരം, നിയമം, ആചാരം, എന്നിവയുടെയും സങ്കീർണമായ ആകെത്തുകയാണ് സംസ്കാരം- ഇ.ബി. ടെയ്ലർ
5. മനുഷ്യവംശത്തിന്റെ പൈതൃകത്തിലൂടെ നിലനിൽക്കുന്ന കലയുടെയും കലാനിർമ്മിതിയുടെയും യാഥാസ്ഥിതിക ധാരണകളുടെയും ക്രമീകരിച്ച രൂപമാണ് സംസാകരം-റോബർട്ട് റെഡ്ഫീർഡ്
6. സംസ്കാരമെന്നാൽ പ്രതീകാത്മകതയും തുടർച്ചയുള്ളതും കൂട്ടമായ പുരോഗതിയുള്ളതുമായ ഒരു പ്രവർത്തനമാണ് -എൻ.എ. വൈറ്റ്.

ഒരു കലാകാരൻ സ്വന്തം കാൻവാസിലും, കവി ടൈപ്പ് റൈറ്ററിലും ശ്രദ്ധിക്കുന്നതുപോലെയും, പൗരസേവകൻ അയാളുടെ മുന്നിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതു പോലെയും, ഓരോ സാഹചര്യത്തിനനുസരിച്ചും ഒരാൾ പ്രവർത്തിക്കുന്നതു പോലെയും ഏകദേശം സമാനമായ പ്രവർത്തനങ്ങളുടെ ഫലമാണ് സംസ്കാരം എന്ന കാഴ്ചപ്പാടാണ് ടി.എസ്. എലിയട്ട് അവതരിപ്പിക്കുന്നത്. മനുഷ്യനിർമ്മിതികളുടെ സഞ്ചയമായ സംസ്കാരത്തെ മനുഷ്യൻ അവന്റെ ലക്ഷ്യം നേടുന്നതിന് രൂപപ്പെടുത്തുന്ന സൃഷ്ട്യുൻമുഖമായ മാധ്യമമായാണ് മലിനോവ്സ്കി കാണുന്നത്. Eidos എന്നും Ethos എന്നും സംസ്കാരത്തിന് രണ്ട് രണ്ട് വശങ്ങളുണ്ടെന്നാണ് നരവംശശാസ്ത്രജ്ഞനായ കാരോബർ അഭിപ്രായപ്പെടുന്നുണ്ട്. സംസ്കാരത്തിന്റെ ഔപചാരിക രൂപമാണ് Eidos. സംസ്കാരത്തിന്റെ ഗുണങ്ങളെയും താൽപര്യങ്ങളെയും നിർണയിക്കുന്ന ഘടകങ്ങളുടെ

സംഹിതയാണ് Ethos. സംസ്കാരഘടകങ്ങളെ സ്പഷ്ടമെന്നും, അന്തർലീനമെന്നും ക്ലക്കോൺ എന്ന സാമൂഹ്യ ശാസ്ത്രകാരനും, രണ്ടായി വിഭജിക്കുന്നുണ്ട്. സംസ്കാര ത്തിന്റെ ഒരു ഭാഗം മറ്റൊന്നിൽ നിന്നും വേർപെടുന്നതിനെയാണ് സാംസ്കാരിക മാന്ദ്യം എന്നു പറയുന്നത്. 'Social Change'എന്ന കൃതിയിൽ ഡബ്ല്യൂ. എഫ് ഓഗ്ബേൺ ആണ് സംസ്കാരിക മാന്ദ്യം (Cultural lag) എന്ന സാങ്കല്പിക സിദ്ധാന്തം ആദ്യമായവതരിപ്പി ക്കുന്നത്. സംസ്കാരം സംബന്ധിച്ച മാർക്സിന്റെ കാഴ്ചപ്പാട് അടിത്തറ, മേൽപ്പുര എന്നീ ആശയങ്ങളിലൂടെയാണദ്ദേഹം അവതരിപ്പിക്കുന്നത്. മനുഷ്യൻ വ്യക്തി എന്ന നിലയിലും സാമൂഹ്യജീവി എന്ന നിലയിലും ഉപജീവനത്തിനായി ഏർപ്പെടുന്ന ഉത്പാദന പ്രവൃ ത്തികളുടെ ഘടനയാണ് അടിത്തറ. അതിനനുസരിച്ച് നിയമം, മതം, ആചാരം, മൂല്യ ബോധം മുതലായവ ഉൾക്കൊള്ളുന്ന മേൽപ്പുര അതായത് സംസ്കാരം രൂപം കൊള്ളു ന്നു. അടിത്തറ സുസ്ഥിരമാവുമ്പോൾ മാത്രമേ മേൽപ്പുരയിൽ അതിന്റെ വികാസം കാണാൻ സാധിക്കുകയുള്ളൂ. മനുഷ്യ സമൂഹത്തിൽ മാത്രം നടക്കുന്ന സാംസ്കാരിക വിനിമയങ്ങൾ സാഹചര്യങ്ങൾക്കനുസരിച്ച് പൊരുത്തപ്പെടുന്നതും മാറ്റങ്ങൾക്ക് വിധേ യമാകുന്നവയുമാണ്.

എബ്രഹാം മാസ്ലോ അവതരിപ്പിക്കുന്ന hierarchy of needs (ആവശ്യങ്ങളുടെ ശ്രേണീകരണം) സംസ്കാരത്തിന്റെ മനഃശാസ്ത്രപരമായ അപഗ്രഥനം കൂടിയാണ്. ശാരീ രികാവശ്യങ്ങൾ, സുരക്ഷിതത്വം, സ്നേഹവും ബന്ധങ്ങളും,പരിഗണനയും സംതൃപ്തി യും, ആത്മസാക്ഷാത്കാരം എന്നിങ്ങനെ താഴെ നിന്നും മുകളിലേക്കുവരുന്ന പിരമി ഡൽ ഘടനയിലാണ് അദ്ദേഹം സംസ്കാരത്തെ നിർവ്വചിക്കുന്നത്. തിയോഡോർ അഡോർണോ, മാക്സ് ഹോക്ഹീമർ എന്നിവരാണ്സംസ്കാരവ്യവസായം എന്ന പദം ആദ്യമായവതിരിപ്പിക്കുന്നത്. ബഹുരാഷ്ട്രകുത്തക കമ്പനികൾക്കു വേണ്ടി സംസ്കാ രത്തെ പണയപ്പെടുത്തുന്ന പ്രക്രിയയാണ് സംസ്കാര വ്യവസായം സംസ്കാരിക ചിഹ്ന ങ്ങളായി കണക്കാക്കുന്ന ഭാഷ, വേഷം, ആചാരം, വിശ്വാസം, ഉത്സവാഘോഷങ്ങൾ, ഭക്ഷണം തുടങ്ങിയവയെല്ലാം വാണിജ്യവൽക്കരണത്തിനു വിധേയമാവുന്ന പ്രക്രിയയാ ണിന്ന് കാണാൻ സാധിക്കുന്നത്. പ്രാദേശികവും, വംശീയവുമായ സംസ്കാരങ്ങളുടെ ഗുണാംശത്തിൽ നിന്നു രൂപപ്പെടുന്ന ജനകീയ സംസ്കാരവും, സമൂഹത്തിലെ ജന ങ്ങൾക്കെല്ലാവർക്കും ഒരുപോലെ പ്രിയങ്കരമാവുന്ന ജനപ്രിയ സംസ്കാരവും, ഉച്ചസം സ്കാരവും, നീചസംസ്കാരവു വരേണ്യ സംസ്കാരവും നാഗരിക സംസ്കാരവും തൊഴി ലാളി വർഗ്ഗ സംസ്കാരവുമെല്ലാം സംസ്കാരത്തിന്റെ വിവിധ മുഖങ്ങളെ ആവിഷ്കരി ക്കുന്നവയാണ്.

# ചരിത്രം

ചരിത്രം എന്ന പദത്തിന്റെ അർത്ഥം അന്വേഷണം, ഗവേഷണം, വിശദീകരണം, വിജ്ഞാനം എന്നെല്ലാമാണ് ഡയണീഷ്യസ് എന്ന ഗ്രീക്ക് പണ്ഡിതനാണ് ഉദാഹരണങ്ങളിലൂടെ പഠിപ്പിക്കുന്ന തത്വശാസ്ത്രമാണ് ചരിത്രം എന്ന ആശയം അവതരിപ്പിച്ചത്. ഹിസ്റ്ററി എന്ന പദം ഗ്രീക്ക് ഭാഷയിൽ നിന്നും ഉത്ഭവിച്ചതാണ്. അന്വേഷണം എന്നാണിതിനർത്ഥം. മാനവരാശിയുടെ ജീവിതത്തിലെ ശ്രദ്ധേയമായ സംഭവങ്ങളുടെ ആകെത്തുകയാണ് ചരിത്രം. "ഒരിക്കലും മാറാത്ത ഭൂതകാലത്തെക്കുറിച്ചുള്ള പ്രസ്താവ മാണ് ചരിത്രം" എന്ന് അരിസ്റ്റോട്ടിൽ നിർവ്വചിച്ചിരിക്കുന്നത് ചരിത്രത്തിന്റെ പ്രാമാണികതയെ അംഗീകരിച്ചതുകൊണ്ടു തന്നെയാവണം. ഈ ലോകോത്ഭവത്തോളം പഴക്കം ചരിത്രത്തിനും അവകാശപ്പെടാം. കാരണം ഈ നിമിഷം കഴിഞ്ഞ കാര്യം അടുത്ത നിമിഷത്തിൽ ചരിത്രത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു.

ഈ ഭൂമിയിൽ അനുനിമിഷം നടന്നു കൊണ്ടിരിക്കുന്ന ഏതൊരനുഭവം ചരിത്രത്തിന്റെ ഭാഗമാണ്. എന്നാൽ ഇവയെല്ലാം തന്നെ ചരിത്രത്തിൽ അടയാളപ്പെടണമെന്നില്ല. എന്തെങ്കിലും സവിശേഷതകളുള്ള വസ്തുതകളാണ് പലപ്പോഴും ചരിത്രശ്രേണിയിൽ മുൻപന്തിയിൽ നിൽക്കുന്നത്.

ഇങ്ങനെ രേഖപ്പെടുത്തുന്ന ചരിത്രത്തിൽ വളരെ കുറച്ചു മാത്രമാണ് വിശകലനം ചെയ്യപ്പെടുന്നത്. ഇങ്ങനെ നോക്കുമ്പോൾ നമ്മൾ രേഖപ്പെടുത്തുന്ന ചരിത്രത്തിന് ഒരു പാട് പരിമിതികളുള്ളതായി കാണാം. സ്ഥലകാലങ്ങളുടെ അപാരതയും, അവയെ മനസ്സിലാക്കാനുള്ള മനുഷ്യബുദ്ധിയുടെ പരിമിതിയും ചരിത്രത്തെ വേറിട്ടതാക്കുന്നു.ചരിത്രം എത്ര പരിമിതവും അപൂർണ്ണവുമാണെങ്കിലും കഴിഞ്ഞുപോയ കാലത്തിന്റെ സാംസ്കാരികവും രാഷ്ട്രീയവും സാമൂഹികവുമായ അംശങ്ങൾ ഏറിയും കുറഞ്ഞും അവയിൽ കണ്ടെത്താൻ സാധിക്കുമെന്നതിൽ സംശയമില്ല.

## നിർവ്വചനങ്ങളും കാഴ്ചപ്പാടുകളും

1. മനുഷ്യനെ വിവേകിയാക്കുന്ന വിജ്ഞാനശാഖയാണ്.
   ചരിത്രം :- സർ : ഫ്രാൻസിസ് ബേക്കൻ
2. കാര്യകാരണങ്ങളുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കപ്പെട്ട സംഭവങ്ങളുടെ സമാഹാരമാണ് ചരിത്രം - പ്രൊഫ. ഫിൻലേ
3. ചരിത്രം വികസിച്ചു കൊണ്ടിരിക്കുന്ന മനുഷ്യ മഹാനാടകമാണ്- നെഹ്റു
4. മനുഷ്യചിന്തയുടെ പ്രാചീനതമമായ രൂപമാണ് ചരിത്രം, -തോമസ് കാർലൈൻ
5. എന്നെങ്കിലും എവിടെയെങ്കിലും സംഭവിച്ചതെല്ലാം ചരിത്രമാണ്-
   ഹെന്റി ജോൺസൺ
6. മനുഷ്യസ്വാതന്ത്ര്യത്തിന്റെ അനാവരണമാണ് ചരിത്രം- ലോഡ് ആറ്റൻ
7. യുഗപരമ്പരകളിലൂടെ മനുഷ്യനാർജ്ജിച്ച സംസ്കാരത്തിന്റെ കഥയാണ് ചരിത്രം- വിൽ ഡ്യൂറന്റ്.
8. വർത്തമാനകാലവും ഭൂതകാലവും തമ്മിലുള്ള നിരന്തരമായ സംഭാഷണമാണ് ചരിത്രം- ഇ.എച്ച്.കാർ

'സോദാഹരണമുള്ള തത്വചിന്താപഠനം' എന്നതിലൂടെ പൂർവ്വകാല സംഭവങ്ങളെ ഉദാഹരിച്ച് ഗുണപാഠം നൽകുന്ന സോദ്ദേശ്യ പദ്ധതിയായിട്ടാണ് ഡയണീഷ്യസ് ചരിത്രത്തെ കണ്ടത്. ചരിത്രം കഴിഞ്ഞതിലേക്കും വരാനിരിക്കുന്നതിലേക്കുമുള്ള പര്യവേഷണമാണെന്നും, മഹാത്മാക്കളുടെജീവചരിത്രമാണ് ചരിത്രരചനയ്ക്കാധാരമെന്നുമാണ് തോമസ് കാർലൈൻ വിശ്വസിക്കുന്നത്. വിവേകത്തിന്റെ ഗതിവേഗം പഠിപ്പിക്കുന്ന ആചാര്യനാണ് ചരിത്രമെന്നു കൂടി കാർലൈൻ കരുതുന്നു. ലക്കി എന്ന ചരിത്രകാരന്റെ അഭിപ്രായത്തിൽ ധാർമ്മികവിപ്ലവങ്ങളെക്കുറിച്ചും അവയുടെ കാര്യകാരണങ്ങളെക്കുറിച്ചും ഉള്ള രേഖയാണ് ചരിത്രം. വിപ്ലവത്തിന്റെ ആദർശാത്മകതയ്ക്കും ധാർമ്മിക മൂല്യങ്ങൾക്കുമാണ് ഇവിടെ ഊന്നൽ നൽകുന്നത്. കാലം മാറുന്നതിനനുസരിച്ച് ചരിത്ര സത്യങ്ങളോടുള്ള മനോഭാവത്തിലും മാറ്റം വരുമെന്നും അവ പുനർവിശകലനത്തിന് വിധേയമായേക്കാമെന്നും അങ്ങനെ ആത്യന്തികമായ ചരിത്ര സത്യം എന്നതൊന്നില്ലാതാവുമെന്നും അഭിപ്രായപ്പെടുന്നവരുമുണ്ട്. ചരിത്ര രേഖകൾ എത്രമാത്രം വളച്ചൊടിക്കലുകൾക്കും, അതിശയോക്തികൾക്കും വക നൽകുന്നതാണെങ്കിലും അവയ്ക്ക് ജനതയുടെ മനസ്സിന്റെ ഉള്ളറകളെ ഉണർത്താനുള്ള ശേഷിയുണ്ട് എന്നതാണിതിന്റെ പ്രസക്തി.

## ചരിത്രവും സംസ്കാരവും തമ്മിലുള്ള ബന്ധം

ചരിത്രവും സംസ്കാരവും പരസ്പര പൂരകമായി വർത്തിക്കുന്ന ഘടകങ്ങളാണ്. സംസ്കാരം ചരിത്രപരമായ ഒരു പ്രക്രിയ കൂടിയാണ്. അതിന്റെ പഠനം വ്യക്തികളുടെയും സംഭവങ്ങളുടെയും പഠനമാക്കി ചുരുക്കാൻ സധിക്കുന്നതല്ല. ഉപജീവനത്തിന്റെയും അതിജീവനത്തിന്റെയും തന്ത്രമായി സാംസ്കാരിക നിർമ്മിതികൾ മാറുമ്പോൾ അവ ചരിത്രവുമായി ബന്ധിപ്പിക്കപ്പെടുന്നു. ഓരോ കാലഘട്ടത്തിലുമുള്ള സാമൂഹ്യജീവിതത്തിന്റെ പ്രതിഫലനവും, അതത് കാലത്തെ രാഷ്ട്രീയ പരിതോവസ്ഥകളും, ആചാരാനുഷ്ഠാനുങ്ങളും, ജീവിത രീതികളും, സാമ്പത്തിക സ്ഥിതി ഗതികളുമെല്ലാം സാംസ്കാരിക ചരിത്രത്തിന്റെ ഭാഗമാവുന്നു. നമ്മുടെ പ്രശസ്തരായ ചരിത്ര പണ്ഡിതന്മാരിൽ പലരും സാമൂഹ്യശാസ്ത്രജ്ഞർ കൂടിയായിരുന്നു. ജോൺ മിൽട്ടൺ, തോമസ് ഹോബ്സ്, ഫർഗൂസൺ, ആഡംസ്മിത്ത് തുടങ്ങിയ മഹാന്മാരെല്ലാം ഇതിനുദാഹരണമാണ്. സർദാർ കെ.എം. പണിക്കർ, കെ.വി. കൃഷ്ണയ്യർ, ഇളംകുളം കുഞ്ഞൻപിള്ള, ഏ. ശ്രീധരമേനോൻ , ഡോ. എം.ജി. എസ്. നാരായണൻ, ഡോ. എം.ആർ. രാഘവവാര്യർ തുടങ്ങിയവരൊക്കെ നമ്മുടെ സാംസ്കാരിക ചരിത്രനിർമ്മിതിക്ക് ഗണ്യമായ സംഭാവനകളർപ്പിച്ചവരാണ്.

അധിനിവേശഫലമായി കേരളത്തിന്റെ സകല മണ്ഡലങ്ങളിലും മാറ്റം ദൃശ്യമായിരുന്നു. ഇവയെല്ലാം ചരിത്രത്തിന്റെ ഭാഗമായി മാറിയതോടൊപ്പം തന്നെ കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ അതിന്റേതായ സ്വാധീനം പ്രകടമാക്കുക കൂടി ചെയ്തു. മതം, രാഷ്ട്രീയം, സമ്പദ്വ്യവസ്ഥ, ഭാഷ, കല, സാഹിത്യം ഇത്യാദി വിഷയങ്ങളിലെല്ലാം ഇത്തരമൊരു സാംസ്കാരിക പരിണാമം ദൃശ്യമാണ്. പലപ്പോഴും നമ്മുടെ സാഹിത്യ സൃഷ്ടികൾ മിക്കതും അതത് കാലത്തിന്റെ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീ

യവുമായ മാനങ്ങൾ ഉൾക്കൊള്ളുന്നവയായിരിക്കും. നിലവിലെ ചരിത്രത്തെ പുനർനിർമ്മിക്കാനുള്ള സാംസ്കാരിക നിർമ്മിതികൾ കൂടിയായവ മാറിയേക്കാം. സംസ്കാരം എന്ന സങ്കല്പത്തിനു വന്ന ചരിത്രപരമായ മാറ്റം സാമൂഹ്യസംഘാടനത്തിൽ വ്യക്തികൾക്കു വന്ന പങ്കുമായി ബന്ധപ്പെട്ടതാണ്. തനിക്ക് സാമൂഹ്യരാഷ്ട്രീയ ഘടനയുടെ നിർമ്മിതിയിൽ പങ്കുള്ളതായി പഴയ സമൂഹത്തിലെ വ്യക്തികൾ കരുതിയിരുന്നില്ല. എന്നാൽ ഇന്ന് തനിക്കും കൂടി പങ്കാളിത്തമുള്ളതാണ് സാമൂഹ്യരാഷ്ട്രീയ ഘടന എന്ന തിരിച്ചറിവ് ഓരോ വ്യക്തിക്കുമുണ്ട്.

## കേരള ചരിത്രനിർമ്മിതിക്ക് സഹായകമായ ഉപാദാന സാമഗ്രികൾ

കേരളത്തിന്റെ പ്രാചീന ചരിത്രത്തെക്കുറിച്ച് എഴുതപ്പെട്ട ആധികാരിക പ്രമാണങ്ങളൊന്നും തന്നെ കണ്ടുകിട്ടിയിട്ടില്ല. ലിഖിത ചരിത്രങ്ങളുടെ അഭാവത്തിൽ ആദ്യകാല ചരിത്രനിർമ്മിതിക്കായി ഐതിഹ്യങ്ങളെയുംകെട്ടുകഥകളെയുമൊക്കെയാണ് നാം ആധാരമാക്കാറ്. കേരളോൽപത്തിയുടെ വിവിധ മാതൃകകളും സംസ്കൃതഗ്രന്ഥമായ കേരള മാഹാത്മ്യവുമെല്ലാമാണ് ആദ്യകാല കേരള ചരിത്ര പുനർനിർമ്മിതിക്ക് ആശ്രയിക്കാറ്. പതിനെട്ടാം നൂറ്റാണ്ടിലോ അതിനുശേഷമോ എഴുതപ്പെട്ട ഈ ഗ്രന്ഥങ്ങളെ ആധാരമാക്കിയുള്ള പ്രാചീനകാലചരിത്രനിർമ്മിതിയുടെ പ്രാമാണ്യം തന്നെ ചോദ്യം ചെയ്യപ്പെട്ടേക്കാം. കേരളചരിത്രരചനയ്ക്ക് ആധാരമായ വസ്തുതകളെ പൊതുവെ രണ്ടായി തരംതിരിക്കാറുണ്ട്. (1) ലിഖിതങ്ങൾ (2) സ്മാരകങ്ങൾ എന്നിവയാണവ.

സാഹിത്യകൃതികൾ, ഗ്രന്ഥവരികൾ, സഞ്ചാരക്കുറിപ്പുകൾ, ശാസനങ്ങൾ തുടങ്ങിയവയാണ് പ്രധാന ലിഖിത രൂപങ്ങൾ.

## സാഹിത്യകൃതികൾ

എഴുതപ്പെട്ട ചരിത്രങ്ങളിലേക്ക് വെളിച്ചം വീശുന്നവയാണ് തമിഴിലും സംസ്കൃതത്തിലും ലിഖിത രൂപത്തിൽ കണ്ടെടുക്കപ്പെട്ട കൃതികൾ. പതിനൊന്നാം നൂറ്റാണ്ടിനു ശേഷം മാത്രമേ മലയാള ഭാഷയിലെഴുതപ്പെട്ട കൃതികൾ കണ്ടു കിട്ടിയിട്ടുള്ളൂ. കേരളത്തെ പരാമർശിക്കുന്ന ഏറ്റവും പുരാതനമായ സംസ്കൃത കൃതി 'ഐതരേയ ആരണ്യക'മാണ് അതിൽ കാണുന്ന ചേരശബ്ദം കേരളത്തെ സൂചിപ്പിക്കുന്നു എന്നാണ് വ്യാഖ്യാനം. രാമായണ മഹാഭാരതാദികളിലും കേരളപരാമർശം കാണാം. 'മഹാഭാഷ്യ'മെഴുതിയ പതഞ്ജലിയും, 'വാർത്തിക'മെഴുതിയ കാർത്യായനനും കേരളത്തെ കുറിച്ച് പരാമർശിക്കുന്നുണ്ട്. ബി.സി. നാലാം ശതകത്തിൽ രചിച്ചതെന്നു കരുതുന്ന കൗഡില്യന്റെ അർത്ഥശാസ്ത്ര'ത്തിൽ കേരളത്തിലെ പെരിയാറിനെക്കുറിച്ച് പരാമർശമുണ്ട്. കാളിദാസകാവ്യമായ 'രഘുവംശ'ത്തിലും കേരളപരാമർശം കാണാം.

കുലശേഖരകവിയുടെ 'തപതീസംവരണം', 'വിച്ഛിന്നാഭിഷേകം' എന്നീ സംസ്കൃത നാടകങ്ങളാണ് കേരള ചരിത്ര പ്രാധാന്യമുള്ള പ്രബലകൃതികൾ. ശങ്കരാചാര്യരുടെ 'ശിവാനന്ദലഹരി'യിലും ശങ്കരനാരായണന്റെ 'ശങ്കരനാരായണീയ'ത്തിലും കുലശേഖരന്മാരെ കുറിച്ചുള്ള സൂചനയുണ്ട്. കുലശേഖരസദസ്യനായിരുന്ന വാസുദേവഭട്ടതിരിയുടെയമക കാവ്യമായ 'യുധിഷ്ഠിരവിജയം' കേരള പരാമർശമടങ്ങിയ മറ്റൊരു ഗ്രന്ഥമാണ്. പതിനൊന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടതെന്നു കരുതുന്ന അതുലന്റെ 'മൂഷക വംശ'വും ചരിത്ര പ്രാധാന്യമർഹിക്കുന്നു. പതിനാലാം നൂറ്റാണ്ടിൽ സമുദ്രബന്ധൻ അലങ്കാരസർവ്വസ്വത്തിനെഴുതിയ വ്യാഖ്യാനം, ലക്ഷ്മിദാസന്റെ ശുകസന്ദേശം, ഉദ്ദണ്ഡന്റെ കോകിലസന്ദേശം, വാസുദേവന്റെ ഭ്രമരസന്ദേരം എന്നിവയിൽ കേരളത്തിലെ ചില നഗരങ്ങളുടെ വിവരങ്ങൾ അടങ്ങിയിട്ടുണ്ട്. മണി പ്രവാള ലക്ഷണഗ്രന്ഥമായ 'ലീലാതിലക'ത്തിൽ വേണാടു ഭരിച്ചിരുന്ന ഉദയമാർത്താണ്ഡവർമ്മയെക്കുറിച്ചും പരാമർശമുണ്ട്. രാമപാണിവാദന്റെ 'സീതാരാഘവം' നാടകത്തിൽ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ തൃപ്പടിദാനത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ധർമ്മരാജാവിന്റെ 'ബാലരാമഭരതം' എന്ന നാട്യശാസ്ത്രഗ്രന്ഥത്തിൽ തിരുവനന്തപുരത്തിന്റെ മനോഹരമായ വർണനയുണ്ട്.

പഴയ തമിഴ് കൃതികളിൽ നിന്നും പ്രാചീന കേരളത്തെ സംബന്ധിക്കുന്ന ധാരാളം സൂചനകൾ ലഭിക്കുന്നുണ്ട്. ബി.സി. നാലം നൂറ്റാണ്ടിൽ എഴുതപ്പെട്ടതെന്നു കരുതുന്ന തമിഴ് വ്യാകരണ ഗ്രന്ഥമായ 'തൊല്ക്കാപ്പിയ'ത്തിൽ കേരള പരാമർശമുണ്ട്. ക്രിസ്തുവർഷം ആദ്യ ശതകങ്ങളിൽ തമിഴകത്ത് നിലനിന്നിരുന്ന സമ്പന്ന സാഹിത്യ വിഭാഗമായ സംഘകാല സാഹിത്യം കേരള ചരിത്രനിർമ്മിതിക്ക് വിലപ്പെട്ട വസ്തുതതകളാണ് പ്രദാനം ചെയ്യുന്നത്. അകനാനൂറ്, പുറനാനൂറ്, ചിലപ്പതികാരം, പതിറ്റുപത്ത് തുടങ്ങിയ കൃതികളിലെല്ലാം കേരളീയ പാരമ്പര്യത്തിന്റെ അടിവേരുകൾ നമുക്ക് ദർശിക്കാനാവും. ചേരരാജാക്കന്മാരായ പത്തു പ്രമുഖരെ ഓരോ പാട്ടിലായി പരിചയപ്പെടുത്തുന്ന പതിറ്റുപത്ത് ഇതിൽ സവിശേഷ ശ്രദ്ധയർഹിക്കുന്നു. കേരളീയനായ ഇളങ്കോവടികളുടെ ചിലപ്പതികാരത്തിലെ വഞ്ചികാണ്ഡത്തിൽ കഥ നടക്കുന്നത് കേരളത്തിലാണ്. കുറുംതൊകൈ നറ്റിണൈ എന്നീ സംഘകാല പ്രേമകവിതാ സമാഹാരങ്ങളിലും പൂർവ്വകാല കേരള ജനതയുടെ ജീവിതവും സംസ്കാരവും കാണാവുന്നതാണ്. രണ്ടാം ചേരസാമ്രാജ്യ സ്ഥാപകനായ കുലശേഖര ആഴ്വാരുടെ പെരുമാൾ തിരുമൊഴിയും കേരളത്തെ സംബന്ധിക്കുന്ന ചില ചരിത്രവസ്തുതകൾ ഉൾക്കൊള്ളുന്നു.

പ്രാചീന മലയാള കൃതികളിലും പൂർവ്വകാലകേരള ചരിത്രത്തിന്റെ അംശങ്ങൾ കാണാൻ സാധിക്കും. ഏ.ഡി. പതിമൂന്നാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടുകൂടി രൂപം കൊണ്ട ഉണ്ണിയച്ചീ ചരിതത്തിലും ഉണ്ണിച്ചിരുതേവി ചരിതത്തിലും, ഉണ്ണിയാടിചരിതത്തിലും, കേരള ചരിത്രത്തിലെ മൂല്യച്യുതി ബാധിച്ച ദേവദാസി സമ്പ്രദായത്തിന്റെ ചിത്രവും, പന്നിയൂർ–ചോകിര ഗ്രാമതർക്കവും, തിരുനെല്ലി, കൊടുങ്ങല്ലൂർ തുടങ്ങിയ നഗരങ്ങളെക്കുറിച്ചുള്ള വിവരങ്ങളും കാണാവുന്നതാണ്. പ്രാക്തന കേരളത്തിന്റെ വ്യക്തമായ ചിത്രം നൽകുന്ന

കൃതിയാണ് ഉണ്ണുനീലി സന്ദേശം തിരുവനന്തപുരം മുതൽ കടുത്തുരുത്തി വരെയുള്ള പ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ വിവരണം ഈകൃതിയിൽ നിന്നും ലഭിക്കുന്നുണ്ട്. തിരുവനന്തപുരം നഗരത്തിന്റെ വിശദചിത്രം നൽകുന്ന കൃതിയാണ് പതിനാലാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ രൂപപ്പെട്ട അനന്തപുരവർണ്ണനം ഒന്നാം ചേരസാമ്രാജ്യമായ വഞ്ചി മുതൂരിനെകുറിച്ചുള്ള പരാമർശ മടങ്ങിയ സന്ദേശ കാവ്യമാണ് കോകസന്ദേശം. തൃശൂർജില്ലയിലെ ചിറ്റിലപ്പള്ളിയെ ആധാരമാക്കി കഥാരംഗം നിർവ്വഹിച്ചിരിക്കുന്ന കൃതിയാണ് ചന്ദ്രോത്സവം. അപചയം സംഭവിച്ചു കൊണ്ടിരിക്കുന്ന കേരളീയ ജീവിതത്തിന്റെ ചിത്രം നമുക്കീ മണിപ്രവാള കൃതിയിൽ ദർശിക്കാവുന്നതാണ്. പതിനാറാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട രാജ രത്നാവലിയം ചമ്പുവും പ്രധാന്യമർഹിക്കുന്ന ഒരു രേഖയാണ്. കണ്ടിയൂർമറ്റം പടപ്പാട്ട്, മണിഗ്രാമം, ഓണത്തല്ല്, ചിറവാസ്വരൂപം എന്നിവയ്ക്കു പുറമെ വേണാട് രാജാവിനെയും ഈ കൃതിയിൽ പരാമർശിക്കുന്നുണ്ട്. കാടഞ്ചേരി നമ്പൂതിരി രചിച്ച മാമാങ്കം കിളിപ്പാട്ട് കോഴിക്കോടിന്റെ ചരിത്രപ്രാധാന്യത്തെ അടയാളപ്പെടുത്തുന്ന കൃതിയാണ്. പയ്യന്നൂർ പാട്ട്, കണ്ടർമേനോൻപാട്ട്, രാമച്ചപ്പണിക്കർപ്പാട്ട് തുടങ്ങിയവയും പ്രാധാന്യമർഹിക്കുന്നു. 16–ാം നൂറ്റാണ്ടിൽ സൈനുദ്ദീൻ അറബി ഭാഷയിലെഴുതിയ 'തുഹ്ഫത്തുൽ മുജാഹിദ്ദീൻ' അന്നത്തെ കാലത്തെ മുസ്ലിം സമുദായ ചരിത്രത്തോടൊപ്പം കേരള ചരിത്രപ്രാധാന്യം കൂടി വെളിപ്പെടുത്തുന്ന കൃതിയാണ്.

## ഗ്രന്ഥവരികൾ

പഴയ ആരാധനാലയങ്ങളിലും രാജകൊട്ടാരങ്ങളിലെ ഗ്രന്ഥപ്പുരകളിലും സൂക്ഷിച്ചിരിക്കുന്ന ഓലക്കരണങ്ങളാണ് ഗ്രന്ഥവരികൾ. രാജഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങളും അതതു രാജവംശങ്ങളുമായി ബന്ധപ്പെട്ട രാഷ്ട്രീയസംഭവങ്ങളുമെല്ലാമാണ് ഇത്തരം ഗ്രന്ഥവരികളിലെ പ്രമേയം. തിരുവനന്തപുരത്തെ മതിലകം ഗ്രന്ഥവരിയും കോഴിക്കോട്ടെ സാമൂതിരിക്കോവിലകത്തെ ഗ്രന്ഥവരിയും ചരിത്രപ്രധാനമായ ഒട്ടേറെ വസ്തുതകൾ പ്രദാനം ചെയ്യുന്നുണ്ട്.

## വിദേശ സഞ്ചാരികളുടെ കുറിപ്പുകൾ

വിദേശ സംസ്കാരങ്ങൾക്ക് പടർന്നു പന്തലിക്കാൻ വളക്കൂറൊരുക്കിയ മണ്ണാണ് കേരളത്തിന്റേത്. അതുകൊണ്ടുതന്നെ അതി പ്രാചീനകാലം മുതൽക്കു തന്നെ വിദേശികൾ കേരളത്തിലേക്കു വന്നതായി തെളിവുണ്ട്. എന്നാൽ ക്രിസ്തുവർഷാരംഭത്തോടുകൂടിയാണ് അവരുടെ സഞ്ചാരക്കുറിപ്പുകൾ കണ്ടുകിട്ടുന്നത്. ഗ്രീക്കുകാരായ പ്ലിനിയുടെയും ടോളമിയുടെയും മെഗസ്തനീസിന്റെയുമെല്ലാം ഭൂമിശാസ്ത്രവിവരണങ്ങളിൽ കേരളത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. എ.ഡി. ഒന്നാം നൂറ്റാണ്ടിൽ കേരളതീരത്തു വന്ന പ്ലിനി മുസിരിസ്, ബറേക്ക എന്നീ തുറമുഖങ്ങളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. രണ്ടാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച ടോളമിയുടെ ഭൂമിശാസ്ത്രഗ്രന്ഥത്തിൽ ചേരതലസ്ഥാനം കരൗര(കരൂർ) ആണെന്നു പറയുന്നുണ്ട്. മുസിരിസ്, കൊട്ടിയറ, കൊമറിയ, തിണ്ടിസ്, മാന്റഗോറ എന്നീ തുറമുഖങ്ങളെയും

അദ്ദേഹം പരിചയപ്പെടുത്തുന്നുണ്ട്. അജ്ഞാത കർത്താവിനാൽ രചിക്കപ്പെട്ട പെരിപ്ലസ് ഓഫ് ദി എരിത്രിയൻ സീ എന്ന ഗ്രന്ഥത്തിലും കേരള പരാമർശമുണ്ട്. ടോളമിക്കുശേഷം പ്രാമാണികമായ വസ്തുതകളടങ്ങുന്ന ഗ്രന്ഥം ബൈസാന്റിയൻ പുരോഹിതനായ കോസ്മസ് ഇൻഡിക്കോ പ്രീസ്തുസിന്റെ ഭാരതീയ ക്രിസ്തുമത വിവരണങ്ങളാണ്. കൊല്ലം നഗരത്തെക്കുറിച്ച് ഏറ്റവും പ്രാചീനമായ വസ്തുത ഇതിൽ കാണാം.

ഏ.ഡി. ഏഴാം നൂറ്റാണ്ടോടുകൂടി ഭാരതം സന്ദർശിച്ച ചൈനീസ് സഞ്ചാരി ഹ്യൂൻസാങ് കേരളത്തിലും വന്നിരുന്നതായി ചിലർ അഭിപ്രായപ്പെടുന്നുണ്ട്. 13-ാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച ചൌ ജുക്വാ എന്ന സഞ്ചാരിയും, അദ്ദേഹത്തെ തുടർന്നു വന്ന വാങ് തായ്‌വാനുമെല്ലാം തങ്ങളുടെ സഞ്ചാര ചരിത്രത്തിൽ കേരളത്തെയും അടയാളപ്പെടുത്തിയിട്ടുണ്ട്. ചീനക്കച്ചവടക്കാരനായ വാങ്തായുവാന്റെ താവോ- ഇ-ചിലീ എന്ന ഗ്രന്ഥത്തിൽ കോഴിക്കോട്, ഏഴിമല, കായംകുളം എന്നീ സ്ഥലങ്ങളെക്കുറിച്ചുള്ള വിവരങ്ങളുണ്ട്. 15-ാം ശതകത്തിൽ കൊച്ചിയെയും കോഴിക്കോടിനെയും തന്റെ കുറിപ്പുകളിൽ രേഖപ്പെടുത്തിയ ചീനക്കാരനായ മുസ്ലിം സഞ്ചാരിയാണ് മാഹ്വാൻ.

കേരളം സന്ദർശിച്ച അറബി സഞ്ചാരികളിൽ പ്രാധാന്യമർഹിക്കുന്നത് ഒൻപതാം നൂറ്റാണ്ടിലിവിടെയെത്തിയ സുലൈമാൻ എന്ന കച്ചവടക്കാരനാണ്. കൊല്ലം തുറമുഖത്തിന്റെ പ്രാധാന്യം അദ്ദേഹം തന്റെ കുറിപ്പുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പത്താം നൂറ്റാണ്ടിലെ സഞ്ചാരിയായ മസൂദി, അൽബറൂണി തുടങ്ങിയവരും കേരള ചരിത്രത്തെ അടയാളപ്പെടുത്തിയവരാണ്. പതിനാലാം നൂറ്റാണ്ടിൽ കേരള സന്ദർശനം നടത്തിയ ഇബ്നു ബത്തൂത്ത ആറു തവണ കോഴിക്കോട് സന്ദർശിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ വാണിജ്യപാരമ്പര്യത്തെയും അദ്ദേഹം വിശദമായി കുറിപ്പിൽ പരാമർശിക്കുന്നുണ്ട്. വെനീസുകാരനായ മാർക്കോപോളയുടെ സഞ്ചാരക്കുറിപ്പുകളിലും കേരളത്തിലെ സമുദ്രതീരനഗരങ്ങൾ പരാമർശിക്കപ്പെടുന്നുണ്ട്.

പോർച്ചുഗീസുകാരുടെ യാത്രാക്കുറിപ്പുകൾ സുലഭമാണ്. ലുഡോവിക്കോഡി വർത്തേമയുടെയും ഡ്വാർത്തേ ബർബോസയുടെ വിവരണങ്ങൾക്ക് കൂടുതല് ആധികാരികതയുണ്ട്. 1502 മുതൽ 1508 വരെ കേരളത്തിലുടനീളം സഞ്ചരിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയ ഇറ്റാലിയൻ ലേഖകനാണ് വർത്തേമ. 1500 മുതൽ 1516 വരെ മലബാറിൽ പോർച്ചുഗീസ് ഉദ്യോഗസ്ഥനായിരുന്ന ബർബോസയുടെ ലേഖനങ്ങൾ അക്കാലത്തെ കേരളീയ ജനജീവിതത്തിന്റെ നേർചിത്രങ്ങളാണ്. ഗോൺ സാൽവസ് എന്ന പോർട്ടുഗീസുകാരൻ മലബാറിന്റെ ഒരു സംക്ഷിപ്തചരിത്രം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അൽബുക്കർക്കിന്റെ കുറിപ്പുകളിലും കേരളജീവിതം ദൃശ്യമാണ്.

ഡച്ച് കാലഘട്ടത്തിൽ കേരളത്തിൽ ഉദ്യോഗം ഭരിച്ചിരുന്ന പലരുടെയും കുറിപ്പുകൾ കേരള ചരിത്ര പുനർനിർമ്മിതിക്ക് സഹായകമാണ്. ബാൽഡ്യൂഡ്, മൂൺസ്, ലിൻഷോട്ടൻ, ന്യൂഹോഫ്, വാന്റീഡ്, കാന്റർവിഷൻ എന്നിവർ പ്രധാനികളാണ്. ഡച്ചു ഗവർണറായിരുന്ന വാന്റീഡിന്റെ താൽപര്യാർത്ഥമാണ് 'ഹോർത്തൂസ് മലബാറിക്കസ്' എന്ന ഔഷധ സസ്യ

വിവരണ ഗ്രന്ഥം വിരചിതമായത്. കൊച്ചിയിലെ ഡച്ചു പുരോഹിതനായിരുന്ന കാന്റർ വിഷറുടെ ഡയറിക്കുറിപ്പുകളും സഹായകരമാവുന്ന തെളിവുകളാണ്. 18-ാം നൂറ്റാണ്ടിൽ ഡച്ച് കമാൻഡർ ആയിരുന്ന മൂൺസിന്റെ ഡയറിക്കുറിപ്പുകളിലും കേരള ചരിത്രം ദർശിക്കാം.

ബ്രിട്ടീഷ് സാമ്രാജ്യം കേരളത്തിന്റെ അധികാരമേഖലകൾ കയ്യടക്കിയതോടുകൂടി ചരിത്രരേഖകൾ അൽപ്പം കൂടി കൃത്യതയുള്ളവയായി. 1725 മുതൽ 1751 വരെ ബ്രിട്ടീഷുകാരും സാമൂതിരി രാജാവും തമ്മിൽ നടന്ന ക്രയവിക്രയങ്ങളുടെ രേഖയാണ് തലശ്ശേരി കൂടിയാലോചനകൾ 1793 ലെ 'ജോയിന്റ് കമ്മീഷണർമാരുടെ റിപ്പോർട്ടും' പ്രാധാന്യമർഹിക്കുന്നു. 1800 നും 1801 നും ഇടയിൽ മലബാർ പര്യടനം നടത്തിയ ഫ്രാൻസിസ് ബുക്കാനൻ മലബാറിന്റെ നിലവിലെ രാഷ്ട്രീയ സാമൂഹിക വ്യവസ്ഥിതി രേഖപ്പെടുത്തിയിട്ടുണ്ട് .അറയ്ക്കൽ ബീവിയുടെ അതിഥിയായി താമസിച്ച ബുക്കാനൻ അടിമക്കച്ചവടത്തെയും ജാതിസമ്പ്രദായത്തെയും, മൈസൂർ ആക്രമണത്തെപ്പറ്റിയുമെല്ലാം വിവരങ്ങൾ നൽകുന്നുണ്ട്. ഫ്രാൻസിസ് ഡേയുടെ 'പെരുമാക്കന്മാരുടെ രാജ്യവും', സാമുവൽ മെറ്റിയറുടെ 'തിരുവിതാംകൂറിലെ തദ്ദേശജീവിതവു'മെല്ലാം സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. മലബാറിന്റെ സാംസ്കാരികവും രാഷ്ട്രീയവും സാമൂഹികവുമായ ജീവിതത്തിന്റെ വ്യക്തമായ ചിത്രം നമുക്ക് ലഭിക്കുന്നത് മലബാർ കളക്ടറായിരുന്ന വില്യം ലോഗന്റെ മലബാർ മാന്വലിൽ നിന്നുമാണ് ബ്രിട്ടീഷ് ലിഖിതങ്ങളിൽ ഏറ്റവും പ്രധാന്യമർഹിക്കുന്നതും ഇതുതന്നെയാണ്.

## ശാസനങ്ങൾ

കേരള ചരിത്രപുനർനിർമ്മിതിക്ക് വിശ്വാസയോഗ്യമായ തെളിവുകൾ പ്രദാനം ചെയ്യുന്ന ലിഖിത രൂപങ്ങളുടെ ആദ്യമാതൃകകളാണ് ശാസനങ്ങൾ. രാജാക്കന്മാരും നാടുവാഴികളും ഭരണ സംബന്ധമായും ക്ഷേത്രസ്വത്തുക്കൾ, കൃഷി എന്നിവ സംബന്ധിച്ചും ജനങ്ങൾ അറിഞ്ഞിരിക്കേണ്ടതും പാലിക്കേണ്ടതുമായ കാര്യങ്ങളെക്കുറിച്ചും നിയമാവലികളെക്കുറിച്ചും എഴുതി വെച്ചവയാണ് ശിലാശാനങ്ങളും ചെപ്പേടുകുളും. ക്ഷേത്ര ഭരണത്തിനു ചെയതിരുന്ന ഏർപ്പാടുകൾ നികുതി സമ്പ്രദായം, ജന്മി,കുടിയാൻ ബന്ധം തുടങ്ങിയവയെല്ലാം ഇതിൽ നിന്നും വെളിവാകുന്നു. എ.ഡി 8-ാം നൂറ്റാണ്ടുവരെ നൂറ്റി അറുപതോളം ശിലാശാസനങ്ങൾ കണ്ടു കിട്ടിയിട്ടുണ്ട്. ഇവയിലെ ഭാഷ തമിഴും, ലിപി വട്ടെഴുത്തുമാണ്. ചരിത്രരചനയ്ക്ക് സഹായകമാവുന്നതോടൊപ്പം തന്നെ മലയാള ഭാഷാ വികാസം കൂടി നമുക്കിവയിൽ നിന്നും വ്യക്തമാവും.

കലി വർഷം, കൊല്ലവർഷം, പുതുവെയ്പു വർഷം എന്നീ പ്രാദേശിക കാലഗണനാരീതിയാണ് ശാസനങ്ങളിൽ പ്രയോഗിച്ചിട്ടുള്ളത്. രാജശേഖരവർമ്മയുടെ (എ.ഡി. 820 -844) 'വാഴപ്പള്ളി ശാസന'മാണ് ചേരരാജാക്കന്മാരുടേതായി കേരളത്തിൽ നിന്നും കിട്ടിയിട്ടുള്ള ആദ്യശാസനം സ്ഥാണുരവി തന്റെ അഞ്ചാം ഭരണവർഷമായ എ.ഡി. 849 ൽ കൊല്ലത്ത് പള്ളി പണിയുവാൻ മരുവാൻ സപീർ ഈശോവിന് അനുവാദം നൽകുന്ന

'തരിസാപ്പള്ളി ശാസനം' കേരള ഭരണാധികാരികൾ പുലർത്തിയിരുന്ന മത സഹിഷ്ണുതയിലേക്ക് വെളിച്ചം വീശുന്നവയാണ്. ഗോദരവിവർമ്മയുടെ 'ചോക്കൂർ ശാസന'ത്തിലാണ് കേരളത്തിലെ ദേവദാസികളെ ആദ്യമായി പരാമർശിച്ചു കാണുന്നത്. ജോസഫ് റബ്ബാനെന്ന ജൂതപ്രമാണിക്ക് അഞ്ചുവണ്ണ സ്ഥാനവും മറ്റും അനുവദിച്ചു കൊടുക്കുന്ന പ്രാമാണികമായ രേഖയാണ് ഭാസ്കര രവി വർമ്മ ഒന്നാമൻ ആയിരാമാണ്ടിൽ മഹോദയ പുരത്ത് വെച്ച് ജൂതന്മാർക്ക് നൽകിയ ചെപ്പേട് വിക്രമാദിത്യവരഗുണന്റെ 'പാലിയം ശാസന'വും ശ്രദ്ധാർഹമാണ്. വേണാട് ശ്രീ വല്ലഭൻ കോതയുടെ 'മാമ്പള്ളി ശാസന' മാണ് കൊല്ല വർഷം രേഖപ്പെടുത്തിയ ആദ്യശാസനം ക്രൈസ്തവ മുസ്ലീം ദേവാലയങ്ങളിൽ നിന്നും ചരിത്രപ്രാധാന്യമുള്ള നിരവധി ശാസനങ്ങൾ കണ്ടു കിട്ടിയിട്ടുണ്ട്.

സ്മാരകങ്ങൾ പ്രധാനമായും കൊട്ടാരങ്ങൾ, കോട്ടകൾ, ക്ഷേത്രങ്ങൾ, നാണയങ്ങൾ എന്നിവയാണ്.

## കൊട്ടാരങ്ങൾ

കൊട്ടാരങ്ങളിൽ വളരെയധികം പ്രാധാന്യമർഹിക്കുന്നത് കന്യാകുമാരി ജില്ലയിലെ പത്മനാഭപുരം കൊട്ടാരമാണ്. കേരളീയമായ വാസ്തുവിദ്യാസവിശേഷതകൾ കൊണ്ട് അലം കൃതമാണ് ഈ കൊട്ടാരം. കേരളീയ രീതിയിലുള്ള ചുമർ ചിത്രങ്ങളും ഇവിടെ കാണാവുന്നതാണ്. ഏ.ഡി. 1555 ൽ പോർച്ചുഗീസുകാർ പണികഴിപ്പിച്ച് അന്നത്തെ കൊച്ചി രാജാവായ വീര കേരള വർമ്മയ്ക്ക് സമ്മാനിച്ചതാണ് മട്ടാഞ്ചേരിയിലെ ഡച്ചുകൊട്ടാരം. കേരളീയ ശില്പ മാതൃകയിൽ നിർമ്മിച്ച ഈ കൊട്ടാരത്തിൽ രാമായണകഥ ആലേഖനം ചെയ്ത 45 ചുമർ ചിത്രങ്ങളുണ്ട്. കേരളീയ വാസ്തു ശില്പ മാതൃകയിൽ മാർത്താണ്ഡ വർമ്മ( 1729–56) പണികഴിപ്പിച്ച കൊട്ടാരമാണ് കായംകുളത്തിനടുത്തുള്ള കൃഷ്ണപുരം കൊട്ടാരം ഗജേന്ദ്രമോക്ഷം കഥയെ അടിസ്ഥാനമാക്കി നിർമ്മിച്ച 154 ചതുരശ്രയടിയുള്ള ഏറ്റവും വലിയ ചുമർ ചിത്രം ഈ കൊട്ടാരത്തിന്റെ അപൂർവ്വതയാണ്.

## കോട്ടകൾ

കേരള ചരിത്ര രചനയ്ക്ക് സഹായകമാകുന്ന വസ്തുതകൾ പ്രദാനം ചെയ്യുന്നവയാണ് കോട്ടകൾ. അഞ്ചുതെങ്ങ്, പള്ളിപ്പുറം, കോട്ടപ്പുറം, പാലക്കാട്, തലശ്ശേരി, കണ്ണൂർ, ബേക്കൽ, കൽനാട്, ഹോസ്ദുർഗ്ഗ്, കുമ്പള എന്നിവിടങ്ങളിലായാണ് ചരിത്രപ്രാധാന്യമുള്ള കോട്ടകൾ സ്ഥിതി ചെയ്യുന്ത്. 1695 ൽ ഇംഗ്ലീഷുകാരാണ് ചതുരാകൃതിയിലുള്ള അഞ്ചുതെങ്ങുകോട്ട സ്ഥാപിച്ചത്. 1503 ൽ പോർട്ടുഗീസുകാർ നിർമ്മിച്ചതാണ് ആയക്കോട്ടയെന്നു കൂടി പേരുള്ള പള്ളിപ്പുറം കോട്ട. കോട്ടപ്പുറം കോട്ടയും പോർട്ടുഗീസ് നിർമ്മിതിയാണ്. 1766 ൽ ഹൈദരാലി നിർമ്മിച്ചതാണ് ചതുരാകൃതിയിലുള്ള പാലക്കാട്ടു കോട്ട.

ഇംഗ്ലീഷുകാർ നിർമ്മിച്ച തലശ്ശേരി കോട്ടയും, പോർട്ടുഗീസുകാർ നിർമ്മിച്ച കണ്ണൂരിലെ സെന്റ് ആഞ്ചലോ കോട്ടയും ചരിത്ര പ്രാധാന്യമർഹിക്കുന്നു. കേരളത്തിലെ ഏറ്റവും വലിയ കോട്ടയെന്നവകാശപ്പെടാവുന്നത് 17-ാം നൂറ്റാണ്ടിൽ ബെദ്നോറിലെ ശിവപ്പനായ്ക്കർ നിർമ്മിച്ചതെന്നു വിശ്വസിക്കപ്പെടുന്ന ബേക്കൽ കോട്ടയാണ്. ഹോസ്ദുർഗയിലെയും കുമ്പളയിലെയും കൽനാട്ടിലെയും കോട്ടകൾ ബെദ്നോർ നായിക്കന്മാർ നിർമ്മിച്ചവയാണ്.

പ്രാചീന ചരിത്രനിർമ്മിതിക്ക് പലതരത്തിൽ സഹായകമായ ഈ കോട്ടകളിൽ പലതും ഇന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. ഒരു കാലഘട്ടത്തിലെ കേരളത്തിലെ രാഷ്ട്രീവും സാംസ്കാരികവുമായ ജീവിത രേഖകളുടെ തെളിവുകൾ കൂടിയാണ് ഇന്ന് ക്ഷയിച്ചു കൊണ്ടിരിക്കുന്ന ഈ അപൂർവ്വ സ്മാരകങ്ങൾ.

## ദേവാലയങ്ങൾ

ഹൈന്ദവ ക്രൈസ്തവ- മുസ്ലിം ദേവാലയങ്ങളും കേരള ചരിത്രനിർമ്മിതിക്ക് സഹായകമായ തെളിവുകൾ നൽകുന്നുണ്ട്. പഴയ കേരളീയവാസ്തുവിദ്യാവൈദഗ്ധ്യത്തിലേക്ക് വെളിച്ചം വീശുന്ന തരത്തിലാണ് ഇവയുടെ നിർമ്മിതി. ചില ഗ്രന്ഥകാരന്മാർ ആദ്യകാല ക്ഷേത്രങ്ങളെ ബുദ്ധജൈന മതങ്ങളുമായി ബന്ധപ്പെടുത്തുന്നുമുണ്ട്. ജൈന-ബുദ്ധ ക്ഷേത്രങ്ങൾ ഹിന്ദുക്ഷേത്രങ്ങളായി മാറിയപ്പോൾ അവിടുത്തെ മൂർത്തികൾ ഹിന്ദുദേവീദേവന്മാരായതാവാം. ചില ശില്പങ്ങളിൽ പല്ലവ വാസ്തു ശൈലി കാണാം. തൃക്കാക്കുടിയിലെ ജടാധാരിയായ ഋഷിയുടെ ശില്പം പല്ലവ ശൈലിക്കുദാഹരണമാണ്. തൃക്കാക്കുടിക്ഷേത്രത്തിലെ ഈ ശിലാശില്പങ്ങൾ അതിപ്രാചീന ചേര ശില്പങ്ങളായാണ് പരിഗണിക്കപ്പെടുന്നത്. ഏ.ഡി. ഒൻപതാം ശതകത്തോടുകൂടിയാണ് കല്ലും മരവും കൊണ്ടുള്ള ക്ഷേത്രങ്ങളുടെ നിർമ്മാണം കേരളത്തിലാരംഭിക്കുന്നത്. അവയുടെ ശില്പശൈലി കേരളത്തിലെ കലകളുടെയും വാസ്തുവിദ്യയുടെയും പ്രതിമാശില്പത്തിന്റെയും പരിണാമത്തെ ക്കുറിച്ച് മനസ്സിലാക്കാൻ സഹായിക്കുന്നു. തൃക്കാക്കര, ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രം, തൃശൂർ വടക്കും നാഥക്ഷേത്രം, തിരുവഞ്ചിക്കുളം, തൃപ്രയാർ, തൃപ്പൂണിത്തറ മുതലായവയാണ് കേരളീയ ശൈലിയിൽ നിർമ്മിക്കപ്പെട്ട പ്രധാന ക്ഷേത്രങ്ങൾ.

പാലയൂർ, പള്ളിപ്പുറം, കോട്ടക്കാവ് തുടങ്ങിയ ഒമ്പതു പഴയ ക്രിസ്ത്യൻ പള്ളികൾ തോമസ് പുണ്യാളൻ സ്ഥാപിച്ചവയാണെന്നാണ് വിശ്വാസം. ഏ.ഡി. 1225 ൽ നിർമ്മിച്ച മുളന്തുരുത്തി ഓർത്തഡോക്സ് സിറിയൻ പള്ളിയിൽ ബൈബിൾ രംഗങ്ങൾ ആലേഖനം ചെയ്ത ചുവർ ചിത്രങ്ങൾ കാണാം. ശക്തൻ തമ്പുരാന്റെ ചരിത്രവുമായി ബന്ധപ്പെടുത്തുന്ന പള്ളിയാണ് കാഞ്ഞൂർ സിറിയൻ കത്തോലിക്കപ്പള്ളി. ഫോർട്ട്കൊച്ചിയിലെ സെന്റ് ഫ്രാൻസിസ് പള്ളയിലാണ് വാസ്കോഡഗാമയെ സംസ്കരിച്ചത്. കൊടുങ്ങല്ലൂർ, മാടായി, ശ്രീകണ്ഠപുരം, കാസർകോഡ്, തുടങ്ങിയിടങ്ങളിലെ മുസ്ലിം പള്ളികളും ചരിത്ര പ്രാധാന്യമുള്ളവയാണ്. തിരുവനന്തപുരം നഗരത്തിലെ പാളയം, കോട്ടയം ജില്ലയിലെ താഴത്തങ്ങാടി, ചങ്ങനാശ്ശേരി, പറവൂർ എന്നീ സ്ഥലങ്ങളിലെല്ലാം ഹിന്ദു-മുസ്ലിം -ക്രിസ്ത്യൻ ദേവാലയങ്ങൾ ഒന്നു ചേർന്നു നിലനിന്നിരുതായി കാണാം. കേരളീയർക്കിടയിൽ നിലനിന്നിരുന്ന മത സഹിഷ്ണുതയുടെ ബാക്കി പത്രങ്ങളാണിവ.

## നാണയങ്ങൾ

ചരിത്ര പുനർനിർമ്മിതിക്ക് സഹായകമാവുന്ന ആധികാരിക തെളിവുകളാണ് നാണയങ്ങൾ. അതിലെ തിയ്യതികളും ചിഹ്നങ്ങളും, സൂചനകളുമെല്ലാം ചരിത്രകാരനെ സംബന്ധിച്ച് വിലപ്പെട്ട രേഖകളാണ്. പരശുരാമസൃഷ്ടിയായ രാശി ആണ് ഏറ്റവും പഴയ നാണയമെന്നാണ് വിശ്വാസം. തിരുവിതാംകൂറിലെ ഏറ്റവും പഴയ നാണയം കലി യുഗരായൻ പണം ആണെന്ന് ശങ്കുണ്ണിമേനോൻ രേഖപ്പെടുത്തുന്നുണ്ട്. പിന്നീട് വന്നവ യാണ് അനന്തരായൻ പണവും, അനന്തവരാഹനും. ചക്രം, വരാഹൻ, അരവരാഹൻ, കാശ് എന്നിവയും തിരുവിതാം കൂറിലെ നാണയങ്ങളായിരുന്നു. കൊച്ചിയിലുണ്ടായിരുന്ന നാണ യങ്ങളാണ് കലിയമേനി പുത്തനും, ഇരട്ടപ്പുത്തനും. പണവും, വീരരായൻ പണവുമാണ് സാമൂതിരി രാജാവിന്റെ കാലത്തുണ്ടായിരുന്നവ. ചെമ്പിൽ തീർത്ത ആനയച്ച്, തുട്ട് തുട ങ്ങിയ നാണയങ്ങൾ ചേരകാലത്തുതന്നെ പ്രചരിച്ചിരുന്നവയാണ്.

കേരളത്തിൽനിന്നും കണ്ടെടുത്തിട്ടുള്ള ഏറ്റവും പഴക്കം ചെന്ന വിദേശനാണയ ങ്ങൾ റോമൻ നാണയങ്ങളാണ്. തൃശൂർ ജില്ലയിലെ എയ്യാൽ പ്രദേശത്തെ ഉദ്ഖനനത്തിൽ ബി.സി. 123-നും എ.ഡി. 117-നും ഇടയ്ക്കുള്ള റോമൻ നാണയങ്ങൾ കിട്ടിയിട്ടുണ്ട്. 8,9 നൂറ്റാണ്ടുകളിൽ അറേബ്യയിൽ ഭരണം നടത്തിയിരുന്ന ഖലീഫമാരുടെ നാണയങ്ങൾ കോത മംഗലത്തു നിന്നും കണ്ടുകിട്ടിയിട്ടുണ്ട്. പഴയ കാലത്ത് കേരളത്തിൽ പ്രചരിച്ചിരുന്ന സിലോൺ നാണയമാണ് ഈഴക്കാശ്. പോർച്ചുഗീസുകാരുടെയും ഡച്ചുകാരുടെയും കാലത്ത് സെക്വിൻ എന്ന വെനീഷ്യൽ നാണയവും ഇവിടെ പ്രചരിപ്പിക്കുന്നു. 'ചാന്നാർകാശ്' എന്നാണിതറിയപ്പെടുന്നത്. ഹൈദരിവാരഹൻ,സുൽത്താൽപണം, സുൽത്താൻകാശ് എന്നിവ ടിപ്പു പ്രചരിച്ച നാണയങ്ങളാണ്. ഇത്തരം വിദേശനാണയ ങ്ങൾക്കെല്ലാം കേരളവുമായി ആദ്യകാലം മുതലേ നടത്തിയിരുന്ന വാണിജ്യബന്ധ ത്തന്റെയും അധിനിവേശത്തിന്റെയുമൊക്കെ കഥകളാണ് കൈമാറാനുണ്ടാവുക.

മഹാശിലാസ്മാരകങ്ങളും ചരിത്രനിർമ്മിതിക്ക് ആശ്രയിക്കാവുന്നവയാണ്. ശവ സംസ്കാരവുമായി ബന്ധപ്പെട്ടു രൂപം കൊണ്ട സ്മാരകങ്ങളിൽ പലതിനും അതത് കാലത്തിന്റെ ചിത്രം നല്കാൻ സാധിക്കുന്നുണ്ട്. കുടക്കല്ലുകൾ, നടുക്കല്ലുകൾ, തൊപ്പി കല്ലുകൾ, മേശക്കല്ലുകൾ, കൽവൃത്തങ്ങൾ, നന്നങ്ങാടികൾ തുടങ്ങിയവയാണ് പ്രധാന പ്പെട്ട മഹാശിലാസ്മാരകങ്ങൾ. (ഇവയെക്കുറിച്ചുള്ള വിശദവിവരങ്ങൾ അടുത്ത അധ്യാ യത്തിൽ നൽകിയിട്ടുണ്ട്).

# മൊഡ്യൂൾ 2

## കേരളോൽപ്പത്തി- പരശുരാമഐതിഹ്യം

മഹാവിഷ്ണുവിന്റെ അവതാരമായ പരശുരാമൻ ജമദഗ്നിമഹർഷിയുടെയും രേണുകയുടെയും പുത്രനായാണ് ഭൂമിയിൽ ജന്മമെടുക്കുന്നത്. കാർത്തവീര്യാർജ്ജുനനെ പോലെയുള്ള ദുഷ്ടരാജാക്കന്മാരുടെ ആക്രമണങ്ങൾ സഹിക്കാനാവാത്ത സാഹചര്യത്തിലെത്തിയപ്പോൾ ഭൂമീദേവി മഹാവിഷ്ണുവിനെ കണ്ട് സങ്കടം ബോധിപ്പിച്ചതിന്റെ ഫലമായാണ് പരശുരാമവതാരം രൂപമെടുക്കുന്നത്. ഒരിക്കൽ കാർത്തവീര്യാർജ്ജുനൻ തന്റെ രാജ്യത്തുള്ള വനങ്ങൾ അഗ്നിദേവന് ആഹാരമായിക്കൊടുത്ത കൂട്ടത്തിൽ ആപവൻ എന്ന മുനിയുടെ ആശ്രമവും കത്തിയെരിഞ്ഞു, അതിനെത്തുടർന്ന് കുപിതനായ മുനി കാർത്തവീര്യാർജ്ജുനന്റെ ആയിരം കൈകളും പരശുരാമനാൽ ഛേദിക്കപ്പെടട്ടെ എന്നു ശപിക്കുകയും തുടർന്ന് കാർത്തവീര്യാർജ്ജുനനും കിങ്കരന്മാരും പരശുരാമനോട് നിരന്തരം ആക്രമണങ്ങൾക്ക് മുതിരുകയും ചെയ്തു. ഭയങ്കരമായ യുദ്ധത്തിൽ കാർത്തവീര്യാർജ്ജുനനും സൈന്യവും കൊലപ്പെടുകയും, അതിന്റെ പ്രതികാരമായി പരശുരാമന്റെ അസാന്നിധ്യത്തിൽ കാർത്തവീര്യന്റെ പുത്രന്മാർ ജമദഗ്നി മഹർഷിയുടെ തല വെട്ടിയെടുക്കുകയും, തുടർന്ന് അദ്ദേഹത്തിന്റെ ചിതയിൽ ഭാര്യയായ രേണുക ചാടി മരിക്കുകയും ചെയ്തു. അന്നു മുതൽ പ്രതികാരാർത്ഥം പരശുരാമൻ ക്ഷത്രിയവധത്തിനായി ലോകം ചുറ്റി നടക്കുകയും, ഇരുപത്തിഒന്ന് പ്രാവശ്യം ക്ഷത്രിയരുടെ രക്തം ചിന്തിയതിന്റെ പ്രായശ്ചിത്തമായി പരശുരാമൻ തന്റെ സമ്പാദ്യമെല്ലാം ബ്രാഹ്മണർക്ക് ദാനം നൽകുകയും ചെയ്തു. ദാനം ചെയ്ത ഭൂമിയിൽ നിന്ന് പരശുരാമൻ ഒഴിഞ്ഞു പോകണമെന്ന കശ്യപന്റെ ആവശ്യപ്രകാരം ഭൂമിവിട്ടുപോയ പരശുരാമൻ തനിക്ക് തപസ്സനുഷ്ഠിക്കാനായി സമുദ്രത്തോട് അൽപ്പം സ്ഥലം യാചിച്ചെന്നും വരുണന്റെ നിർദ്ദേശപ്രകാരം പരശുരാമൻ തന്റെ ആയുധമായ പരശു ശോകാർണ്ണത്തു നിന്നും കന്യാകുമാരിയിലേക്ക് എറിഞ്ഞുവെന്നും പരശു (മഴു) ചെന്നു വീണ ഭാഗം വരെയുള്ള കടൽ പിൻവാങ്ങിയെന്നും ആ ഭൂവിഭാഗമാണ് കേരളമെന്നുമാണ് ഐതിഹ്യം. അതു കൊണ്ടുതന്നെയാണ് കേരളത്തെ 'ഭാർഗ്ഗവക്ഷേത്രമെന്നും 'പരശുരാമക്ഷേത്ര'മെന്നുമെല്ലാം വിളിക്കുന്നതും

സമുദ്രത്തോട് സ്ഥലം യാചിച്ച പരശുരാമനോട് വരുണൻ ഒരു ശൂർപ്പം (മുറം) കടലിനുമീതെ എറിയാൻ നിർദ്ദശിച്ചുവെന്നും, പരശുരാമൻ അപ്രകാരം ചെയ്തതിന്റെ ഫലമായി മുറമെറിഞ്ഞ ഭാഗത്തോളം കര തെളിഞ്ഞുകാണപ്പെട്ടുവെന്നും, അങ്ങനെയുണ്ടായ ഭൂപ്രദേശമാണ് 'ശൂർപ്പാരകം' അഥവാ കേരളം എന്ന മട്ടിൽ ഒരു പാഠഭേദവും ഈ ഐതിഹ്യത്തിനൊപ്പം നിലനിൽക്കുന്നുണ്ട്. എന്തുതന്നെയായാലും മഹാവിഷ്ണുവിന്റെ അവതാരമായ് പരശുരാമൻ അറബിക്കടൽ നൽകിയ പാരിതോഷികമാണ് കേരളം എന്ന വിശ്വാസം ഇപ്പോഴും പ്രബലമാണ്.

പരശുനാമലാണ് കേരളം സൃഷ്ടിക്കപ്പെട്ടതെന്ന ഐതിഹ്യത്തിൻ ചരിത്രപരമായ അടിസ്ഥാനങ്ങളൊന്നും അവകാശപ്പെടാനില്ലെങ്കിലും കാളിദാസന്റെ 'രഘുവംശ' മഹാകാവ്യത്തിലും രാജേന്ദ്രചോളന്റെ 'തിരുവാലങ്ങാട്' ശാസത്തിലുമെല്ലാം ഈ ഐതിഹ്യത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

വസ്തുതാപരമായ തെളിവുകളുടെ അഭാവത്തിലും കേരളത്തിന്റെ ഈ ഉൽഭവ കഥ തലമുറകളിൽ നിന്നു തലമുറകളിലേക്ക് വാമൊഴിയായി പകർന്നു നൽകുകയും ഒടുവിൽ ഗുണ്ടർട്ടിന്റെ 'കേരളോൽപ്പത്തി'യിൽ സ്ഥിരസ്ഥാനം നേടുകയും ചെയ്തു.

## കേരളത്തിന്റെ ഭൂമിശാസ്ത്രം

'നാനാത്വത്തിൽ ഏകത്വ'മെന്ന ഭാരതീയദർശനം അതിന്റെ ഏറ്റവും കൂടിയഅളവിൽ നമുക്ക് കാണാൻ സാധിക്കുന്നത് നമ്മുടെ സംസ്ഥാനമായ കേരളത്തിലാണ് 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന ഖ്യാതി കരസ്ഥമാക്കിയ കേരളം അതിന്റെ വ്യത്യസ്തതയാർന്ന സംസ്കാരത്താലും ഭൂമിശാസ്ത്രപരമായ സവിശേഷതകളാലും രാഷ്ട്രീയവും സാമൂഹികവുമായ പരിതസ്ഥിതികളാലും ഇന്ത്യയുടെ അവിഭാജ്യഘടകമായി മാറിയിരിക്കുന്നു. കിഴക്ക് പശ്ചിമഘട്ടങ്ങൾക്കും പടിഞ്ഞാറ് അറബിക്കടലിനും ഇടയിലായി, ഇന്ത്യയുടെ തെക്കെഅറ്റത്ത് തെക്കുവടക്ക് നീളത്തിൽകിടക്കുന്ന ഭൂപ്രദേശമാണ് കേരളം. 38855 ചതുരശ്ര കിലോമീറ്റർ ആണിതിന്റെ ആകെ വിസ്തീർണ്ണം

വൈവിധ്യമാർന്ന കേരളത്തിന്റെ ഭൂപ്രകൃതിയെ പൊതുവെ മലനാട്, ഇടനാട്, സമതലം (തീരദേശം) എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. പശ്ചിമഘട്ടമലനിരകളോട് ചേർന്നുനിൽക്കുന്ന പ്രദേശമാണ് മലനാട്. കിഴക്കേ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഈ പ്രദേശം സമൃദ്ധമായ പച്ചപ്പിനാൽ അനുഗ്രഹീതമാണ്. പടിഞ്ഞാറുഭാഗത്തായി കടൽതീരത്തോടു ചേർന്നു കിടക്കുന്ന പ്രദേശമാണ് സമതലം. മണൽ നിറഞ്ഞ മണ്ണ് കാണപ്പെടുന്ന ഈ പ്രദേശം തെങ്ങുകളാൽ സമൃദ്ധമാണ്. മലനാടിനും സമതലത്തിനും ഇടയ്ക്കു സ്ഥിതിചെയ്യുന്ന പ്രദേശമാണ് ഇടനാട്. മണ്ണിൽ ചെങ്കല്ലിന്റെ കലർപ്പുള്ള ഈ ഭൂഭാഗം നെല്ല്, മരച്ചീനി, സുഗന്ധദ്രവ്യങ്ങൾ, കശുവണ്ടി തുടങ്ങിയവ വിളകൾക്ക് യോജിച്ച ഇടമാണ്.

ദക്ഷിണേന്ത്യയിൽ സഹ്യപർവ്വതത്തിനും അറബിക്കടലിനുമിടയിൽ കിടക്കുന്ന കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ അവസ്ഥ അതിന്റെ ചരിത്രഗതിയിൽ കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഉത്തരേന്ത്യയിലുണ്ടായിട്ടുള്ള രാഷ്ട്രീയപ്രക്ഷോഭങ്ങളിൽ നിന്ന് സുരക്ഷിതമായി മാറി നിൽക്കാനും, വടക്കേന്ത്യയിലുണ്ടായ വിദേശീയാക്രമണങ്ങളിൽ നിന്ന് ഒരു പരിതി വരെ രക്ഷ നേടാനും കേരളത്തിൻ സാധിച്ചത് അതിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൊണ്ടുകൂടിയാണ്. സംസ്കാരങ്ങളുടെ പരസ്പര സമ്പർക്കവും അയൽനാടുകളിൽ നിന്നുള്ള ആക്രമണങ്ങളും പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞില്ലയെങ്കിലും അവയുടെയെല്ലാം തീവ്രത കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

കേരളത്തിന്റെ തനത് സംസ്കാരത്തെ നിർണ്ണയിക്കുന്നതിൽ വൈവിധ്യപൂർണ്ണമായി ഭൂപ്രകൃതി പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. വിവിധങ്ങളായ പർവ്വതങ്ങളും, മലകളും മലമ്പാതകളും സമുദ്രവും,നദികളും, കായലുകളും, വ്യത്യസ്ഥമായ കാലാവസ്ഥയുമെല്ലാം ചേർന്ന് കേരളത്തെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നെല്ലാം വ്യത്യസ്തത ആർജിക്കാൻ സഹായിക്കുന്നു.

## പർവ്വതനിരകളും, മലകളും

കേരളത്തിന്റെ കിഴക്കുഭാഗത്തു സ്ഥിതിചെയ്യുന്ന സഹ്യപർവ്വതം ഒരു കാവൽക്കോട്ട പോലെ നമ്മളെ സംരക്ഷിച്ചു കൊണ്ടിരിക്കുന്നു. ശത്രുക്കളുടെ ആക്രമണങ്ങളിൽ അനധികൃതമായ കൈയേറ്റങ്ങളിൽ നിന്നുമെല്ലാം മാറി സുരക്ഷയൊരുക്കാൻ സഹ്യപർവ്വതം നമ്മെ സഹായിക്കുന്നു. സമുദ്രനിരപ്പിൽ നിന്ന് 3000 അടിമുതൽ 8000 അടിയിലധികം ഉയർന്നു കിടക്കുന്നതാണ് സഹ്യപർവ്വതനിര.

ഇടുക്കി ജില്ലയിലെ ആനമുടിക്കും കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിൽ പ്രത്യേക ഇടമുണ്ട്.സഹ്യപർവ്വതനിരയുടെ തെക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന അഗസ്ത്യകൂടവും പ്രാധാന്യമർഹിക്കുന്ന കൊടുമുടിയാണ്. ഇതു കൂടാതെ രാഷ്ട്രീയവും സാംസ്കാരികവുമായ പ്രാധാന്യം പുലർത്തുന്ന മലകളുമുണ്ട്. വടക്കേ മലബാറിൽ കണ്ണൂരിൽലിനിന്നും വടക്കുമാറിസ്ഥിതിചെയ്യുന്ന ഏഴിമല ആയ്രാജാക്കന്മാരുടെ തസ്ഥാനമായിരുന്നു. പഴശ്ശിവിപ്ലവത്തിൽ നിർണ്ണായകമായ സ്ഥാനമലങ്കരിച്ചതാണ് തലശ്ശേരിയിലെ പുരളിമല. ഇത്തരത്തിൽ രാഷ്ട്രീയ സാംസ്കാരിക പാരമ്പര്യമുള്ളവയായിരുന്നു അന്നത്തെ കാലത്തെ മലകളും,പർവ്വതങ്ങളുമെല്ലാം കേരളത്തിലെ പ്രധാനതീർത്ഥാടനകേന്ദ്രങ്ങളും മലമുകളിലോ, താഴ്വരകളിലോ സ്ഥിതിചെയ്യുന്നവയാണ്. വയനാട്ടിൽ ബ്രഹ്മഗിരി കൊടുമുടിയുടെ താഴ്വരയിലെ തിരുനെല്ലിക്ഷേത്രം, പീരുമേടുതാലൂക്കിലെ ശബരിമല, ആലുവയിലെ മലയാറ്റൂർപള്ളി തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങൾ പ്രാധാന്യമർഹിക്കുന്നവയാണ്.

## മലമ്പാതകളും ചുരങ്ങളും

കേരളത്തിൻ തൊട്ടടുത്തുള്ള സംസ്ഥാനങ്ങളുമായി ബന്ധംപുലർത്തുന്നതിൽ സഹായകമായത് മലമ്പാതകളും ചുരങ്ങളുമാണ്. സഹ്യപർവ്വതനിരക്കപ്പുറംവും ഇപ്പുറവുമുള്ള ജനസംസ്കാരത്തെ കൂട്ടിയിണക്കുന്നതിൽ ഇവ നിർണായക പങ്കുവഹിച്ചിട്ടുണ്ട്. പാലക്കാട്ടുചുരവും കേരളത്തെ കുടകുമായി കൂട്ടിയിണക്കുന്ന പേരമ്പാടി ചുരവും മൈസൂരുമായി കേരളത്തെ ബന്ധിപ്പിക്കുന്ന താമരശ്ശേരിചുരവും മധുരാജില്ലയുമായി ഇടുക്കിജില്ലയിലെ പർവ്വത നിരകളെ ചേർത്തുനിർത്തുന്ന ബോഡിനായ്ക്കന്നൂർ പാതയും, കമ്പം പാതയും ആര്യങ്കാവുപാതയുമെല്ലാം ഒരു കാലത്ത് കേരളത്തിന് അയൽ സംസ്ഥാന സമ്പർക്കത്തിനായി വഴിതുറന്നവയാണ്.

## സമുദ്രം

കേരളത്തിന്റെ ചരിത്രഗതിയെ തന്നെ നിർണ്ണയിക്കുന്നവയാണ് സമുദ്രതീരങ്ങൾ. അന്യ നാടുകളിലെ വ്യാപാരികളെ കേരളത്തിലേക്കാകർഷിക്കാനും, അതുവഴി വിപുലമായ വാണിജ്യാടിത്തറ പടുത്തുയർത്താനും നമ്മുടെ സംസ്ഥാനത്തിനു കഴിഞ്ഞു. സമുദ്രതീരങ്ങളോടനുബന്ധിച്ച് രൂപപ്പെട്ട തുറമുഖങ്ങൾ വാണിജ്യവന്ധങ്ങളുടെയും സംസ്കാരസങ്കലനത്തിന്റേയും തുറന്ന വേദിയായി മാറി. മുസിരിസ്സ്, തിണ്ടിസ്, ബറാക്കെ, നെൽക്കിണ്ട തുടങ്ങിയ തുറമുഖങ്ങൾ വിദേശികൾക്ക് സുഗമമായ വഴിയൊരുക്കുന്നതോടൊപ്പം ക്രിസ്തുമതം, ഇസ്ലാംമതം, യഹൂദമതം തുടങ്ങിയവയ്ക്ക് വളക്കൂറുള്ള നിലമൊരുക്കുകയും ചെയ്തു.

## ജലസമ്പത്ത്

ജലസമൃദ്ധിയുടെ കാര്യത്തിൽ ഒരുകാലത്ത് സമ്പന്നമായിരുന്നു കേരളം. 44 നദികളാൽ സമ്പുഷ്ടമായ കേരളത്തിൽ നദീതീരങ്ങളുമായി ബന്ധപ്പെട്ട് ധാരാളം സാംസ്കാരിക സംഗമങ്ങളും നടക്കാറുണ്ട് .ഭാരതപ്പുഴ, പെരിയാർ, പമ്പാനദി തുടങ്ങിയവ കേരളത്തിന്റെ പാരമ്പര്യവും പൈതൃകവും വിളിച്ചോതുന്നവയാണ്. തിരുനാവായയിലെ മാമാങ്കനാളുകളിൽ ഭാരതപ്പുഴയുടെ തീരങ്ങൾ വീണ്ടും ചാവേറുകളുടെ വീര്യം പുൽകാറുണ്ട്. ശങ്കരാചാര്യരുടെ ജന്മ സ്ഥലവും പ്രമുഖ സാംസ്കാരിക കേന്ദ്രവുമായ കാലടി പെരിയാറിന്റെ തീരത്താണ്. ശിവരാത്രി മഹോത്സവം കൊണ്ടാടുന്ന ആലുവാമണപ്പുറവും പെരിയാറിന്റെ തീരം തന്നെ.കേരളത്തിന്റെ കലാപാരമ്പര്യം നെഞ്ചേറ്റിയ കേരള കലാമണ്ഡലവും ഭാരതപ്പുഴയുടെ തീരത്തു തന്നെ.

കേരളത്തിന്റെ ദക്ഷിണോത്തര ഭാഗങ്ങൾക്കിടയിലുള്ള ഗതാഗതത്തിൻ സൗകര്യമൊരുക്കുന്ന കായലുകളും തോടുകളും ഭൂപ്രകൃതിയെ മികച്ചതാക്കുന്നു. കുമ്പള, കൽനാട്, ബേക്കൽ, കവ്വായി തുടങ്ങിയവയാണ് ഉത്തരകേരളത്തിലെ കായലുകൾ, വേമ്പനാട്ടുകായൽ, കായംകുളംകായൽ, അഷ്ടമുടിക്കായൽ എന്നിവയാണ് ദക്ഷിണകേരളത്തിലെ പ്രധാന കായലുകൾ. കേരളത്തിലെ ഒരേയൊരു ശുദ്ധജലതടാകമായ ശാസ്താംകോട്ട കായൽ സ്ഥിതിചെയ്യുന്നത് കൊല്ലം ജില്ലയിലാണ്. അഴീക്കൽ, കൊടുങ്ങല്ലൂർ, കോച്ചി, നീണ്ടകര മുതലായ അഴിമുഖങ്ങൾ വഴി കായലുകൾ ചിലയിടങ്ങളിൽ സമുദ്രവുമായി സംഗമിക്കുന്നു.

കേരളത്തിലെ ജലസമൃദ്ധിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ജലവൈദ്യുത നിലയങ്ങളും,ജലസേചനപദ്ധതികളും കൈരളിയുടെ വികസനത്തിന് മുതൽക്കൂട്ടാണ്. ഒരുകാലത്ത് സമൃദ്ധിയുടെ നിറവിൽ കഴിഞ്ഞിരുന്ന നമ്മുടെ ജലസമ്പത്ത് ഇന്ന് മനുഷ്യരുടെ ദുഷ്പ്രവർത്തികൾ മൂലം വരൾച്ചയിലേക്ക് നീങ്ങുന്ന കാഴ്ച്ചയാണ്. കാണാൻ സാധിക്കുന്നത്.

## കാലാവസ്ഥ

ഒരു നാടിന്റെ രാഷ്ട്രീയവും സാംസ്കാരികവുമായ പരിതസ്ഥിതികളെ നിർണ്ണയിക്കുന്നതിൽ കാലാവസ്ഥയ്ക്കും ഗണ്യമായ പങ്ക് വഹിക്കാൻ സാധിക്കും. കാർഷിക സമ്പദ്വ്യവസ്ഥയിലുള്ള കേരളത്തെപ്പോലൊരു നാട്ടിൽ ഇവിടുത്തെ കാലവർഷവും, തുലാവർഷവും ഒരു അനുഗ്രഹം തന്നെയാണ്. കോരളത്തിലെ സൈനികനീക്കങ്ങളും കാലാവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് ചരിത്രം സാക്ഷ്യപ്പെടുത്തുന്നത്. മഴക്കാലത്ത് സൈനിക നീക്കങ്ങൾ നിർത്തിവെയ്ക്കുകയും രാജാവ് പ്രജാക്ഷേമപ്രവർത്തനങ്ങൾക്കായി മാത്രം സമയം കണ്ടെത്തുകയുമായിരുന്നു ചെയ്തയ്.

കാലാവസ്ഥാവ്യതിയാനം സസ്യജാലങ്ങളെയും പക്ഷിമൃഗാദികളെയും സ്വാധീനിക്കുന്നു. നമ്മുടെ സുഗന്ധദ്രവ്യങ്ങളായ ഏലവും, കുരുമുളകും, കറുവപ്പട്ടയുമെല്ലാം വിദേശികളെ ആകർഷിക്കുകയും ഇവിടെ ആധിപത്യം സ്ഥാപിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു. വൈവിധ്യമാർന്ന പക്ഷിമൃഗാദികളും സസ്യജാലങ്ങളുമുള്ള നമ്മുടെ കാടുകളിൽനിന്നും, ആന, മയിൽ, കുരങ്ങ് തുടങ്ങിയവയെ അന്യരാജ്യങ്ങളിലേക്ക് കയറ്റി അയച്ചിരുന്നതായി കാണാം. ധാതു നിക്ഷേപത്തിലും സമ്പന്നമായിരുന്നു കേരളം. ഇത്തരത്തിൽ കേരളത്തിന്റെ തനതു സംസ്കൃതിയും പാരമ്പര്യവും പടുത്തുയർത്തുന്നതിൽ ഭൂപ്രകൃതി നിസ്തുലമായ പങ്കുവഹിച്ചിട്ടുണ്ടെന്ന് സംശയലേശമന്യേ പറയാം.

## കേരളം, മലബാർ എന്നീ പേരുകളുടെ ഉൽപത്തി

ദക്ഷിണേന്ത്യയിൽ സഹ്യപർവ്വതത്തിനും അറബിക്കടലിനുമിടയിൽ കിടക്കുന്ന പ്രദേശം കേരളം എന്ന പേരിലാണ് സംസ്കൃതസാഹിത്യത്തിൽ പണ്ടേ അറിയപ്പെടുന്നത്. കേരളത്തെക്കുറിച്ചു സൂചിപ്പിക്കുന്ന പണ്ഡിതന്മാരെല്ലാം കേരളം, ചേരം എന്നീ പേരുകൾ മിക്കവാറും പര്യായ പദങ്ങളായി ഉപയോഗിച്ചിരുന്നു. പഴന്തമിഴിയിൽ കേരളത്തിന് ചേരം എന്ന പേരാണ് കാണുന്നത്. കേരളരാജാവിന് ചേരൻ എന്നും പറഞ്ഞിരുന്നു. ചേർ (ചെളി), അളം (സ്ഥലം) എന്ന രണ്ടു ശബ്ദങ്ങൾ ചേർന്ന് 'ചേരളം' എന്ന പദം ഉണ്ടായെന്നും അതിനർത്ഥം ചതുപ്പുസ്ഥലം എന്നാണെന്നുമൊരു വാദമുണ്ട് 'ചേർ' അഥവാ 'ചേർന്ത' എന്ന പദത്തിന് കൂടിച്ചേർന്നത് എന്നർത്ഥം കൽപ്പിക്കാം. അപ്പോൾ ചേരള പദത്തിൻ കൂടിച്ചെർന്ന ഭൂഭാഗം എന്നർത്ഥം പറയാം. 'ചേരളം' എന്ന പദം കാലക്രമേണ സംസ്കൃതത്തിന്റെ പ്രേരണയാൽ 'കേരളം' എന്നു മാറിയതാവാം. കടൽ മാറി കരയോടു ചേർന്ന സ്ഥലം എന്ന അർത്ഥത്തിലുള്ള ഈ നിഷ്പാദനം പരശുരാമകഥയുടെ ഭൂമിശാസ്ത്രപരമായ വ്യാഖ്യാനത്തെ പിന്താങ്ങുന്നുമുണ്ട്.

മലയാളം, മലനാട്, മലബാർ എന്നൊക്കെ കേരളദേശത്തിന് പേരുണ്ടായിരുന്നു. ഈ ദേശത്തെ മലബാർ എന്നു വിളിച്ച ആദ്യത്തെ ലേഖകൻ അൽബറൂനി (എ.ഡി. 973-1048)ആയിരിക്കാം. ഈ മൂന്നു പേരുകളും കേരളത്തിൻ ധാരാളമുള്ള മലകളുമായി ബന്ധപ്പെട്ടതാണ്. മലയുടെ നാടാണ് മലനാട് എന്നു വ്യക്തം. 'മലബാർ' ഒരു പക്ഷേ 'മലവാരം' എന്നതിന്റെ വിദേശീയ ഉച്ചാരണവുമാകാം. മലബാർ, മനിബാർ, മാലിബാർ, മുനിബാർ എന്നൊക്കെ അറബി എഴുത്തുകാർ എഴുതിയിരുന്നു. 'ബാർ' എന്ന ശബ്ദത്തിന് പേർഷ്യൻ ഭാഷയിൽ രാജ്യമെന്നും, അറബിഭാഷയിൽ ഭൂഖണ്ഡമെന്നും അർത്ഥമുള്ളതിനാൽ ഇതിന്റെ ഉൽപ്പത്തി വിദേശീയമാകാനും സാധ്യതയുണ്ട്.

മലയാളം എന്ന പേരിപ്പോൾ ഭാഷയുടെ പേരായിട്ടാണ് ഉപയോഗിക്കുന്നതെങ്കിലും പണ്ട് ഇതും ദേശനാമമായിരുന്നു. ഈ പദത്തിന്റെ ഉൽപ്പത്തി തർക്കവിഷയമാണ്. 'നാട്' എന്നർത്ഥമുള്ള 'അളം' എന്ന വാക്ക് 'മല' എന്നതിനോട് ചേർന്നാണ് 'മലയാളം' എന്ന ദേശനാമം രൂപപ്പെട്ടതെന്ന് വിശ്വസിക്കുന്നവരുണ്ട്. മലയം (സഹ്യപർവ്വതത്തിന്റെ തെക്കുഭാഗം) എന്ന വാക്ക് അളം (താഴ്ന്ന പ്രദേശം) എന്ന പദവുമായി ചേർത്തും മലയാളം എന്ന വാക്ക് നിഷ്പാദിക്കാം. മലയെ ആളുന്നവന്റെ (ഭരിക്കുക) നാട് എന്ന അർത്ഥത്തിൽ മലയാളം രൂപം കൊണ്ടതാവാനും സാധ്യതയുണ്ട്.മല എന്ന പദം ആഴം (ആഴി-സമുദ്രം) എന്ന പദവുമായി ചേർന്നതാകാനും മതി. ഇങ്ങനെ രൂപപ്പെട്ട മലഴായം എന്ന പദത്തിലെ 'ഴ'കാരം 'ള' കാരമായതാവാം.

## ചരിത്രാതീതകാലം

മനുഷ്യൻ സ്ഥിരവാസമില്ലാതെ നായാടിയും വേട്ടയാടിയും നടന്ന ശിലായുഗങ്ങളുടെ കാലമാണ് ചരിത്രാതീതകാലം.കേരളത്തിന്റെ ചരിത്രാതീത കാലത്തെക്കുറിച്ച് നമുക്ക് ലിഖിതരേഖകളൊന്നും തന്നെയില്ല.ചരിത്രാതീതകാലത്ത് കേരളത്തിൽ മനുഷ്യവാസമുണ്ടായിരുന്നു എന്ന് തെളിയിക്കുന്ന പുരാതനാവശിഷ്ടങ്ങളൊന്നും നമുക്കിതുവരെ കണ്ടുകിട്ടിയിട്ടുമില്ല. അതിപുരാതനകാലത്ത് കൊടുംവനമായിരുന്ന കേരളത്തിൽ പരുക്കൻ ശിലായുധങ്ങളുപയോഗിക്കുന്നത് അസാധ്യമായിരുന്നിരിക്കാം. അതുകൊണ്ടുതന്നെ ആ കാലയളവിൽ പുരാതനശിലായുഗ മനുഷ്യർ ഇവിടെ വസിച്ചിരിക്കാൻ സാധ്യതയില്ല. പ്രാചീന ശിലായുഗമനുഷ്യൻ ഉപകരണങ്ങൾ ഉണ്ടാക്കാനുപയോഗിച്ചിരുന്ന സ്ഫടികശിലകൾ കേരളത്തിൽ നിന്നു കണ്ടുകിട്ടിയിട്ടുമില്ല.

## പ്രാക്ചരിത്രാവശിഷ്ടങ്ങൾ

കേരളത്തിലെ പ്രാക്ചരിത്രഘട്ടവുമായി ബന്ധപ്പെട്ട വിവരങ്ങൾ വളരെ കുറവാണ്. അടിസ്ഥാന പ്രമാണമായി സ്വീകരിക്കാവുന്നവ ശിലോപകരണങ്ങളും പ്രാക് ചരിത്രങ്ങളുമാണ്. ശിലോപകരണങ്ങളുടെ ഉപയോഗപ്രദമായ വിവരങ്ങൾ കിട്ടാനില്ല. പ്രാക്ചരിത്രകാലവുമായി ബന്ധപ്പെട്ട് ആശ്രയിക്കാവുന്ന തെളിവുകൾ മനുഷ്യന്റെ കൈപ്പെരുമാറ്റം പതിഞ്ഞ പാറപ്പൊത്തുകളാണ്. വയനാട്ടിലെ എടക്കൽ, തൊവരി എന്നിവിടങ്ങളിലും മൂന്നാറിൽ മറയൂരിനടുത്ത് കൂടക്കാട് വനത്തിലും, തെന്മലയിലെ ചെന്തരുണിയിലും ഇത്തരം പാറപ്പൊത്തുകൾ കണ്ടെത്തിയിട്ടുണ്ട്.

## മഹാശിലാസംസ്കാരം

മരിച്ചുപോയ കാരണവൻമാരുടെയോ കുലത്തലവൻമാരുടെയോ ഭൗതികാവശിഷ്ടങ്ങൾ അടക്കം ചെയ്ത ശവകുടീരങ്ങളെ പ്രതിനിധീകരിക്കുന്നവയാണ്. മഹാശിലാസംസ്കാരം.അതുകൊണ്ടു തന്നെ ഈ സംസ്കാരത്തെ 'ശ്മശാനശിലാ സംസ്കാര'മെന്നും പറഞ്ഞുവരുന്നു. മനുഷ്യൻ മരണമടഞ്ഞാലും അവന്റെ ആത്മാവ് ശാശ്വതമായിരിക്കും എന്ന വി ശ്വാസത്തിൽ നിന്നുമാവാം ഇത്തരം ആചാരങ്ങളുത്ഭവിച്ചത്. ഈ ശവകുടീരങ്ങളിൽ അസ്ഥികളും ഇരുമ്പുകൊണ്ടുള്ള ഉപകരണങ്ങളും മൺപാത്രാവശിഷ്ടങ്ങളും, ധാന്യങ്ങളും, പരേതന്റെ ഇഷ്ട വസ്ത്രങ്ങളുമെല്ലാം കാണാം.

തലയോടും നീണ്ട അസ്ഥികളും സഞ്ചയിച് സംസ്കരിക്കുന്ന 'ഭാഗിക ശവസംസ്കാരം' എന്ന പേരിലാണ് പുരാവസ്തു ഗവേഷകൻമാർക്കിടയിൽ അറിയപ്പെട്ടിരുന്നത്. ഇതിനുപുറമെ മുഴുവൻ ശരീരമോ അസ്ഥികൂടമോ അതേപടി വാസസ്ഥലത്ത് വീടിന്റെ തറയിൽ ആഴമില്ലാത്ത കുഴിയിലോ, അറകളിലോ അടക്കം ചെയ്യുന്ന സമ്പൂർണ്ണ ശവസംസ്കാരവും നിലവിലിരുന്നു. കേരളത്തിൽ കാണുന്ന മഹാശലാവശിഷ്ടങ്ങൾ പല ഭാഗത്തും പല പേരുകളിലാണ് അറിയപ്പെടുന്നത്. കല്ലറകൾ, മുനിയറകൾ, കൊടുംകല്ലറ

കൾ, പഴുതറകൾ, ശിലാനിർമ്മിത ഗുഹകൾ, പടക്കല്ല്, നടുക്കല്ല്, കുടക്കല്ല്, പാണ്ടുകുഴി, പുതുമക്കത്താഴി, മേശക്കല്ലുകൾ, തൊപ്പിക്കല്ലുകൾ, നന്നങ്ങാടികൾ എന്നിങ്ങനെ പല തരം രീതികൾ നിലവിലുണ്ടായിരുന്നു.

## കല്ലറകൾ (Dolmenoid cists.)

മൃതശരീരങ്ങൾ അടക്കം ചെയ്യുന്നതിനുപയോഗിക്കുന്നവയാണ് കല്ലറകൾ. ഇവ ഒരു മൂടുകല്ലു കൊണ്ട് മൂടുകയും, മൂടിയ്ക്ക് ഒരു ദ്വാരമുണ്ടാവുകയും ചെയ്യും.

## മേശക്കല്ലുകൾ (Capstone flush)

ഒരു വലിയ മൺഭരണിയിൽ മൃതാവശിഷ്ടടങ്ങൾ അടക്കം ചെയ്ത് നിലത്തു കുഴിച്ചിടുകയും അതിനു മീതെ ഒരു പരന്ന കല്ല് സ്ഥാപിക്കുകയും ചെയ്താൽ മേശക്കല്ലായി. മേശക്കല്ലിന്റെ മധ്യഭാഗത്ത് ഒരു ദ്വാരവുമുണ്ടാവും.

## കൽവൃത്തങ്ങൾ (Stone circle)

കൽവൃത്തങ്ങളിൽ അടക്കം ചെയ്യുന്ന മൃതാവശിഷ്ടങ്ങൾ പെട്ടെന്ന് അളിയുകയും പക്ഷിമൃഗാദികൾക്കും മറ്റും ഭക്ഷണമാക്കുകയും ചെയ്യാം.

## കുടക്കല്ലുകൾ (Umberlla Stone)

മൃതശരീരം അടക്കം ചെയ്തതിനു മുകളിൽ കല്ലുകൊണ്ടുള്ള കാലുകൾ നാട്ടി അവയ്ക്ക് മീതെ വൃത്താകൃതിയുള്ള കൂമ്പാരക്കല്ല് പ്രതിഷ്ഠിക്കുന്നതിനെയാണ് കുടക്കല്ലുകളെന്ന് പറയുന്നത്.

## തൊപ്പിക്കല്ലുകൾ (Hood Stones)

വൃത്താകൃതിയിലുള്ള കൂമ്പാരക്കല്ല് മണ്ണിൽ പതിഞ്ഞിരിക്കുന്നതിനെയാണ് തൊപ്പിക്കല്ലെന്ന് പറയുന്നത്.

## നടുക്കല്ലുകൾ (Menhirs)

പരേതന്റെ ശരീരം കുഴിച്ചിട്ടതിനുശേഷം അതിനുമുകളിൽ വലിയ ഒറ്റക്കല്ലുനാട്ടുന്നതിനെയാണ് നടുക്കല്ലുകൾ എന്ന് പറയുന്നത്. പുലച്ചിക്കല്ലുകൾ എന്നും ഇവയെ പറയാറുണ്ട്.

## നന്നങ്ങാടികൾ (Urnburials)

മരണപ്പെട്ട ആളുടെ ഭൗതികാവശിഷ്ടങ്ങൾ ഒരു വലിയ മൺഭരണിയിൽ അടക്കം ചെയ്യുന്നതിനെയാണ് നന്നങ്ങാടികൾ എന്ന് പറയുന്നത്. താഴികളെന്നും ഇവ അറിയപ്പെടുന്നു.

കേരളത്തിൽ കണ്ണൂർ മുതൽ തിരുവനന്തപുരം വരെ എല്ലാ ജില്ലകളിലും മഹാശിലാസ്മാരകങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇടുക്കിയിലെ ഹൈറേഞ്ചുകളിൽ ഇവ ധാരാളം കാണാം. തൃശ്ശൂർ ജില്ലയിലെ മിക്ക സ്ഥലങ്ങളിലും ഗുരുവായൂരിന്നടുത്തെ അരിയന്നൂരിലും കുടക്കല്ലുകളും തൊപ്പിക്കല്ലുകളും കാണാം. തീരപ്രദേശങ്ങളിലാണ് നന്നങ്ങാടികൾ കൂടുതലായി കണ്ടുവരുന്നത്.

## ആദ്യകാല വിദേശബന്ധങ്ങൾ

ആദ്യകാലവിദേശബന്ധങ്ങൾ കേരളത്തിന്റെ സാംസ്കാരികവും, സാമൂഹികവുമായ ജീവിത രീതിയെ സ്വാധീനിക്കുന്നതോടൊപ്പം വാണിജ്യത്തിലധിഷ്ഠിതമായൊരു സാമ്പത്തികാടിത്തറ കെട്ടിപ്പൊക്കാൻ സഹായിച്ചു. അറബികൾ, അസ്സീറിയക്കാർ, ബാബിലോണിയക്കാർ, ഫിനീഷ്യന്മാർ, ഇസ്രായേലുകാർ, ഗ്രീക്കുകാർ, റോമക്കാർ, ചീനക്കാർ തുടങ്ങി അനവധി വിദേശരാജ്യങ്ങളുമായി കേരളം ബന്ധം പുലർത്തിയിരുന്നു. പ്രധാനമായും വാണിജ്യാടിത്തറ ഒരുക്കുന്നതിലാണ്. വൈദേശിക സ്വാധീനം പ്രകടമായതെങ്കിലും വ്യത്യസ്തമതവിഭാഗങ്ങൾക്ക് വന്നു ചേരാനുള്ള വഴി കൂടിയായി ആദ്യകാലവിദേശ ബന്ധങ്ങൾ മാറി.

ബി.സി. മൂവായിരാമാണ്ടു മുതൽക്കു തന്നെ വൈദേശിക സംസ്കാരത്തിന്റെ വളർച്ച കേരളത്തിൽ ദൃശ്യമാണ്. അസ്സീറിയക്കാരും ബാബിലോണിയക്കാരും ആദ്യകാലങ്ങളിൽ തന്നെ കേരളവുമായി സുഗന്ധദ്രവ്യവ്യാപാരങ്ങളിലേർപ്പെട്ടിരുന്നു. പ്രാചീന ഈജിപ്തുകാരെയും കേരളത്തിലേക്കാകർഷിച്ചത് ഇവിടുത്തെ ഏലവും കറുവാപട്ടയുമൊക്കെ തന്നെയാണ്. അറബികളും ഫിനീഷ്യന്മാരും പ്രധാനമായും സുഗന്ധദ്രവ്യവാണിജ്യം ലക്ഷ്യം വെച്ചുകൊണ്ടുതന്നെയാണ് കേരള തീരത്തെത്തിയത്. ഇലവർങ്ങവും, കാട്ടുകൊന്നയുമെല്ലാം ഒരു പക്ഷേ ഇവരായിരിക്കാം പാശ്ചാത്യർക്ക് പരിചയപ്പെടുത്തിയത്. സുഗന്ധദ്രവ്യങ്ങൾക്കു പുറമെ ആനകളെയും കുരങ്ങുകളെയും മയിലുകളെയും വാണിജ്യാടിസ്ഥാനത്തിൽ കയറ്റിക്കൊണ്ടുപോയതായും ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

ഗ്രീക്കുകാരും റോമക്കാരും ഇഞ്ചി, മഞ്ഞൾ, കരുമുളക് തുടങ്ങിയവയുടെ വിപുലമായ ശേഖരം ഇവിടെ നിന്നും കയറ്റുമതി ചെയ്തിട്ടുണ്ട്. കരവഴിയും കടൽവഴിയുമായി ധാരാളം വാണിജ്യ ബന്ധങ്ങൾ അക്കാലത്ത് കേരളത്തിലുണ്ടായിട്ടുണ്ട്. ഭാഷാശാസ്ത്രപരമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഡോക്ടർ ബർണ്ണർ ഗ്രീസുമായുള്ള വാണിജ്യ ബന്ധത്തെ അടയാളപ്പെടുത്തുന്നുണ്ട്. 'ഇഞ്ചി' എന്ന വാക്കിൽ നിന്നും 'സിഞ്ചിബെർ' (ഇഞ്ചി) എന്ന ഗ്രീക്ക് പദം നിഷ്പാദിപ്പിക്കാമെന്ന് അദ്ദേഹം അവകാശപ്പെടുന്നു. 'ഒറിസി'(അരി) എന്ന ഗ്രീക്ക് പദത്തിന്റെ ഉത്ഭവം തമിഴ് പദമായ 'അരിശിയിൽ' നിന്നാവാമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. കേരളത്തിൽ നിന്നും കണ്ടെടുത്തിട്ടുള്ള റോമൻ നാണയങ്ങളും മറ്റും ഒരു കാലത്ത് അവർക്ക് കേരളവുമായുണ്ടായിരുന്ന ശക്തമായ ബന്ധത്തെ കുറിക്കുന്ന തെളിവുകളാണ്.

ക്രിസ്തുവർഷാരംഭത്തിൽ കേരളവുമയി അടുത്ത ബന്ധം പുലർത്തിയ വിദേശീയർ ചൈനക്കാരാണ്. കേരളത്തിൽ നിന്നും കണ്ടുകിട്ടിയിട്ടുള്ള ചീനനാണയങ്ങളും ചീനപാത്രങ്ങളുമെല്ലാം ഈ ബന്ധത്തിനെ സാക്ഷീകരിക്കുന്നു. പതിമൂന്നാം ശതകത്തിൽ കേരളത്തിലെത്തിയ വിദേശ സഞ്ചാരിയായ മാർക്കോപ്പോളോ ചൈന കേരളവുമായി നടത്തിയ സുഗന്ധദ്രവ്യങ്ങളുടെയും കുരുമുളകിന്റെയും വാണിജ്യത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. കൂടാതെ കേരളീയർ വാണിജ്യാവശ്യത്തിനും മറ്റുമായി വിദേശരാജ്യങ്ങളിലേക്ക് കടൽമാർഗ്ഗം യാത്ര ചെയ്തിരുന്നു. ശക്തമായ നാവികപാരമ്പര്യവും ഇതിനവരെ പിന്തുണച്ചു.

ക്രിസ്തു വർഷം 9-ാം ശതകത്തിനും 13-ാം ശതകത്തിനുമിടയ്ക്ക് അഞ്ചുവണ്ണം, മണിഗ്രാമം എന്നീ കേരളീയ വാണിജ്യ സംഘങ്ങൾ വിദേശ വ്യാപാരങ്ങളിൽ ഏർപ്പെട്ടിരുന്നു. മിസിരിസ്, ബറേക്ക, തിണ്ടിസ്, നെൽകിണ്ട തുടങ്ങിയ പഴയ കാല തുറമുഖങ്ങൾ വാണിജ്യപരവും സാംസ്കാരികവുമായ ആദാനപ്രദാനങ്ങൾക്ക് ശക്തമായ അടിത്തറ ഒരുക്കിയിരുന്നു.

# മൊഡ്യൂൾ 3

## സംഘകാലം

സംഘകാലത്തെക്കുറിച്ച് ഏകാഭിപ്രായം നിലനിൽക്കുന്നില്ലെങ്കിലും ക്രിസ്തുവർഷം ഒന്നുമുതൽ അഞ്ചുവരെയുള്ള നൂറ്റാണ്ടുകൾക്കിടയിലാകാം സംഘകാലം എന്നാണു പൊതുവെ പണ്ഡിതാഭിപ്രായം.

ക്രിസ്തുവർഷം ആദ്യ ദശകങ്ങളിൽ തമിഴകത്തിന്റെ ഭാഗമായിരുന്ന കേരളം വേണാട്, കുട്ടനാട്, കുടനാട്, പൂഴിനാട്, കർക്കാനാട് എന്നിങ്ങനെ അഞ്ചു നാടുകളായാണ് വിഭജിക്കപ്പെട്ടിരുന്നത്. പ്രധാനമായും മൂന്ന് രാഷ്ട്രീയ ശക്തികളാണ് സംഘകാലാരംഭത്തിൽ കേരളം ഭരിച്ചിരുന്നത്. തെക്കൻ പ്രദേശങ്ങൾ ആയ് രാജാക്കന്മാരും, വടക്ക് ഏഴിമല രാജാക്കന്മാരും ഇവയ്ക്കിടയ്ക്കുള്ള ദേശം ചേരരാജാക്കന്മാരുമായിരുന്നു ഭരിച്ചിരുന്നത്.

## ആയ് രാജവംശം

തെക്കൻ കേരളത്തിലെ ഏറ്റവും പഴയ രാജവംശമായ ആയ് രാജവശം എ.ഡി. ആദ്യ ശതകങ്ങളിൽ തെക്ക് നാഗർകോവിൽ തൊട്ട് വടക്ക് തിരുവല്ലാവരെയുള്ള ദക്ഷിണ കേരളത്തിന്റെ കുറേ ഭാഗങ്ങൾ ഭരിച്ചിരുന്നവരാണ്. ഇവർ 'ആയ് വേളുകൾ' എന്നും അറിയപ്പെട്ടിരുന്നു. പൊതിയിൽ മലയിലെ ആയികുട്ടിയായിരുന്നു ആസ്ഥാനം എന്നും വിശ്വസിക്കപ്പെടുന്നു. ബാരീസ് (പമ്പ) മുതൽ കന്യാകുമാരി വരെ ആയ് രാജാക്കന്മാരുടെ ഭരണത്തിലിരുന്ന ഭൂവിഭാഗത്തെ 'അയോയി' എന്നാണ് ടോളമി (2–ാം ശതകം) വിളിക്കുന്നത്. സംഘകാല കൃതിയായ തൊല്ക്കാപ്പിയത്തിന്റെ വ്യാഖ്യാനത്തിൽ ആയ് വംശത്തെക്കുറിച്ചുള്ള സൂചനകളടങ്ങിയിട്ടുണ്ട്. പുറനാനൂറിലെ പല പാട്ടുകളിലും കപിലർ എന്ന കവി 'പാരി' എന്നൊരു ആയ്വേളിനെ വാഴ്ത്തുന്നുമുണ്ട്.

സംഘകാലകൃതികളിൽ പരാമർശിക്കപ്പെടുന്ന പ്രമുഖരായ മൂന്ന് ആയ് രാജാക്കന്മാർ അണ്ടിരൻ, അതിയൻ, തിതിയൻ എന്നീ മൂന്ന് പേരാണ്. പുറനാനൂറിൽ ആയ് അണ്ടിരനെക്കുറിച്ച് പതിനാലുപാട്ടുകളുണ്ട് .തിതിയൻ എന്ന രാജാവിനെ പൊതിയിൽ ചെൽവൻ എന്ന പേരിൽ അകനാനൂറിൽ വാഴ്ത്തുന്നുണ്ട്. സംഘകവിയായ പരണർ തന്റെ കൃതിയിൽ അതിയനെ പ്രകീർത്തിക്കുന്നുണ്ട്. ചടയൻ, കരുനന്തൻ, കരുനന്തടക്കൻ തുടങ്ങിയ ആയ് രാജാക്കന്മാരെക്കുറിച്ചും ചരിത്രരേഖകളുണ്ട്. തുടർന്ന് പരാമർശിക്കപ്പെടുന്ന പ്രശസ്തനായ ആയ് വംശ രാജാവ് വിക്രമാദിത്യവരഗുണനാണ്. ഹജൂർ ശാസനത്തിൽ വിക്രമാദിത്യവരഗുണന്റെ ഭരണസൂചനയുണ്ട്. അദ്ദേഹത്തിന്റെ 'പാലിയംശാസനം' പ്രസിദ്ധമാണ്.

## ഏഴിമല രാജവംശം

വടകരയ്ക്കും മംഗലാപുരത്തിനും ഇടയ്ക്കുള്ള തീരദേശവും അതിനു കിഴക്കുള്ള മലമ്പ്രദേശങ്ങളും അടക്കി വാണ രാജവംശമാണ്ഏഴിമല രാജവംശം. ഇവരുടെ തലസ്ഥാനം ഏഴിമലയായിരുന്നു. 'ഉയർന്ന മല' എന്നർത്ഥമുള്ള 'ഏഴിൽമലൈ' എന്ന പേരിലാണ് ഏഴിമല സംഘകാലകൃതികളിൽ പരാമർശിക്കപ്പെടുന്നത്. ഏഴിമലരാജാക്കന്മാരിൽ ഏറ്റവും പ്രമുഖൻ നന്നൻ എന്നയാളാണ്. നന്നന്റെ ഭരണകാലത്താണ് ഏഴിമല അതിന്റെ സുവർണ കാലഘട്ടത്തിലൂടെ കടന്നു പോകുന്നത്. സംഘകാലകൃതികളായ അകനാനൂറിലും പുറനാനൂറിലുമെല്ലാം- നന്നന്റെ ഭരണപരാക്രമങ്ങൾ പ്രകീർത്തിക്കപ്പെടുന്നുണ്ട്. പാഴിയുദ്ധത്തിൽ നന്നൻ കൈവരിച്ച വിജയത്തെ പരണർ പാടിപ്പുകഴ്ത്തുന്നുണ്ട്.

നന്നന്റെ ഭരണകാലത്തു തന്നെയാണ് ചേരസൈന്യം ഏഴിമലയെ ലക്ഷ്യമാക്കി യുദ്ധത്തിൽ മുന്നേറുന്നത്. നാർമുടിച്ചേരലിന്റെ നേതൃത്വത്തിൽ ചേരന്മാർ നന്നനെ പരാജയപ്പെടുത്തുകയും നന്നന്റെ സാമ്രാജ്യം തങ്ങളുടെ കാൽക്കീഴിലാക്കുകയും ചെയ്തു.

## ചേരരാജവംശം

ക്രിസ്തുവർഷം ആദിശതകങ്ങളിൽ തന്നെ കേരളം ഭരിച്ചിരുന്ന പ്രബലശക്തിയായിരുന്നു ചേരന്മാർ. രാജകുടുംബത്തിലെ ഏറ്റവും മൂത്തയാൾ രാജ്യം ഭരിക്കുന്ന കൂറ്റുവാഴ്ചയായിരുന്നു ചേരവംശം പിന്തുടർന്നിരുന്നത് സംഘകാലകൃതിയായ 'പതിറ്റുപത്തി' ലാണ് പത്തു ചേരരാജാക്കന്മാരെ പരാമർശിക്കന്നത്. പത്തുകവികൾ പത്തുപാട്ടുകൾ വീതം എഴുതി സമാഹരിച്ചതാണിത്. ഇതിന്റെ ആദ്യത്തെയും അന്ത്യത്തിലെയും പാട്ടുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. ഈ ഗ്രന്ഥത്തെ ആധാരമാക്കിയാണ് ചേരരാജ ചരിത്രം പുനർനിർമ്മിക്കുന്നത്.

### 1. ഉദിയൻ ചേരലാതൻ

പതിറ്റുപത്തിലെ നഷ്ടപ്പെട്ടുപോയ ആദ്യപത്തിലെ നായകൻ ഇദ്ദേഹമായിരുന്നിരിക്കണം. പേരും ചോറ്റുതിയൻ ചേരലാതൻ എന്നു കൂടി ഇദ്ദേഹം അറിയപ്പെടുന്നു. അന്നദാനം നടത്തുന്നതിൽ തല്പരനായിരുന്നതു കൊണ്ടാവാം ഇങ്ങനെയൊരു വിശേഷണത്തിനിദ്ദേഹം അർഹനായത് വാനവരമ്പൻ എന്ന മറ്റൊരു വിശേഷണം കൂടി ഉദിയൻ ചേരലാതനുണ്ട്. വാനം രാജ്യത്തിന്റെ വരമ്പ് (അതിർത്തി) ആക്കിയവൻ എന്നും വാനവർക്ക് (പ്രജകൾക്ക്) അൻപുള്ളവൻ (പ്രിയപ്പെട്ടവൻ) എന്നും ഇതിനെ വ്യാഖ്യാനിക്കാം. മഹാഭാരതയുദ്ധത്തിൽ പാണ്ഡവർക്കും കൗരവന്മാർക്കും ഭക്ഷണം നൽകിയത് ഉദിയൻ ചേരലാതനാണെന്ന വിശ്വാസവുമുണ്ട്. വെണ്ണിയിൽ യുദ്ധത്തിൽ സമകാലികനായ കരികാലചോളന്റെ ആയുധം മുതുകിൽ മുറിവേൽപ്പിച്ചതുകൊണ്ട് അപമാനം സഹിക്കാനാവാതെ വടക്കിരിക്കൽ ചടങ്ങിലൂടെ ഉദിയൻ ചേരലാതൻ മരണം വരിക്കുകയാണ് ചെയ്തത്.

**2. നെടും ചേരലാതൻ**

പതിറ്റുപത്തിലെ രണ്ടാം പത്തിൽ കണ്ണനാർ കവി വർണ്ണിച്ചിരിക്കുന്ന ചേരാധിപനാണ് 'ഇമയവരമ്പൻ' എന്ന ബിരുദത്തോട് കൂടിയ നെടുംചേരലാതൻ. ഹിമാലയം രാജ്യാതിർത്തിയായിട്ടുള്ളവനെന്നും ദേവന്മാർക്ക് പ്രിയപ്പെട്ടവനെന്നും ഈ വാക്കിനർത്ഥം കൽപ്പിക്കാം. ഉദിയൻ ചേരലാതന്റെ മകനായ ഇദ്ദേഹം പാരി, ഓരി, നന്നൻ, കാരി, എവ്വി, ആവി, ആയ് എന്നീ രാജാക്കന്മാരെ തോൽപ്പിക്കുകയും അവരുടെ കിരീടങ്ങൾ മാലയാക്കിമാറിലണിഞ്ഞ് 'ഏഴുമുടിമാർവ്വൻ' എന്നറിയപ്പെടുകയും ചെയ്തു. ദാനശീലത്തിലും പേരുകേട്ട വ്യക്തിയായിരുന്നു ഇദ്ദേഹം. 58 വർഷം നീണ്ടുനിൽക്കുന്ന ഭരണമായിരുന്നു ഇദ്ദേഹത്തിന്റേത്. ചോളരാജാവുമായുള്ള ഏറ്റുമുട്ടലിൽ രണ്ടുപേരും മരണമടയുകയാണുണ്ടായത്.

**3. പാൽയാനൈ ചെൽകെഴുകുട്ടുവൻ**

ഉതിയൻ ചേരലാതന്റെ മകനും നെടുംചേരലാതന്റെ അനിയനുമായ പാൽയാനൈ ചെൽകെഴുകുട്ടുവാനാണ് പതിറ്റുപത്തിലെ മൂന്നാം പാട്ടിൽ കവി പാലൈ ഗൗതമനാരാൽ പ്രകീർത്തിക്കപ്പെടുന്നത്.ഇരുപത്തഞ്ച് വർഷം യുവരാജാവായി വാണ ഇദ്ദേഹം 'പൂഴിയർ കോൻ' എന്ന ബിരുദം സ്വീകരിച്ചിരുന്നു. പൂഴിനാടിന്റെ ചില ഭാഗങ്ങൾ ഇവരുടെ അധീനതയിലായിരുന്നുവെന്നത് ഇതിൽ നിന്നു വ്യക്തമാകും. കവികൾക്കും പണ്ഡിതന്മാർക്കുമെല്ലാം വിലപ്പെട്ട സമ്മാനങ്ങൾ നൽകിയിരുന്ന ചെൽകെഴുകുട്ടുവൻ അവസാനകാലത്ത് യുദ്ധങ്ങളിൽ നിന്നെല്ലാം മാറി വിരക്ത ജീവിതമാണ് നയിച്ചിരുന്നത്.

**4. നാർമുടിച്ചേരൽ**

നാലാം പത്തിൽ കാപ്പിയാറ്റുക്കാപ്പിയനാർ വാഴ്ത്തുന്ന യുവരാജാവാണ് നെടും ചേരലാതന്റെ മകനായ നാർമുടിച്ചേരൽ. 'കളം കായ്ക്കണ്ണി നാർമുടിച്ചേരൽ' എന്നും ഇദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നുണ്ട്. അഭിഷേക സമയത്ത് പനനാരു കൊണ്ടുണ്ടാക്കിയ കിരീടവും, രത്നങ്ങൾക്കു പകരം കളം കായ്കളും അണിഞ്ഞതു കൊണ്ടാണ് ഇത്തരമൊരു വിശേഷണം ലഭിച്ചത്. വാകൈപ്പെരും തുറയിൽ വെച്ചു നടന്ന യുദ്ധത്തിൽ ഏഴിമലരാജാവായ നന്നനെ വധിച്ചത് നാർമുടിച്ചേരലാണ്. യുവരാജാവായി 25 വർഷം ഭരണം നടത്തിയതിനുശേഷം അച്ഛനായ നെടും ചേരലാതൻ ജീവിച്ചിരിക്കുമ്പോൾ തന്നെ നാർമുടിച്ചേരൽ മരണമടഞ്ഞു.

**5. വേൽ കെഴുകുട്ടുവൻ**

പതിറ്റുപത്തിലെ അഞ്ചാം പത്തിൽ പരണർ പ്രകീർത്തിക്കുന്ന ഭരണാധികാരിയാണ്. നെടുംചേരലാതന്റെ മറ്റൊരു മകനും, നാർമുടിച്ചേരലിന്റെ സഹോദരനുമായ വേൽകെഴുകൂട്ടുവൻ. 'കടൽ പിറകോട്ടിയ ചെങ്കുട്ടുവൻ' എന്ന് പരണർ ഇദ്ദേഹത്തെ വാഴ്ത്തുന്നുണ്ട്. സമുദ്രയുദ്ധത്തിൽ വേൽകെഴുകുട്ടുവൻ നേടിയ വിജയങ്ങളാവാം ഇതിനു കാരണം. ചിലപ്പതികാരത്തിൽ പരാമർശിക്കപ്പെടുന്ന ചേരൻ ചെങ്കുട്ടുവൻ വേൽകഴുകുട്ടുവാനാണെന്നു വിശ്വസിക്കുന്നവരുമുണ്ട്.

**6. ആടുകോടു പാട്ടുചേരലാതൻ**

പതിറ്റുപത്തിലെ ആറാംഖണ്ഡത്തിൽ കാക്കൈപ്പാടിനിയാർ നച്ചെള്ളയാർ പ്രകീർത്തിച്ചു പാടുന്നത് നെടുംചേരലാതന്റെ മറ്റൊരു മകനായ ആടുകോടുപാട്ടു ചേരലാതനെയാണ്. യുദ്ധവിജയങ്ങളിൽ നൃത്തവും, പാട്ടും, കൊട്ടുമെല്ലാം അരങ്ങേറുന്നതു കൊണ്ടോ എതിരാളികൾ തട്ടിക്കൊണ്ടുപോയ ഒരു പറ്റം ആടുകളെ വീണ്ടെടുത്തതു കൊണ്ടോ ആവാം ഇത്തരമൊരു പേരുണ്ടായത്. കുട്ടനാട്ടിലെ ഒരു ഗ്രാമം മുഴുവൻ ഇദ്ദേഹം ബ്രാഹ്മണർക്ക് നൽകിയതായും പാട്ടിൽ പരാമർശിക്കുന്നുണ്ട്. ഇദ്ദേഹം 38 വർഷക്കാലം യുവരാജാവായിരുന്നു.

**7. ചെൽവക്കടുംകോവാഴിയാതൽ**

പതിറ്റുപത്തിലെ ഏഴാം ഖണ്ഡത്തിൽ കപിലർ വർണ്ണിക്കുന്ന ഭരണാധികാരിയാണിദ്ദേഹം. അന്തുവൻ ചേരലിന്റെ മകനും നെടും ചേരലാതന്റെ ഭാര്യാ സഹോദരിയുടെ ഭർത്താവുമായ ചെൽവക്കടും കോ വാഴിയാതൻ 25 വർഷം രാജ്യം ഭരിച്ചു. തൊണ്ടിയായിരുന്നു ആസ്ഥാനം. ചോളപാണ്ഡ്യ സൈന്യങ്ങളെ ഇദ്ദേഹം പരാജയപ്പെടുത്തിയതായും പരാമർശമുണ്ട്. തൊട്ടു മുൻപുള്ള രാജാവായ ആടുകോടുപാട്ടു ചേരലാതന് ആൺകുട്ടികളില്ലാത്തതിനാൽ ചേരവംശത്തിന്റെ മറ്റൊരു ശാഖയായ ഇരുമ്പൊറൈമൊവിലേക്ക് അധികാരം കൈമാറി എന്ന ന്യായത്തെ പിന്തുണയ്ക്കുന്നതാണ്. ‘ അരനാട്ടാർമലൈ’ ശാസനത്തിൽ ആതൻ ചേരൻ ഇരുമ്പൊറൈ ചെൽവക്കടുംകോ വാഴിയാതൻ ആയിരിക്കാം എന്ന പരാമർശം.

**8. പെരും ചേരൽ ഇരുമ്പൊറൈ**

പതിറ്റുപത്തിലെ എട്ടാം പത്തിൽ അരിചിൽ കിഴാർ എന്ന കവി പാടിയിരിക്കുന്നത് പെരും ചേരൽ ഇരുമ്പൊറൈയെ കുറിച്ചാണ്. ചെൽവക്കടും കോവഴിയാതന്റെ പുത്രനായ ഇദ്ദേഹം അതികമാൻ രാജാവായ ഏഴിനിയുടെ തകടൂർ നഗരം നശിപ്പിച്ചതിനാൽ ‘തകടൂർ എറിഞ്ഞ ഇരുമ്പൊറൈ’ എന്നു വിശേഷണമുണ്ട്. ഒട്ടനവധി യാഗങ്ങൾ നടത്തിയ ഇദ്ദേഹം ദാനശീലനും ഔദാര്യമതിയുമായിരുന്നു.

**9. ഇളം ചേരൽ ഇരുമ്പൊറൈ**

പതിറ്റുപത്തിലെ ഒൻപതാം പത്തിൽ പെരുംകുന്റൂർ കിഴാർ വർണ്ണിക്കുന്ന ഇദ്ദേഹം പെരും ചേരൽ ഇരുമ്പൊറൈയുടെ മകനാണ്. കൊങ്ങൻ കോവൈ, പുഴിയർകോവൈ എന്നിങ്ങനെ ബിരുദങ്ങൾ സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചോളരേയും പാണ്ഡ്യരേയും പരാജയപ്പെടുത്തി കൈക്കലാക്കിയ സമ്പത്ത് തലസ്ഥാനമായ വഞ്ചിയിൽ കൊണ്ടുവന്ന് പാണർക്കും മറ്റും ദാനം ചെയ്തതായും വിശ്വസിക്കപ്പെടുന്നു.

### 10. യാനൈകട്ചേയ് മാന്തരം ചേരൽ

പതിറ്റുപത്തിലെ നഷ്ടപ്പെട്ട പത്താമത്തെ പാട്ടിൽ പ്രകീർത്തിക്കപ്പെടുന്ന രാജാവ് ഇദ്ദേഹമാണെന്ന് വിശ്വസിക്കപ്പെടുന്നു. മദയാനയുടെ സൈ്ഥര്യവും നോട്ടവുമെല്ലാം ചേർന്നായിരിക്കാം 'യാനൈകാട് ചേയ' എന്ന വിശേഷണം മാന്തരം ചേരലിന് ലഭിച്ചിട്ടുണ്ടാവുക. തൊണ്ടി ആസ്ഥാനമാക്കി ഭരിച്ച ഇദ്ദേഹത്തിന്റെ കാലത്തോടുകൂടി ചേരസാമ്രാജ്യം ക്ഷയോന്മുഖമാവുന്നതായി കാണാം.

ഏകദേശം 200 വർഷത്തോളം പതിറ്റുപത്തിലെ ചേരപരമ്പര ഭരിച്ചതായി കാണാം ഇവരിൽ തന്നെ ഉതിയൻ ചേരൻ, നെടും ചേരൻ, വേൽ കെഴുകുട്ടുവൻ എന്നിവരാണ് ദീർഘകാലം രാജ്യം ഭരിച്ചത്. ചില സംഘം കൃതികളിൽ അപ്രശസ്തരായ രാജാക്കന്മാരെയും പരാമർശിച്ചു കാണുന്നുണ്ടെങ്കിലും ചേരരാജവംശാവലിയുടെ പ്രബലചരിത്രം പതിറ്റുപത്തിലൂടെ തന്നെയാണ് വെളിവാകുന്നത്.

## സംഘകാല സാഹിത്യം

സംഘം എന്ന സംസ്കൃത ശബ്ദത്തിന് കൂട്ടുകൂടൽ എന്നാണർത്ഥം ഇത്തരത്തിൽ പണ്ഡിതന്മാരുടെ കൂട്ടുകൂടൽ നിലനിന്നിരുന്നു. 'തമിഴ് സംഘം' വിദ്വാന്മാരുടെയോ പണ്ഡിതന്മാരുടെയോ ഒരു സാഹിത്യ സമിതിയായിരുന്നു. ഈ സാഹിത്യ കൂട്ടായ്മയിലെ അംഗങ്ങൾ രചിച്ചതോ അവരുടെ അംഗീകാരം ലഭിച്ചതോ ആയ കൃതികളാണ് സംഘം കൃതികൾ .എ.ഡി. ഒൻപതാം നൂറ്റാണ്ടിൽ 'ഇറൈയനാർ അകപ്പൊരുൾ' എന്ന സാഹിത്യ ഗ്രന്ഥത്തിന് നക്കീരൻ എഴുതിയ വ്യാഖ്യാനത്തിൽ നിന്നാണ് സംഘത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ ലഭിക്കുന്നത്. മുതൽ സംഘം, ഇടൈ സംഘം, കടൈ സംഘം എന്നു മൂന്ന് സംഘങ്ങൾ ഉണ്ടായിരുന്നതായി പരാമർശിക്കുന്നുണ്ട്. സംഘകാല ഭരണ സംവിധാനത്തെക്കുറിച്ചും അന്നത്തെ സാമൂഹികാവസ്ഥയെക്കുറിച്ചുമെല്ലാം വിവരം ലഭിക്കുന്നത് സംഘം കൃതികളിലൂടെയാണ്. അന്നത്തെ ക്കാലത്ത് കവികൾ ജനങ്ങളുടെ സാമൂഹിക ജീവിതത്തിൽ അതിപ്രധാനമായ പങ്കാണു വഹിച്ചിരുന്നത്.

ഇന്നു സംഘസാഹിത്യം എന്നറിയപ്പെടുന്ന മുപ്പത്തിയാറുകൃതികൾ കടൈ സംഘകാലത്ത് രചിക്കപ്പെട്ടവയാണ്. മുപ്പത്തിയാറു കൃതികളെ സാമാന്യമായി മൂന്നു വിഭാഗത്തിൽപ്പെടുത്തുന്നു. എട്ടുത്തൊകൈ, പത്തുപ്പാട്ട്, പതിനെൺ കീഴ് കണക്ക് എന്നിവയാണവ. ഇവയോടൊപ്പം തൊൽക്കാപ്പിയം എന്ന വ്യാകരണ ഗ്രന്ഥവും ചിലപ്പതികാരം മണിമേഖല എന്നീ കാവ്യങ്ങളും കൂടിച്ചേരുമ്പോൾ സംഘസാഹിത്യം ഏതാണ്ട് പൂർണമാകും. പുറനാനൂറ്, അകനാനൂറ്, പതിറ്റുപത്ത്, കുറുന്തൊകൈ, കലിത്തൊകൈ, ഐങ്കുറുനൂറ് നറ്റിണൈ, പരിപാടൽ തുടങ്ങി എട്ടുകവിതാ സമാഹാരങ്ങൾ ചേർന്നതാണ് എട്ടുത്തൊകൈ. (തൊകൈ- സമാഹാരം) പത്തുകവിതാസമാഹാരങ്ങളടങ്ങിയതാണ് പത്തുപ്പാട്ട്. തിരുക്കുറൽ, നാലടിയാർ, കളവഴി നാൽപ്പത് മുതലായ കാവ്യങ്ങളാണ് പതിനെൺകീഴ് കണക്കിലുൾപ്പെടുന്നത്.

## അകം കവിതകളും പുറം കവിതകളും

വിഷയ സ്വഭാവമനുസരിച്ച് സംഘസാഹിത്യത്തിന് അകം കവിതയെന്നും പുറം കവിതയെന്നും രണ്ടുവിഭാഗമുണ്ട്. പ്രേമസംബന്ധമായ ഇതിവൃത്തമുള്ള കവിതകളാണ് അകം കവിതകൾ. എട്ടുത്തൊകൈയിലുൾപ്പെട്ട അകനാനൂറ്, ഐങ്കുനുനൂറ്, നറ്റിണൈ, കുറുന്തൊകൈ, കലിത്തൊകൈ എന്നിവയെല്ലാം അകവിഭാഗത്തിലുൾപ്പെടുന്ന കവിതകളാണ്. ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടു രചിക്കപ്പെട്ട അഞ്ച് അകം കവിതകളാണ് 'ഐന്തിണൈ'. ഓരോ പ്രദേശത്തുമുള്ള കാമുകരുടെ അനുരാഗകഥയുമായി ബന്ധപ്പെടുത്തിയുള്ള പാട്ടുകളാണിവ. കുറിഞ്ഞിപ്പാട്ട്, പാലൈപ്പാട്ട്, മുല്ലൈപ്പാട്ട്, മരുതംപാട്ട്, നെയ്തൽപാട്ട് എന്നിവയാണവ. ഈ അഞ്ചുപ്രദേശങ്ങളെയും അവിടെ രൂപം കൊണ്ട പ്രേമ കാവ്യങ്ങളെയുമാണ് ഐന്തിണൈ എന്നു വ്യവഹരിക്കുന്നത്.

തമിഴകത്തെ പ്രാചീന ജനതയുടെ പ്രണയസങ്കൽപ്പവുമായി ബന്ധപ്പെട്ട പല കൗതുകക്കാഴ്ചകളും അകം കവിതകളിൽ പ്രതിഫലിക്കുന്നുണ്ട്. അതിലൊന്നാണു 'കളവും കർപ്പും' യുവതീയുവാക്കൾ പരസ്പരാനുരാഗത്തിലായാൽ ബന്ധുമിത്രാദികളുടെ സമ്മതത്തോടുകൂടി നടക്കുന്ന വിവാഹമാണ് കർപ്പ്. സമ്മതത്തോടുകൂടിയല്ലാതെ അനുരാഗികൾ ഒളിച്ചോടി വിവാഹിതരാകുന്ന സമ്പ്രദായമാണ് കളവ്. പ്രേമ നൈരാശ്യം വന്ന നായകൻ പനമടൽ കൊണ്ട് നിർമ്മിച്ച പൊയ്ക്കാൽ കുതിരയുടെ പുറത്തേറി എരിക്കിൻ പൂമാലയണിഞ്ഞ് നായികാഭവനത്തിനു മുൻപിൽ മഞ്ഞും മഴയും വക വെയ്ക്കാതെ മരണം വരെ നിരാഹാരമനുഷ്ഠിക്കുന്ന ചടങ്ങാണ് 'മടലേറൽ'. രാജ്യതന്ത്രം, യുദ്ധം, സൈന്യം, വാണിജ്യം, ദാനം തുടങ്ങിയവയാണ് പുറം കവിതയ്ക്ക് വിഷയമാകുന്നവ. രാജാക്കാന്മാരുടെ സമരചരിതങ്ങൾ, വീരാപദാനങ്ങൾ തുടങ്ങിയവയും ഇതിൽ പ്രകീർത്തിക്കപ്പെടുന്നത്. പുറം വിഭാഗത്തിൽ ഏറ്റവും പ്രധാനപ്പെട്ട രചനകൾ എട്ടുത്തൊകൈയിൽ ഉൾപ്പെട്ട പുറനാനൂറും, പതിറ്റുപത്തുമാണ്. സംഘസാഹിത്യത്തിലേറ്റവും പഴക്കമുള്ളതെന്നു കരുതിപ്പോരുന്ന പുറനാനൂറ് നമ്മുടെ സംസ്കാരത്തിന്റെ അതിപ്രാചീന രേഖയാണ്. പതിറ്റുപത്തിൽ നിന്നാണ് ചേരരാജാക്കന്മാരുടെ ചരിത്രം പുനർനിർമ്മിക്കാൻ നമുക്ക് സാധിക്കുന്നത്.

## സംഘകാലത്തെ ഭരണസമ്പ്രദായം

സംഘകാലകൃതികളിൽ നിന്നുമാണ് നമുക്ക് അന്നത്തെ കാലഘട്ടത്തിന്റെ വ്യക്തമായ ചിത്രം ലഭിക്കുന്നത്. രാജവാഴ്ചയിൽ അധിഷ്ഠിതമായ ഭരണക്രമമായിരുന്നു സംഘകാല ജനതയെ നയിച്ചിരുന്നത്. ചോളപാണ്ഡ്യ രാജാക്കന്മാരോടൊപ്പം ചേരരാജാക്ക്മാരും തങ്ങളുടെ ഭരണത്തിൽ കീഴിൽ സംഘകാലജനതയെ ഉറപ്പിച്ചു നിർത്തി. രാജഭരണത്തിൽ കീഴിൽ സംഘകാലജനത സമാധാനപരമായ ജീവിതമാണ് നയിച്ചിരുന്നത്. രാജാവിനെ പ്രതാപാഡംബരങ്ങളുടെ പ്രത്യക്ഷോദാഹരണമായാണ് സംഘം ജനത കണ്ടത്. രാജ്ഞിമാർക്കും രാജാവിനോടൊപ്പം തന്നെ ബഹുമാന്യപദവി ലഭിച്ചിരുന്നു. ബഹുഭാര്യാത്വം അന്നത്തെ കാലത്ത് സാധാരണമായിരുന്നു. വിധവകൾ ചില സന്ദർഭങ്ങളിൽ സതിയനുഷ്ഠിച്ചിരുന്നതായും പരാമർശമുണ്ട്.

ചേരരാജാക്കാന്മാരുടെ ഭരണ സമ്പ്രദായത്തിനു കീഴിൽ സംഘം ജനതയ്ക്ക് തുല്യമായ നീതിയും സംരക്ഷണവും ലഭിച്ചു. ജനങ്ങളുടെ പരാതികൾ രാജാവു നേരിട്ടു കേൾക്കുകയും, അതിനാവശ്യമായ പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കുകയും ചെയ്തിരുന്നു. ആഭ്യന്തര സമാധാനത്തിനും കൃത്യമായ ഏർപ്പാടുകൾ ആദ്യകാലത്തുണ്ടായിരുന്നു. രാത്രിയിൽ പെരുവഴികളിൽ പന്തമേന്തി റോന്തു ചുറ്റുന്ന കാവലാളുകൾ ജനജീവിതത്തിന് സുരക്ഷിതത്വം നൽകി. പ്രാദേശികമായ യുദ്ധം നടക്കുമ്പോൾ പൊതുജനങ്ങൾക്കു സംരക്ഷണം നൽകുകയെന്നത് ചേരരാജാക്കന്മാരുടെ പ്രധാന കർത്തവ്യമായിരുന്നു. സംഘകാലഘട്ടത്തിലെ ഭൂരിപക്ഷം രാജാക്കന്മാരും പരാക്രമശാലികളായിരുന്നു. അമ്പും വില്ലും വേലും വാളുമായിരുന്നു പടയാളികളുടെ ആയുധങ്ങൾ. വേൾപ്പട, വാൾപ്പട, വിൽപ്പട എന്നിങ്ങനെ കാലാൾപ്പടയ്ക്ക് പല ഉപവിഭാഗങ്ങളുണ്ടായിരുന്നു. യുദ്ധം തുടങ്ങുന്നതിനു മുൻപ് കൊറ്റവൈ എന്ന സമരദേവതയെ ആരാധിക്കുന്ന പതിവുണ്ടായിരുന്നു. അക്കാലത്തെ സ്ത്രീകളും സമരവീര്യമുള്ളവരായിരുന്നു. അവർ നേരിട്ട് യുദ്ധഭൂമിയിൽ ചെന്ന് പടയാളികളിൽ ആവേശമുണർത്തിയിരുന്നു. യുദ്ധഭൂമിയിൽ വെച്ച് വീരചരമം പ്രാപിക്കുക എന്നത് ഏതൊരു പടയാളികളുടെയും സ്വപ്നമായിരുന്നു. ആനപ്പുറത്തേറിയാണ് രാജാവ് യുദ്ധഭൂമിയിൽ സൈന്യത്ത നിയന്ത്രിച്ചിരുന്നത്. രാജാവ് മരണപ്പെട്ടാൽ യുദ്ധം അതോടെ അവസാനിക്കാറാണ് പതിവ്.

യുദ്ധവുമായി ബന്ധപ്പെട്ട് രസകരമായ ഒട്ടേറെ ആചാരങ്ങളും സംഘകാലത്ത് നിലനിന്നിരുന്നു. ഒരു രാജാവ് യുദ്ധത്തിൽ ഏഴ് രാജാക്കന്മാരെ തോൽപ്പിച്ചാൽ അധിരാജപദവി നേടാം. പ്രതിയോഗിയായ രാജാവിന്റെ ആയുധം മുതുകിലേറ്റാൻ രാജാവ് കൈയിൽ വാളുമേന്തി വടക്കുദിക്കിലേക്കും നോക്കി നിരാഹാരവ്രതമനുഷ്ഠിച്ച് മരണമടയുന്ന ചടങ്ങാണ് 'വടക്കിരിക്കൽ'. യുദ്ധത്തിൽ രാജാവോ സേനാനായകനോ വധിക്കപ്പെട്ടാൽ ഉടൻ യുദ്ധം നിർത്തി 'കുരവൈക്കൂത്ത്' എന്ന യുദ്ധ നൃത്തം നടത്തും . 'തുണങ്കൈക്കൂത്തും', 'അമല'യും യുദ്ധരംഗത്തെ മറ്റു രണ്ടു നൃത്തരൂപങ്ങളാണ്. കുരവൈക്കൂത്തിലും തുണങ്കൈക്കൂത്തിലും പങ്കെടുക്കുന്ന നർത്തകിമാർ വിറലികൾ എന്നാണറിയപ്പെട്ടിരുന്നത്. ഓരോ രാജാവിനും അധികാരത്തിന്റെ പ്രതീകമായി ഓരോ കാവൽമരം നട്ടുവളർത്തുന്ന പതിവുണ്ട്. ഒരു രാജാവ് യുദ്ധത്തിൽ മരിച്ചാൽ അയാളുടെ കാവൽമരം ജേതാവ് മുറിച്ചുമാറ്റുകയും പകരം ജേതാവിന്റെ കാവൽമരം നട്ടുപിടിപ്പിക്കുകയും ചെയ്യും. തോറ്റ രാജാവിന്റെ കിരീടം കൊണ്ടുകാൽത്തളയുണ്ടാക്കി ജേതാവ് അണിയുന്ന പതിവും ഉണ്ടായിരുന്നു. കവികൾ, ഗായകർ, നർത്തകർ തുടങ്ങിയവർക്ക് മരണഭീതി കൂടാതെ യുദ്ധക്കളത്തിൽ പ്രവേശിച്ച് തങ്ങളുടെ രാജാക്കന്മാരെ പ്രോത്സാഹിപ്പിക്കാൻ അവസരമൊരുക്കിയിരുന്ന കാഴ്ചയും സംഘകാലത്തിന്റെ പ്രത്യേകതയാണ്.

# സംഘകാല സാമൂഹ്യ ജീവിതം

സംഘകാലമായപ്പോഴേക്കും പ്രാകൃത ജനതയിൽ നിന്നുമാറി ക്രമീകൃതവും സ്ഥിര വാസത്തോടുകൂടിയതുമായ കുടുംബജീവിതം ആരംഭിച്ചു കഴിഞ്ഞിരുന്നു. ജാതിപരമായ വേർതിരിവോ സാമൂഹ്യമായ ഏറ്റക്കുറച്ചിലുകളോ അന്നത്തെ കാലത്തുണ്ടായിരുന്നില്ല. തൊഴിലിന്റെ അടിസ്ഥാനത്തിലായിരുന്നു വിഭജനം. ഭൂപ്രകൃതിക്കനുസരിച്ചായിരുന്നു തൊഴി ലിന്റെ വിഭജനം നടന്നത്

### ഐന്തിണൈകൾ

സംഘകാലജനത ഭൂമിയെ മണ്ണിന്റെ ചേരുവയുടെയും പ്രകൃതിമേഖലകളുടെയും അടിസ്ഥാനത്തിലായിരുന്നു വിഭജിച്ചിരുന്നത്. ഭൂപ്രകൃതി അനുസരിച്ച് നാടിനെ കുറിഞ്ചി, പാലൈ, മുല്ലൈ, മരുതം,നെയ്തൽ എന്നിങ്ങനെ അഞ്ചായി വിഭജിച്ചിരിക്കുന്നു. 'ഐന്തി ണൈകൾ' എന്നാണ് ഇവയെ വിളിച്ചിരുന്നത്. മലയും കാടും ചേർന്ന പ്രദേശമാണ് 'കുറിഞ്ചി'. വേടർ,കുറവർ തുടങ്ങിയവരാണിവിടുത്തെ നിവാസികൾ. മുരുകനെ ആരാധി ച്ചിരുന്ന ഇവരുടെ തൊഴിൽ നായാട്ടും വനവിഭവശേഖരണവുമായിരുന്നു. തരിശായി കിട ക്കുന്ന മരുഭൂമിയാണ് 'പാലൈ'. മറവരും കൊള്ളക്കാരുമായിരുന്നു ഇവിടെ വസിച്ചിരുന്ന ത്. ജലസേചനത്തിന്റെ അഭാവവും പ്രതികൂല കാലാവസ്ഥയും നിമിത്തം ഇവിടെ ജനജീ വിതം ദുരിത പൂർണ്ണമായിരുന്നു. യുദ്ധവും പിടിച്ചുപറിയും തൊഴിലാക്കിയ ഇവരുടെ ദേവത കൊറ്റവൈ ആയിരുന്നു. ഉയർന്ന പുൽത്തകിടി പ്രദേശമാണ് 'മുല്ലൈ'. ആയർ, ഇടയർ തുടങ്ങിയവരാണിവിടെ വസിച്ചിരുന്നത്. കണ്ണനെ ആരാധിച്ചിരുന്ന മുല്ലൈവാസികളുടെ പ്രധാന തൊഴിൽ കാലിവളർത്തലായിരുന്നു. കൃഷി ചെയ്യാനുപകരിക്കുന്ന സമതല പ്രദേ ശമാണ 'മരുതം'. കൃഷി തൊഴിലാക്കിയ വള്ളാളരും ഉഴവരുമായിരുന്നു ഇവിടുത്തെ നിവാ സികൾ. ഇന്ദ്രൻ(വേന്തൻ) ആയിരുന്നു ദേവത. തീരപ്രദേശമാണ് 'നെയ്തൽ'.ഉമണർ, മുക്കു വർ, വലയർ, മീനവർ, പരതവർ എന്നിവരായിരുന്നു നിവാസികൾ. ഉപ്പുണ്ടാക്കലും മത്സ്യ ബന്ധനവുമായിരുന്നുഇവരുടെ പ്രധാന തൊഴിൽ.

സംഘകാലത്ത് അധ്വാനത്തിന്റെ അന്തസ് അംഗീകരിക്കപ്പെട്ടിരുന്നതിനാൽ തൊഴി ലിന്റെ നിലവാരമനുസരിച്ച് ജനങ്ങളെ സാമൂഹ്യമായി താണവരെന്നോ ഉയർന്നവരെന്നോ വേർതിരിച്ചിരുന്നില്ല. സംഘകാലത്ത് തീണ്ടലും തൊടീലുമൊന്നും നിലനിന്നിരുന്നില്ല. സ്ത്രീകൾക്ക് ഉന്നതമായ പദവിയായിരുന്നു ഉണ്ടായിവരുന്നത്. പൂർണ്ണമായ വിദ്യാഭ്യാസ മുൾപ്പെടെ എല്ലാവിധ സ്വാതന്ത്ര്യങ്ങളും അനുവദിക്കപ്പെട്ടിരുന്നു. ശൈശവവിവാഹം നിലവിലുണ്ടായിരുന്നില്ല. വിധവാ വിവാഹം പതിവായിരുന്നു. ഗാന്ധർവ്വവിവാഹം, കർപ്പ്, കളവ് എന്നീ വിവാഹരീതികളും നിലവിലുണ്ടായിരുന്നു. പ്രണയം നിരാകരിക്കപ്പെട്ട കാമു കർ പനമടൽ കൊണ്ടുണ്ടാക്കിയ പൊയ്ക്കുതിരയുടെ പുറത്തേറി മരണം വരെ പരസ്യ മായി നിരാഹാരമനുഷ്ഠിക്കുന്ന ഏർപ്പാടും ഉണ്ടായിരുന്നു. 'മടലേറൽ' എന്നാണിതിനെ പറഞ്ഞിരുന്നത്. വധു വിവാഹദിവസം വരെ ധരിച്ചിരുന്ന കാൽത്തള മാറ്റി പകരം വരൻ നൽകുന്ന തള ധരിക്കുന്ന ചടങ്ങാണ് 'ചിലമ്പുകഴിനോൻപ്' താലികെട്ടുന്ന സമ്പ്രദായം അന്നുണ്ടായിരുന്നില്ല. വധുവിന്റെ മാതാപിതാക്കൾക്ക് വരൻ പെൺപണം കൊടുക്കുന്ന പതിവുണ്ടായിരുന്നു. ബഹുഭാര്യാത്വം സംഘകാലത്ത് പതിവുണ്ടായിരുന്നില്ല.

തങ്ങൾക്ക് തങ്ങൾക്കിഷ്ടപ്പെട്ട തൊഴിൽ ചെയ്യാനുള്ള സ്വാതന്ത്ര്യം സ്ത്രീകൾക്കുണ്ടായിരുന്നു. മാല, വള, തള മുതലായവയാണ് സ്ത്രീകൾ സാധാരണ ധരിക്കുന്ന ആഭരണങ്ങൾ. പരുത്തിമുണ്ടും പട്ടും കമ്പിളിവസ്ത്രവുമാണ് ധരിച്ചിരുന്നത്. ഇല കൊണ്ടുണ്ടാക്കിയ തഴയുടയാടകൾക്കും നല്ല പ്രചാരമുണ്ടായിരുന്നു. ചോറായിരുന്നു അന്നത്തെ പ്രധാനഭക്ഷണം. അതോടൊപ്പം മീനും ഇറച്ചിയും ഉണ്ടായിരുന്നു. നാടൻ മദ്യവും വിശേഷമദ്യവും ആളുകൾ ധാരാളമായി ഉപയോഗിച്ചിരുന്നു. പനംകരിക്കും, ഇളനീരും, കരിമ്പിൻനീരും, ചേർത്തുണ്ടാക്കുന്ന 'മുന്നീർ' എന്ന ലഹരി പാനീയം സ്ത്രീകൾ ഉപയോഗിച്ചിരുന്നതായി പറുയുന്നുണ്ട്. ശകുനത്തിലും ജ്യോത്സ്യത്തിലുമെല്ലാം വലിയ വിശ്വാസം പുലർത്തിയവരാണ് സംഘം ജനത. പോർക്കളത്തിൽ വെച്ചു മുറിവേൽക്കുന്ന ഭടന്മാരെ പ്രേതം ബാധിക്കാതിരിക്കാനായി ഭാര്യ അടുത്തിരുന്നു ശുശ്രൂഷിക്കുന്ന രീതിയാണ് 'തൊടാക്കാഞ്ചി'.

'കൊറ്റവൈ' എന്ന സമരദേവതയെയാണ് സംഘം ജനത ആരാധിച്ചിരുന്നത്. കൊറ്റവൈയെ പ്രീതിപ്പെടുത്താനാൻ മദ്യവും മാംസവും നിവേദിക്കുക പതിവായിരുന്നു. കൃഷിയായിരുന്നു അന്നത്തെ ജനങ്ങളുടെ പ്രധാന ഉപജീവന മാർഗ്ഗം. അരിവാൾ, കലപ്പ, നുകം, കോടാലി മുതലായ ഉപകരണങ്ങളെക്കുറിച്ച് സംഘം കൃതികളിൽ പരാമർശമുണ്ട്. നൂൽനൂൽപ്പ്, മീൻപിടുത്തം, നെയ്ത്ത്, മരപ്പണി, കൽപ്പണി മുതലായ ജോലികളും ജനങ്ങൾ ചെയതിരുന്നു. ദീനാരം, കാണം മുതലായ നാണയങ്ങൾ നിലവിലുണ്ടായിരുന്നെങ്കിലും സാധനങ്ങളുടെ കൈമാറ്റത്തിലൂടെയായിരുന്നു ആഭ്യന്തര വ്യാപാരം നടന്നിരുന്നത്.

സംഘകാലത്തെ പ്രധാനപ്പെട്ട ഒരു പ്രസ്ഥാനമായിരുന്നു 'മന്റം'. ഓരോ ഗ്രാമത്തിനും ഓരോ മന്റം ഉണ്ടായിരിക്കും. ആലിൻ ചുവട്ടിലോ മറ്റേതെങ്കിലും പൊതുസ്ഥലങ്ങളിലോ സമ്മേളിക്കുന്ന ഗ്രാമവൃദ്ധന്മാരുടെ സമിതികളാണിത്. ഗ്രാമീണർക്കിടയിലെ തർക്കങ്ങളും വഴക്കുകളും പറഞ്ഞുതീർക്കുന്നതിവരാണ്. അഞ്ചുതരത്തിലുള്ള ശവസംസ്കാരരീതികൾ സംഘകാലത്ത് നിലനിന്നിരുന്നതായി പുറം കവിതയിൽ പരാമർശിക്കുന്നുണ്ട്. ചുടുക, കാകനും കഴുകനും ഭക്ഷണമാക്കാനിടുക, കുഴിച്ചുമൂടുക, ഭൂമിക്കടിയിൽ കല്ലുകൊണ്ട് അറയുണ്ടാക്കി അതിലടയ്ക്കുക, താഴിയിൽ അടയ്ക്കുക തുടങ്ങിയവയായിരുന്നു അവ.

## ബുദ്ധമതം.

ഏതെങ്കിലുമൊരു പ്രത്യേക മതത്തിൽ അധിഷ്ഠിതമല്ലാത്ത ദ്രാവിഡചാരങ്ങളായിരുന്നു പ്രാചീനകേരളത്തിൽ നിലവിലുണ്ടായിരുന്നത്. പ്രകൃതി ശക്തികളേയും, മലദൈവങ്ങളേയും മുത്തപ്പനേയും സമരദേവതയെയുമൊക്കെ ഉപാസിച്ചിരുന്ന സാഹചര്യത്തിലാണ് ക്രിസ്തുവിന് തൊട്ടുമുൻപുള്ള ശതകങ്ങളിൽ ബുദ്ധ ജൈന മതങ്ങൾ കേരളത്തിലേക്കു കടന്നുവന്നത്. അശോകന്റെ ഭരണകാലമായ ബി.സി. മൂന്നാം ശതകത്തിൽ തന്നെ ബുദ്ധമതം കേരളത്തിൽ എത്തിയതായി കണക്കാക്കാം. ബുദ്ധസന്ദേശം പ്രചരിപ്പി

ക്കാൻ ബൗദ്ധ സന്യാസികൾ ചെയ്ത പ്രയത്നങ്ങളെക്കുറിച്ച് ധാരാളം പരാമർശങ്ങൾ സംഘം കൃതികളിലുണ്ട്. 'മണിമേഖല' ഒരു ബൗദ്ധകാവ്യമാണ്. കിളിരൂർ , കുട്ടം പേരൂർ, കൊടുങ്ങല്ലൂർ തുടങ്ങിയ ഭഗവതി ക്ഷേത്രങ്ങൾക്ക് ഒരു കാലത്ത് ബൗദ്ധദേവാലയങ്ങളായിരുന്നു എന്നാണ് വിശ്വസിക്കപ്പെടുന്നത്. ശ്രീമൂലവാസം ഒരു കാലത്ത് ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രസിദ്ധമായ ബുദ്ധമത തീർത്ഥാടന കേന്ദ്രമായിരുന്നു. ആയ് രാജാവായ വിക്രമാദിത്യ വരഗുണന്റെ പാലിയംശാസനത്തിൽ ഇതിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

കേരളത്തിൽ പല സ്ഥലങ്ങളിൽ നിന്നും ബുദ്ധവിഗ്രങ്ങൾ കിട്ടിയിട്ടുണ്ട്. കരുനാഗപ്പള്ളിക്കടുത്തുള്ള മരുതൂർ കുളങ്ങരയിൽ നിന്നും കിട്ടിയ വിഗ്രഹമാണ് ഏറ്റവും പഴയതെന്നു കരുതുന്നു. ഭരണിക്കാവ്, കറുമാടി, മാവേലിക്കര, കുന്നത്തൂർ, പള്ളിക്കൽ, പരുവശ്ശേരി എന്നിങ്ങനെ പല സ്ഥലങ്ങളിൽ നിന്നും ബുദ്ധപ്രതിമകൾ കിട്ടിയിട്ടുണ്ട്. ബുദ്ധദേവാലയങ്ങളെ 'പള്ളി' എന്നാണു വ്യവഹരിച്ചിരുന്നത്. വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിൽ ബുദ്ധമതത്തിന്റെ സംഭാവന ഗണ്യമായിരുന്നു. പള്ളിക്കൂടം, എഴുത്തുപള്ളി എന്നീ പദങ്ങളിലെ പള്ളി ശബ്ദം ബുദ്ധമത സൂചകമാവാം. കേരളത്തിലെ ക്ഷേത്ര പരിസരങ്ങളിൽ കാണുന്ന ആൽമരവും ബുദ്ധമത സംസ്കാരത്തോട് ബന്ധപ്പെടുന്നു. ശാസ്താവ് അഥവാ അയ്യപ്പൻ ഹിന്ദുദേവനാക്കപ്പെട്ട ബുദ്ധനാണെന്നും , ശബരിമലയിലെ ശാസ്താക്ഷേത്രത്തിലേക്കുള്ള തീർത്ഥാടനത്തിൽ ബുദ്ധമതാചാരങ്ങളാണ് മുന്നിട്ടു നിൽക്കുന്നതെന്നും ചില പണ്ഡിതന്മാർ പ്രസ്താവിക്കുന്നു. ആയുർവേദ ചികിത്സാപദ്ധതിക്ക് കേരളത്തിലുള്ള വമ്പിച്ച പ്രചാരം ബുദ്ധമതത്തിന്റെ സംഭാവനയാണ്. ബൗദ്ധപണ്ഡിതനായ വാഗ്ഭടന്റെ 'അഷ്ടാംഗഹൃദയം' എന്ന ആയുർവേദഗ്രന്ഥത്തിന് പ്രചുരപ്രചാരമുണ്ടായിരുന്നു. കേരളത്തിൽ ഒരു കാലത്ത് നിലവിലിരുന്ന ജന്തുബലി ഇല്ലാതായതിനു പിന്നിൽ ബുദ്ധമതത്തിന്റെ അഹിംസാ സിദ്ധാന്തം പ്രേരണ ചെലുത്തിയിരിക്കാം.

## ജൈനമതം.

ക്രിസ്തു വർഷാരംഭത്തിനു മുൻപു തന്നെ ബി.സി. മൂന്നാം ശതകം തെക്കേ ഇന്ത്യയിൽ ജൈനമതം എത്തിയിരുന്നതായി കണക്കാക്കാം. മൗര്യചക്രവർത്തിയായിരുന്ന ചന്ദ്രഗുപ്തമൗര്യൻ പതിനഞ്ചാമത്തെ ഭരണവർഷത്തിൽ സിംഹാസനം കൈവെടിഞ്ഞ് ഭദ്രബാഹു എന്ന ജൈനസന്യാസിയോടൊപ്പം മൈസൂരിലെ ശ്രവണ ബെൾഗൊളയിൽ വന്നതായും അവിടെ താമസിക്കുന്ന കാലത്തവർ ദക്ഷിണേന്ത്യയിൽ ജൈനമതം പ്രചരിപ്പിച്ചു തുടങ്ങി എന്നുമാണ് വിശ്വാസം. ക്രിസ്തുവർഷത്തിന്റെ ആരംഭശതകങ്ങളിൽ ജൈനമതത്തിന് കേരളീയ ജനങ്ങളുടെ മേൽ നല്ല സ്വാധീന ശക്തിയുണ്ടായിരുന്നു. സംഘകാലത്തെ ചില രാജാക്കന്മാർ ജൈനമതം സ്വീകരിച്ചിരുന്നതായി വിശ്വാസമുണ്ട്. തൊല്ക്കാപ്പിയത്തിന്റെ കർത്താവ്, ചിലപ്പതികാര കർത്താവായ ഇളങ്കോവടികൾ തുടങ്ങിയവർ ജൈനമതാനുയായികളായിരുന്നു. ബ്രാഹ്മി ലിപി തമിഴകത്തെത്തിച്ചത് ജൈനസന്യാസിമാരാണ്.

മധ്യകാലഘട്ടം വരെ ജൈനമതം കേരളത്തിൽ പ്രചരിച്ചിരുന്നതിന് മതിയായ തെളിവുകളുണ്ട്. തെക്കൻ തിരുവിതാംകൂറിൽ കുഴിത്തറയ്ക്കടുത്തുള്ള തിരുച്ചാരണം, കോട്ടയം ജില്ലയിലെ കിളിരൂർ, പാലക്കാട്, ആലത്തൂർ, വയനാട് ജില്ലയിലെ പനമരം, കൽപറ്റ, പുൽപ്പള്ളി തുടങ്ങി നിരവധി സ്ഥലങ്ങളിൽ ജൈനമതാവശിഷ്ടങ്ങൾ ഇന്നും കാണാനുണ്ട്. എടക്കൽ ഗുഹകൾ ഒരുകാലത്ത് ജൈനക്കാരുടെ ആരാധനാകേന്ദ്രമായിരുന്നു. ഇരിങ്ങാലക്കുടയിലെ കൂടൽ മാണിക്യക്ഷേത്രം ഒരുകാലത്ത് ജൈനക്ഷേത്രമായിരുന്നു. കേരളത്തിൽ കാണുന്ന ജൈന ക്ഷേത്രങ്ങളും അവയുടെ അവശിഷ്ടങ്ങളും ഒരു കാലത്ത് ജൈനമതത്തിനു കേരളീയർക്കിടയിലുണ്ടായിരുന്ന പ്രചാരത്തിന്റെ തെളിവുകളാണ്. എട്ടാം നൂറ്റാണ്ടിൽ ബ്രാഹ്മണമേധാവിത്വം കേരളത്തിൽ വളർച്ച പ്രാപിച്ചതോടെ ശൈവ വൈഷ്ണവ മതങ്ങൾ ശക്തിയാർജ്ജിക്കുകയും, തൽഫലമായി ബുദ്ധ ജൈനമതങ്ങൾ ക്ഷയിക്കുകയും ചെയ്തു. പതിനാറാം നൂറ്റാണ്ടു വരെ ഈ മതങ്ങളുടെ സ്വാധീനം നിലനിൽക്കുകയും അതിനുശേഷം നാമാവശേഷമാകുകയും ചെയ്തു.

# മൊഡ്യൂൾ 4

## കുലശേഖര സാമ്രാജ്യം

സംഘകാലഘട്ടത്തിനുശേഷം കേരളചരിത്രത്തിൽ പ്രശസ്തിയാർജ്ജിച്ച രാജാക്കന്മാർ മഹോദയപുരത്തെ കുലശേഖരന്മാരായിരുന്നു. ഏ.ഡി.800 മുതൽ 1100 വരെയുള്ള മൂന്നു നൂറ്റാണ്ടോളം കേരളത്തെ നിയന്ത്രിച്ച പ്രബലശക്തി കുലശേഖരന്മാരുടേതായിരുന്നു. മഹോദയപുരം ആസ്ഥാനമാക്കി തെക്ക് കൊല്ലംവരെയും വടക്ക് കണ്ണൂരുവരെയുമുള്ള ഭൂപ്രദേശം വാണ രാജാക്കന്മാരെയാണ് കുലശേഖരന്മാർ എന്നു പറയുന്നത്. രണ്ടാം ചേര സാമ്രാജ്യമെന്നും ചരിത്രകാരന്മാർ കുലശേഖരസാമ്രാജ്യത്തെ വിശേഷിപ്പിക്കാറുണ്ട്. കുലശേഖരസാമ്രാജ്യത്തിന്റെ ചരിത്രം ആ കാലഘട്ടത്തിലെ ശാസനങ്ങളുടെ ശാസ്ത്രീയ പഠനത്തിലൂടെ പുറത്തു കൊണ്ടുവന്നത് പ്രൊഫ: ഇളംകുളം കുഞ്ഞൻപിള്ളയാണ്. കുലശേഖരൻ എന്നൊരാളാണ് രണ്ടാം ചേരസാമ്രാജ്യ സ്ഥാപകൻ എന്നാണ് ഇദ്ദേഹം അഭിപ്രായപ്പെടുന്നത്. എന്നാൽ ചരിത്രപണ്ഡിതനായ എം.ജി.എസ്. നാരായണന്റെ അഭിപ്രായത്തിൽ കുലശേഖരൻ എന്നത് ഒരു സ്ഥാനപ്പേരു മാത്രമാണ്.

## മഹോദയപുരത്തെ പ്രധാന രാജാക്കന്മാർ

### കുലശേഖര ആഴ്വാർ

“കുലശേഖര വർമ്മയാണ് (ഏ.ഡി. 800–820) രണ്ടാം ചേര സാമ്രാജ്യത്തിന്റെ സ്ഥാപകനെന്നാണ് പണ്ഡിതമതം ‘ മഹോദയ പുരപരമേശ്വര’നെന്നും, ‘കേരള കുലചൂഡാമണി ’യെന്നും സ്വയം വിശേഷിപ്പിക്കുന്ന നാടകകർത്താവായ കുലശേഖരനും, കുലശേഖര ആഴ്വാരും ഒരാളാണെന്നും അഭിപ്രായമുണ്ട്. ഇതു ശരിയാണെങ്കിൽ തപതീസംവരണം, സുഭദ്രാധനഞ്ജയം, വിച്ഛിന്നാഭിഷേകം എന്ന മൂന്നു നാടകങ്ങളുടെയും ആശ്ചര്യ മഞ്ജരി എന്ന ഗദ്യകൃതിയുടെയും കർത്താവുകൂടിയാണ് കുലശേഖര ആഴ്വാർ എന്നു കരുതേണ്ടിയിരിക്കുന്നു”. (കേരള ചരിത്രം– ഏ. ശ്രീധരമേനോൻ) നാടക കർത്താവായ കുലശേഖരൻ ഹാസ്യകവിയായ തോലന്റെ സഹകരണത്തോടെ കൂടിയാട്ടത്തിലെ ചില ചടങ്ങുകൾ ചിട്ടപ്പെടുത്തിയതായും പരക്കെ വിശ്വാസമുണ്ട്. എന്നാൽ നാടകക്കാരനായ കുലശേഖരന്റെയും, തമിഴിലെ ഭക്തിപ്രബന്ധമായ പെരുമാൾ തിരുമൊഴിയുടെ കർത്താവായ കുലശേഖര ആഴ്വാരുടെയും സാഹിത്യശൈലികൾ പരസ്പരം പൊരുത്തപ്പെടാത്തതിനാൽ രണ്ടുപേരും ഒന്നാണെന്ന അഭിപ്രായത്തെ പിന്തള്ളിക്കളയുന്ന പണ്ഡിതന്മാരുമുണ്ട്.

### രാജശേഖരവർമ്മ

രണ്ടാം ചേര സാമ്രാജ്യത്തിൽ പ്രശസ്തിയാർജ്ജിച്ച ആദ്യരാജാവ് രാജശേഖരനാണ്(ഏ.ഡി. 820–844) ശൈവഭക്തനായിരുന്ന രാജശേഖരവർമ്മയുടെ ‘വാഴപ്പള്ളി ശാസന’മാണ് ചേരരാജാക്കന്മാരുടേതായി കേരളത്തിൽ നിന്നും കണ്ടെടുക്കപ്പെട്ട ആദ്യശാസനം. രാജാവിനെ പരമേശ്വര ഭട്ടാരകൻ എന്നു ശാസനത്തിൽ വിശേഷിപ്പിക്കുന്നുണ്ട്. ശൈവസിദ്ധനായിരുന്ന ചേരമാൻ പെരുമാൾ നായനാർ ഈ രാജശേഖരനാവാനാണ് സാദ്ധ്യത. ശ്രീശങ്കരൻ ശിവാനന്ദ ലഹരിയിൽ ശ്ലേഷപ്രയോഗത്തിലൂടെ സ്മരിക്കുന്ന വ്യക്തിയും ഇദ്ദേഹം തന്നെയാവാം. ശങ്കരന്റെ സമകാലികനായ രാജശേഖവർമ്മയുടെ ഭരണകാലത്തു തന്നെയാണ് കേരളത്തിൽ കൊല്ലവർഷം ആരംഭിക്കുന്നത്.

## സ്ഥാണുരവിവർമ്മ

കുലശേഖരന്മാരിൽ സമുന്നതനായ ഭരണാധികാരിയാണ് മൂന്നാമനായ സ്ഥാണുരവിവർമ്മ. (844–885). രവിവർമ്മകുലശേഖരൻ എന്ന പേരിലറിയപ്പെടുന്നതും ഇദ്ദേഹം തന്നെയാണ്. സ്ഥാണു രവിയുടെ ഭരണക്കാലത്താണ് അയ്യനടികൾ തിരുവടികൾ തരിസാപ്പള്ളി ചെപ്പേട് എഴുതിക്കൊടുത്തത്. മരുവാൻ സപീർ ഈശോയ്ക്ക് കരക്കേണി കൊല്ലത്ത് പള്ളി പണിയാൻ അവകാശവും കുറേ പദവികളും നൽകി എന്നതാണിതിന്റെ പ്രമേയം. ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിലും ഇദ്ദേഹത്തിന്റെ ഒരു ശാസനമുണ്ട്. തിരുവല്ലയിലെ മേച്ചേരി ഇല്ലത്തു നിന്നു മറ്റൊരു ശാസനവും കണ്ടുകിട്ടിയിട്ടുണ്ട്. മതം മാറിയ പെരുമാൾ സ്ഥാണുരവി ആണെന്നും, അതിന്റെ ഓർമ്മയ്ക്കാണ് കൊല്ലവർഷം തുടങ്ങിയതെന്നും അഭിപ്രായമുണ്ട്.

## രാമവർമ്മ (ഏ.ഡി 885–917)

സാഹിത്യാദി കലകളുടെ പ്രോത്സാഹകൻ എന്ന നിലയിൽ പ്രസിദ്ധനായ കുലശേഖര രാജാവാണ് രാമവർമ്മ കുലശേഖരൻ. തപതീസംവരണകർത്താവായ കുലശേഖരനും രാമവർമ്മ കുലശേഖരനും ഒരാളാണെന്ന വാദവും നിലനിൽക്കുന്നുണ്ട്.

## ഗോദരവിവർമ്മ(ഏ.ഡി 917–944)

കോതാരവിവർമ്മ എന്നും രേഖപ്പെടുത്തിക്കാണുന്ന ഇദ്ദേഹമാണ് അടുത്ത കുലശേഖരചക്രവർത്തി. 'മനുകുലാദിത്യൻ' എന്നു വിശേഷിപ്പിക്കുന്നത് കോതാരവിവർമ്മയെ തന്നെയാണെന്നാണ് ഇളംകുളം അഭിപ്രായപ്പെടുന്നത് ഇദ്ദേഹത്തിന്റെ ഭരണകാലത്ത് കൊങ്ങൻപട കേരളത്തെ ആക്രമിച്ചുവെന്നും, പാലക്കാട്, കോഴിക്കോട്, വള്ളുവനാട് രാജാക്കൻമാരുടെ തുണയോടെ കൊങ്ങൻപടയെ തുരത്തിയെന്നുമുള്ള ഒരു കഥ നിലനിൽക്കുന്നുണ്ട്. നെടുംപുറം, തളി, അവിട്ടത്തൂർ, ചോക്കൂർ, തൃപ്പൂണിത്തറ, ഉദയംപേരൂർ എന്നിനിടങ്ങളിൽനിന്നും ഗോദ രവിവർമ്മയുടെ ശാസനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

## തുടർന്ന് വരുന്ന കുലശേഖര രാജാക്കൻമാർ

ഇന്ദുക്കോതവർമ്മ (ഏ.ഡി.–944–962) – ഗോദ രവിവർമ്മയുടെ മകൻ

ഭാസ്കര രവിവർമ്മ ഒന്നാമൻ (ഏ.ഡി. 961–1019)– ഭാസ്കരരവിവർമ്മ എന്ന പേര് രേഖപ്പെടുത്തിയിട്ടുള്ള ഇരുപതിൽപരം ശാസനങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. ജോസഫ് റബ്ബാൻ എന്ന ജൂത പ്രമാണിക്ക് നൽകുന്ന 'ജൂതശാസനം' പ്രാധാന്യമർഹിക്കുന്നു.

ഭാസ്കരരവിവർമ്മ രണ്ടാമൻ (ഏ.ഡി.1019–1021)–തൃക്കാക്കര, തിരുനെല്ലി എന്നിവിടങ്ങളിൽ നിന്നും ലഭിച്ച ശാസനങ്ങളിൽ പരാമർശിക്കപ്പെടുന്നു.

വീരകേരളൻ- ഏ.ഡി.(1022-1028)

-രാജരാജചോളൻ വീരകേരളനെ യുദ്ധത്തിൽ തോൽപ്പിച്ച് ആനയെക്കൊണ്ട് ചവിട്ടിക്കൊല്ലിച്ചു എന്ന് ചരിത്രംപറയുന്നു.

രാജസിംഹൻ- (ഏ.ഡി.1028-1043) മണിഗ്രാമവർത്തകരായ ഇരവിചാത്തനും, ചാത്തൻവടുകനും ആനുകൂല്യങ്ങൾ നൽകുന്ന 'താഴക്കാട്ടു ശാസനം' രാജസിംഹന്റെതാണ്.

ഭാസ്കരരവി മൂന്നാമൻ - (ഏ.ഡി. 1043-1082),രവിരാമവർമ്മ 1082-1090) വിശദവിവരങ്ങൾ ലഭ്യമല്ല.

രാമവർമ്മ കുലശേഖരൻ (ഏ.ഡി- 1090-1102)-രണ്ടാം ചേരസാമ്രാജ്യത്തിലെ അവസാന രാജാവ് ചോളരസാമ്രാജ്യത്തിനെതിരായ യുദ്ധത്തിൽ സമസ്തപ്രജകളെയും ഒരു കൊടിക്കീഴിൽ അണിനിരത്തി. ഇദ്ദേഹമാണ് കുലശേഖരസാമ്രാജ്യത്തിന്റെ ആസ്ഥാനം മഹോദയപുരത്തുനിന്നും കൊല്ലത്തേക്കുമാറ്റിയത്.

രണ്ടാം ചേരസാമ്രജത്തിലെ ഭരണാധികാരികളുടെ കാലഗണനക്രമത്തിൽ ചരിത്രപണ്ഡിതന്മാരായ ഇളംകുളംകുഞ്ഞൻപിള്ളയും, എം.ജി.എസ്. നാരായണനും വ്യത്യസ്ത നിലപാടാണ് സ്വീകരിച്ചിരുന്നതെന്നു മുൻപു സൂചിപ്പിച്ചുവല്ലോ. അവർ കണക്കാക്കുന്ന കാലഗണനാ ക്രമം ചുവടെ ചേർക്കുന്നു.

| | | ഇളം കുളം | എം.ജി.എസ്. |
|---|---|---|---|
| 1. | കുലശേഖരൻ | ഏ.ഡി 800-820 | ഏ.ഡി ......................... |
| 2. | രാജശേഖരൻ | 820-844 | 800-844 |
| 3. | സ്ഥാണുരവി | 844-885 | 844-883 |
| 4. | രാമവർമ്മ | 885-917 | ...................... |
| 5. | ഗോദരവിവർമ്മ | 917-947 | 883-913 |
| 6. | ഭാസ്കരരവി I | 962-1019 | ....................... |
| 7. | ഭാസ്കരരവി II | 1019-1021 | 962-1021 |
| 8. | വീരകേരളൻ | 1021-1028 | ..................... |
| 9. | രാജസിംഹൻ | 1028-1043 | ...................... |
| 10. | ഭാസ്കരരവി III | 1043-1082 | ...................... |
| 11. | രവിരാമവർമ്മ | 1082-1090 | ..................... |
| 12. | രാമവർമ്മ കുലശേഖരൻ | 1090-1102 | 1089-1122 |

## പെരുമാളിന്റെ മതം മാറ്റം

കുലശേഖര ഭരണത്തിനു ശേഷം വെളിയിൽ നിന്നു വന്ന പെരുമാക്കന്മാരാണ് കേരളം ഭരിച്ചിരുന്നതെന്ന വിശ്വാസമാണ് പ്രബലം. കേരളം സൃഷ്ടിച്ച പരശുരാമൻ ഭൂമിയെ 64 ബ്രാഹമമണ ഗ്രാമങ്ങളായി വിഭജിക്കുകയും ആഢ്യന്മാർക്കുമാത്രം അധികാരമുള്ള ഒരു ഭരണക്രമം നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ ബ്രാഹ്മണാധിപത്യം ജനങ്ങൾക്ക് ദുരി

തമായതിനെ തുടർന്ന് രാജഭരണത്തിന് വെളിയിൽനിന്ന് പെരുമാക്കന്മാരെ കൊണ്ടുവരാൻ തീരുമാനമായി. ഓരോ പെരുമാളും 12 വർഷം വീതം ഭരണം നടത്തണമെന്നായിരുന്നുവ്യവസ്ഥ. ഇതിൽ അവസാനത്തെ പെരുമാൾ ചേരമാൻ പെരുമാളായിരുന്നുവെന്നും, അദ്ദേഹം കേരളം സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും പങ്കുവെച്ചു കൊടുത്തതിനു ശേഷം ഇസ്ലാംമതം സ്വീകരിച്ച് മക്കത്തുപോയെന്നുമാണ് 'കേരളോൽപ്പത്തി'യിൽ പരാമർശിച്ചിട്ടുള്ളത്.

പെരുമാൾ  ഇസ്ലാംമതം സ്വീകരിച്ച കഥ പ്രമാണികമെന്ന നിലയിൽ ലോഗൻ അംഗീകരിക്കുന്നുണ്ട്. കേരളോൽപ്പത്തിയനുസരിച്ച് പെരുമാൾ ഭരണത്തിന്റെ കാലം എ.ഡി. 3-ാം ശതകം മുതൽ അഞ്ചാം ശതകം വരെയും ഒടുവിലത്തെ പെരുമാൾ മക്കത്തു പോയത് എ.ഡി. 345-ലും ആയിരുന്നു. എന്നാൽ കേരളോൽപ്പത്തിയിലെ ഈ കഥ വെറും കട്ടുകഥ മാത്രമാണ്. പെരുമാക്കന്മാരുടെ കഥയെ സാധൂകരിക്കുന്ന യാതൊരു തെളിവും കണ്ടുകിട്ടിയില്ല.

## കൊല്ലവർഷം- വിവിധ കാഴ്ചപ്പാടുകൾ

"കൊല്ലവർഷം നിലവിൽ വന്നത് കേരളത്തിന്റെ ചരിത്രത്തിലും കാലഗണനയിലും ഒരു സുപ്രധാന സംഭവമാണ്. അതു പ്രചരിക്കുന്നതിനു മുമ്പുണ്ടായിട്ടുള്ള ശാസനങ്ങളും മറ്റു രേഖകളും രാജവർഷമോ, കലിവർഷമോ, ശകവർഷമോ ആണു സ്വീകരിച്ചിരിക്കുന്നത്. വേണാട്ടിലെ ശ്രീ വല്ലഭൻ കോതയുടെ 'മാമ്പള്ളിശാസന'മാണ്. (കൊല്ലം 149) കണ്ടുകിട്ടിയേടത്തോളം കൊല്ലവർഷം രേഖപ്പെടുത്തിയിട്ടുള്ള ആദ്യത്തെ രേഖ ദക്ഷിണ കേരളം, മധുര, തിരുനെൽവേലി, ശ്രീലങ്ക എന്നിവിടങ്ങളിൽ  ചിങ്ങം ഒന്നാം തിയ്യതിയും ഉത്തര കേരളത്തിൽ കന്നി ഒന്നാം തിയ്യതിയുമാണ് വർഷാരംഭമെന്നത് കൊല്ലവർഷത്തിന്റെ ഒരു പ്രത്യേകതയാണ്". (കേരളചരിത്രം- എ. ശ്രീധരമേനോൻ)

കൊല്ലവർഷാരംഭത്തെ സംബന്ധിച്ച് ഒരുപാട് സിദ്ധാന്തങ്ങൾ നിലവിലുണ്ട്. എന്നാലിവയിൽ പലതിനും ഒരു കെട്ടുകഥയുടെ അംഗീകാരം മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നതും ശ്രദ്ധേയമാണ്.

### ഉദയമാർത്താണ്ഡൻ കഥ

കലിവർഷം 396-ൽ (എ.ഡി. 824-825) വേണാട്ടു രാജാവായ ഉദയമാർത്താണ്ഡവർമ്മ  ഒരു പുതിയ വർഷം ആരംഭിക്കുന്നതിനായി കേരളത്തിലെ മുഴുവൻ പണ്ഡിതന്മാരെയും വിളിച്ചുകൂട്ടി ആലോചിക്കുകയും ജ്യോതിശാസ്ത്രപരമായ വിശകലനങ്ങൾക്കു ശേഷം ആ വർഷം ചിങ്ങമാസം മുതൽ ഒരു പുതിയ വർഷം ആരംഭിക്കാൻ തീരുമാനിച്ചുവെന്നുമുള്ള ഒരു കഥ തിരുവിതാംകൂർ ചരിത്രമെഴുതിയ പി. ശങ്കുണ്ണിമേനോൻ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ എ.ഡി. 825 മുതൽ പുതിയൊരു കാലഗണന സമ്പ്രദായം ഉപയോഗിക്കുകയാണെങ്കിൽ അതിനെത്തുടർന്നുണ്ടായ രേഖകളിലെല്ലാം കൊല്ലവർഷം പരിഗണിക്കപ്പെടേണ്ടതാണ്. പക്ഷേ കൊല്ലവർഷം തുടർച്ചയായി ഉപയോഗിക്കപ്പെടാൻ തുടങ്ങിയത്  12-ാം ശതകത്തിലാണ് അതുകൊണ്ടു തന്നെ കൊല്ലവർഷാരംഭവുമായി ബന്ധപ്പെട്ട വസ്തുതയെന്ന നിലയിൽ ഉദയമാർത്താണ്ഡൻ കഥ സ്വീകാര്യമല്ലാതായി.

## ലോഗന്റെ സിദ്ധാന്തം

ലോഗന്റെ സിദ്ധാന്തപ്രകാരം വേണാട് കോലത്തുനാട് എന്നിവ പെരുമാൾ വാഴ്ച യിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചതിന്റെ സ്മരണയ്ക്കായാണ് കൊല്ലവർഷം ആരം ഭിച്ചതെന്നാണ്. വേണാട് ചിങ്ങം ഒന്നിനും കോലത്തുനാട് കന്നി ഒന്നിനുമാണത്രേ സ്വത ന്ത്രമായത്. വർഷാംരംഭവുമായി ബന്ധപ്പെട്ട് കേരളത്തിന്റെ ദക്ഷിണോത്തര ഭാഗങ്ങൾ തമ്മിൽ ഒരു മാസത്തെ വ്യത്യാസം വരാൻ കാരണമിതാണെന്നും അദ്ദേഹം കൂട്ടിച്ചേർക്കു ന്നു. എന്നാൽ.ഏ.ഡി. 9,10 നൂറ്റാണ്ടുകളിൽ വേണാടും കോലത്തുനാടും ചേരസാമ്രാജ്യ ത്തിന്റെ കീഴിലായിരുന്നു. അതിനാൽ തന്നെ ലോഗന്റെ വാദത്തിന് സാധുതയില്ലാതായി.

## ശങ്കരാചാര്യരും അനാചാരങ്ങളും

കേരളൽപത്തിയിലെ കഥയെ അടിസ്ഥാനമാക്കി പരിശോധിക്കുമ്പോൾ ശങ്കരാചാ ര്യർ ബ്രാഹ്മണർക്കിടയിൽ അറുപത്തിനാല് അനാചാരങ്ങൾ (പ്രത്യേകാചാരങ്ങൾ) ഏർപ്പെ ടുത്തിയതിന്റെ സ്മരണാർത്ഥമാണ് കൊല്ലവർഷം തുടങ്ങിയതെന്നാണ്. ശങ്കരസ്മൃതി ശങ്ക രാചാര്യരുടേതാണെന്ന തെറ്റായ ധാരണയാണ് ഈ വാദത്തിനടിസ്ഥാനം. പതിമൂന്നോ പതിനാലോ നൂറ്റാണ്ടിൽ മറ്റേതോ ശങ്കരൻ രചിച്ചതാണ്. ശങ്കര സ്മൃതി എന്ന് അതിലെ ജന്മിപദപ്രയോഗത്തെ ആധാരമാക്കി വാദിക്കുന്നവരുണ്ട്. ജന്മി സമ്പ്രദായം കേരളത്തിൽ നിലവിൽ വരുന്നതും അക്കാലത്തു തന്നെയാണ്. ഈ നിലയ്ക്ക് നോക്കുമ്പോൾ ശങ്കരാ ചാര്യരുമായി ബന്ധപ്പെടുത്തി കേരളോൽപ്പത്തിയിൽ പ്രചരിക്കുന്ന കഥയും വെറും കെട്ടു കഥയായി മാത്രമൊതുങ്ങുന്നു.

## കൊല്ലം തോന്റി

തെക്ക് കുരക്കേണി കൊല്ലവും, വടക്ക് പന്തലായനി കൊല്ലവും സ്ഥാപിതമായ തിന്റെ സ്മരണാർത്ഥമാണ് കൊല്ലവർഷം ആരംഭിച്ചതെന്ന വാദമാണ് 'കൊല്ലം തോന്റി 'ക്കാധാരം. കൊല്ല വർഷാരംഭത്തിനു മുൻപു തന്നെ പല രേഖകളിലും കൊല്ലം നഗ രത്തെക്കുറിച്ച് പരാമർശമുണ്ട്. ചൈനയിലെ താങ് വംശ രേഖകൾ 618-917 കാലങ്ങളിൽ കൊല്ലവുമായി വ്യാപാരബന്ധം പുലർത്തിയതിന്റെ സാക്ഷ്യമാണ്. കൂടാതെ കുരക്കേണി കൊല്ലവും പന്തലായനി കൊല്ലവും കൊല്ലവർഷാരംഭത്തിന് മുൻപുതന്നെ ആ പേരുക ളിൽ അറിയപ്പെട്ടിരുന്നു എന്നതും ഈ വാദത്തിന്റെ യുക്തിയെ ചോദ്യം ചെയ്യുന്നു.

കൊല്ലവർഷാരംഭവുമായി ബന്ധപ്പെടുത്തി ഇനിയുമൊരുപാട് അഭ്യൂഹങ്ങൾ നില നിൽക്കുന്നുണ്ട്.ചേര സാമ്രാജ്യം പലർക്കായി ദാനം ചെയ്തതിനു ശേഷം ചേരന്മാർ പെരു മാൾ ഇസ്ലാം മതം സ്വീകരിച്ചു. മക്കയ്ക്കു പോയതിന്റെ ഓർമ്മയ്ക്കായാണ് ഏ.ഡി. 825 ൽ കൊല്ലവർഷം ആരംഭിച്ചതെന്നാണ് മറ്റൊരു വാദം. തെക്കൻ കൊല്ലത്തെ രാമേശ്വര പ്രതി

ഷ്ഠയുമായ് ബന്ധപ്പെട്ടാണ് കൊല്ലവർഷാരംഭം എന്നൊരു വാദവും നിലന്ല്ക്കുന്നുണ്ട്. ഏ.ഡി. 825 ൽ കൊല്ലത്തു വന്ന ക്രിസ്ത്യൻ സമുദായം അവിടെയൊരു ക്രൈസ്തവ കോളനി തുടങ്ങിയതിന്റെ സ്മരണാർത്ഥമെന്നും കഥകൾ പ്രചരിക്കുന്നുണ്ട്.

സപ്തർഷി വർഷത്തിന്റെ അഥവാ ശാസ്ത്രസംവൽസരത്തിന്റെ പരിഷ്കരിച്ച രൂപമായിരിക്കാം കൊല്ലവർഷത്തിന്നാധാരം എന്ന പ്രൊഫ. സുന്ദരം പിള്ളയുടെ വാദത്തിനാണിന്നു കൂടുതലംഗീകാരം. കാശ്മീർ തുടങ്ങി പല ഭാഗങ്ങളിലും സപ്തർഷി വർഷം കാലഗണനയ്ക്കായി ഉപയോഗിച്ചിരുന്നു. 'ലൗകിക വർഷം' എന്നുകൂടി പേരുള്ള സപ്തർഷി വർഷത്തിന്റെ പ്രത്യേകത നൂറു വർഷം കൊണ്ട് ഒരാവൃത്തി പൂർത്തിയാവുകയും വീണ്ടും ഒന്നും എന്ന് അടുത്ത ആവൃത്തി ആരംഭിക്കുകയുംചെയ്യുന്നു എന്നതാണ്. ക്രിസ്തുവർഷത്തോട് 76 കൂട്ടിയാൽ സപ്തർഷി വർഷം കിട്ടും.ബി.സി. 76 ൽ ആരംഭിച്ച സപ്തർഷി വർഷം ഏ.ഡി. 24 ൽ എത്തുമ്പോൾ നൂറു വർഷമായി ഏ.ഡി. 25 ൽ വീണ്ടും ഒന്ന് എന്ന നിലയിലാണ് കൂട്ടുക. ഏ.ഡി. 124 ൽ വീണ്ടും ഒരു തവണ കൂടി 100 വർഷം തികയുന്നു. ഏഡി. 125 വീണ്ടും ഒന്ന് എന്നെണ്ണി തുടങ്ങും. ആര്യന്മാരുടെ വരവോടെയാകാം ഇവിടെ കൊല്ലവർഷം ആരംഭിച്ചത്. അവർ വന്നതിനുശേഷം കേരളത്തിൽ നൂറിന്റെ ചാക്രികക്രമം പൂർത്തിയാവുന്നത്. ഏ.ഡി. 824 ൽ ആണ്. അപ്പോൾ ഏ.ഡി. 825 പഴയ രീതിയിൽ ഒന്ന് എന്ന് എണ്ണപ്പെട്ടു. 925 ൽ എത്തിയപ്പോൾ പഴയ മട്ടിൽ ഒന്ന് എന്നു കണക്കാക്കാതെ നൂറ്റിയൊന്ന് എന്നു കണക്കാക്കാൻ തുടങ്ങി എന്ന വാദത്തിനാണ് പ്രാബല്യം കൂടുതൽ. ഈ വാദം വിശ്വാസയോഗ്യമാണെങ്കിലും കൊല്ലവർഷം തെക്ക് ചിങ്ങം ഒന്നാം തിയ്യതിയും വടക്ക് കന്നി ഒന്നാം തിയ്യതിയും ആരംഭിക്കുന്നതെന്തു കൊണ്ടാണെന്നോ, സപ്തർഷി വർഷത്തിന്റെ പരമ്പരാഗതമായ കാലഗണനാസമ്പ്രദായം ഉപേക്ഷിച്ച് പുതിയ രീതി കൈകൊണ്ടതെന്തു കൊണ്ടാണെന്നോ ഈ സിദ്ധാന്തം വിശദീകരിക്കുന്നില്ല.

## ആര്യാധിനിവേശവും പ്രത്യാഘാതങ്ങളും

ദ്രാവിഡജനതയുടെ ഇടയിലേക്ക് കടന്നുകയറി രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ സർവ മേഖലകളിലും തങ്ങളുടേതായ അധികാരചിഹ്നങ്ങൾ സ്ഥാപിച്ച ആര്യന്മാർ എന്നാണ് കേരളത്തിലേക്ക് വന്നതെന്നതിനെചൊല്ലി പണ്ഡിതന്മാർക്കിടയിൽ വിവിധ അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട് .വൈദിക ബ്രാഹ്മണർ മലബാറിലെത്തിയത് ഏ.ഡി. 8-ാം ശതകത്തിന്റെ ആരംഭത്തിലാണെന്നും, തുളുനാട്ടിൽ നിന്നും കടൽത്തീരം വഴിയാണവർ വന്നതെന്നും ലോഗൻ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ ക്രിസ്തുവർഷാംരഭത്തിൽ തന്നെ ആര്യന്മാർ കേരളത്തിലേക്കു വന്നു ചേർന്നിരുന്നു എന്നതിന് സംഘസാഹിത്യത്തിൽ തെളിവുകളുണ്ട്. ജൈനരേയും ബൗദ്ധരേയും പിന്തുടർന്ന് ബി.സി. മൂന്നാം ശതകത്തിൽ തന്നെ ആര്യന്മാർ കേരളത്തിൽ വന്നതായി കരുതാമെ

ന്നാണ് പണ്ഡിതാഭിപ്രായം . എ.ഡി. എട്ടാം നൂറ്റാണ്ടിൽ ഒരു സംഘം വൈദേശിക ബ്രാഹ്മണർ കേരളത്തിലേക്ക് വരികയും അതിനെത്തുടർന്ന ഇവിടെയുണ്ടായിരുന്ന ആര്യന്മാർ തങ്ങളുടെ അധിനിവേശം ശക്തിപ്പെടുത്തുകയും ചെയ്തു എന്നു വേണം കരുതാൻ.

ജാതിരഹിതമായൊരു ജീവിതമായിരുന്നു കേരളത്തിലെ പ്രാകൃതജനത ആചരിച്ചിരുന്നത്. എന്നാൽ ആര്യന്മാരുടെ കടന്നുവരവോടുകൂടി ജാതിസമ്പ്രദായം അതിന്റെ എല്ലാവിധ ദൂഷ്യവശങ്ങളും പ്രകടമാക്കി തുടങ്ങി. ചാതുർവർണ്യത്തിലധിഷ്ഠിതമായ ആര്യപ്രമാണങ്ങൾ സമൂഹത്തിൽ അടിച്ചേൽപ്പിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ബ്രാഹ്മണ മേധാവിത്വത്തിന്റെ രൂക്ഷമുഖം പൊതു ജനജീവിതത്തിലുടനീളം കാണാവുന്നതാണ്. ഒൻപതാം നൂറ്റാണ്ടോടുകൂടി ആര്യമതത്തിന്റെ സ്വാധീനശക്തി വർദ്ധിച്ചു. രണ്ടാം ചേര സാമ്രാജ്യത്തിലെ കുലശേഖരചക്രവർത്തിമാരുടെ കാലമാവുമ്പോഴേക്കും ഹിന്ദുമതംഒരു പ്രബല ശക്തിയായി മാറി.

ആദ്യകാലങ്ങളിൽ സമൂഹത്തിൽ മുൻപന്തിയിലുണ്ടായിരുന്ന പാണർ, പറയർ തുടങ്ങിയ വിഭാഗങ്ങൾ അധസ്ഥിത വർഗ്ഗങ്ങളായി മാറി. സ്ത്രീക്കും പുരുഷനും തുല്യസ്ഥാനം നൽകിയിരുന്നു സാമൂഹ്യ വ്യവസ്ഥിതിയും അട്ടിമറിക്കപ്പെട്ടു. സ്തീ വിദ്യാഭ്യാസം ഒരു പരിധി വരെ നിരോധിക്കപ്പെടുക തന്നെ ചെയ്തു. കേരളീയരുടെ ഭക്ഷണശീലങ്ങളെ പോലും ആര്യശക്തികൾ ചിട്ടപ്പെടുത്തുന്ന കാഴ്ചയാണ് പിന്നീട് കാണാൻ കഴിഞ്ഞത്. മാംസം ഭക്ഷിക്കുന്നത് വിലകുറഞ്ഞ ഏർപ്പാടായി മുദ്ര കുത്തപ്പെട്ടു. ശാരീരികാദ്ധ്വാനം ആവശ്യപ്പെടുന്ന തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന ജനതയെ താഴെക്കിടക്കാരായി കണക്കാക്കുന്ന പ്രവണത ആര്യവൽക്കരണത്തോടെയാണ് കണ്ടുവരുന്നത്..

ആര്യ വൽക്കരണത്തിന്റെ ഭാഗമായി കേരളത്തിൽ നിന്നും ബുദ്ധ ജൈനമതങ്ങൾ പിന്തള്ളപ്പെടുന്ന ഒരവസ്ഥയുണ്ടായി. ബ്രാഹ്മണർ അക്കാലത്ത് ബുദ്ധവിഹാരങ്ങളും ബുദ്ധ പ്രതിമകളും നശിപ്പിക്കുന്നതോടൊപ്പം തന്നെ ഹൈന്ദവ ദേവാലയങ്ങൾ ധാരാളമായി സ്ഥാപിക്കുന്നതിലും വ്യഗ്രത കാണിച്ചു ആര്യാധിനിവേശത്തോടുകൂടി രൂപം കൊണ്ട ഭക്തി പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളായ സിദ്ധന്മാർ വിഷ്ണു, ശിവൻ തുടങ്ങിയ ഹൈന്ദവദേവന്മാരുടെയും ദേവിമാരുടെയും ആരാധനയ്ക്ക് പ്രചാരം നൽകുകയുംചെയ്തു. തുടർന്ന് ദ്രാവിഡജനതയുടെ പല ആരാധന ക്രമങ്ങളെയും ആരാധനാമൂർത്തികളെയും ആര്യ വൽക്കരണത്തിന്റെ ഭാഗമായി വരേണ്യബോധവുമായി സമന്വയിപ്പിക്കാനുള്ള ശ്രമവും ദൃശ്യമാണ്. ദ്രാവിഡജനതയുടെ സമരദേവതയായ കൊറ്റവൈ കാളിയായും ഭഗവതിയായുമെല്ലാം ഹൈന്ദവർക്കിടയിൽ പ്രത്യക്ഷപ്പെട്ടു. സമതുലനാവസ്ഥയോടുകൂടി നീങ്ങിയിരുന്ന കേരളീയ ജനജീവിതത്തിന്റെ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവും ആത്മീയവുമായ സർവ്വ മേഖലകളിലും ആര്യാധിപത്യം വരുത്തിയ മാറ്റങ്ങൾ ദൃശ്യമാണ്. കേവലമൊരു പ്രവണത എന്നതിലുപരിയായി കേരളീയ പാരമ്പര്യത്തെ തന്നെ മാറ്റി മറിച്ച ഒരു ചരിത്രസംഭവമായാണ് ആര്യാധിനിവേശത്തെ അപഗ്രഥിക്കേണ്ടത്.

## ക്ഷേത്രകേന്ദ്രീകൃത സാമൂഹ്യവ്യവസ്ഥ.

എ.ഡി. എട്ടാം നൂറ്റാണ്ടോടുകൂടിയാണ് കേരളത്തിൽ ബ്രഹ്മണമേധാവിത്വം ശക്തമാകുന്നത്. അതോടുകടി കേരളത്തിൽ ഹൈന്ദവ മതത്തിന് പ്രാമാണ്യം വർദ്ധിക്കുകയും ചെയ്തു. ഇതെ തുടർന്ന് കേരളത്തിലുടനീളം ക്ഷേത്രങ്ങളുണ്ടാവുകയും ചെയ്തു. ആര്യവത്ക്കരണത്തോടുകൂടി ജനങ്ങളുടെ മതപരവും സാംസ്കാരികവുമായ ജീവിതത്തിൽ ക്ഷേത്രങ്ങൾ പ്രകടമായ സ്വാധീനം ചെലുത്തിയതായി കാണാം. ശുചീന്ദ്രം, പാർത്ഥിവപുരം, തിരുവനന്തപുരം, നാവായിക്കുളം, കണ്ടിയൂർ, തിരുവല്ല, പെരുന്ന, തൃക്കൊടിത്താനം, ഏറ്റുമാനൂർ, വൈക്കം, തൃക്കാക്കര, തൃശ്ശൂർ, തിരുവഞ്ചിക്കുളം, തിരുനെല്ലി തുടങ്ങിയവിടങ്ങളിലെല്ലാം ബ്രാഹ്മണരുടെ നേതൃത്വത്തിൽ ക്ഷേത്രങ്ങൾ സ്ഥാപിക്കപ്പെട്ടു. ക്ഷേത്ര നിർമ്മാണത്തിനും നടത്തിപ്പിനുമായി ഭരണാധികാരികളും ഭൂവുടമകളും സാധാരണജനങ്ങളുമെല്ലാം ഒട്ടനവധി വസ്തു വകകൾ ദാനം ചെയ്തതിന്റെ ഫലമായി ക്ഷേത്രനടത്തിപ്പിനും, മേൽനോട്ടത്തിനുമായി സംവിധാനം ഏർപ്പെടുത്തേണ്ടിവന്നു.

ഓരോ ക്ഷേത്രത്തിന്റെയും ഭരണനിർവ്വഹണത്തിനായി രൂപം കൊണ്ട സമിതിയാണ് ഊരാള സമിതി. ആദ്യകാലത്ത് ബ്രാഹ്മണർ തന്നെയാണ് ഇതിലംഗങ്ങളായിരുന്നത്. 'സഭൈ പെരുമാൾ സഭൈ ആര്യർ' എന്നെല്ലാം ആദ്യകാല ശാസനങ്ങളിൽ പരാമർശിച്ചു കാണുന്നത് ഈ ഊരാള സമിതിയിലെ അംഗങ്ങളെയാണ്. ഊരാള സമിതിയുടെ അവകാശങ്ങൾക്ക് 'ഊരാണ്മാവകാശ'മെന്നാണ് പറഞ്ഞിരുന്നത്. ഊരാള സമിതിയിൽ നിന്ന് ക്ഷേത്രം വക വസ്തുക്കൾ പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നവരാണ് 'കാരാളർ'. അവരുടെ അവകാശങ്ങൾക്ക് കാരാണ്മാവകാശമെന്നാണ് പറയുന്നത്. കൃഷി ചെയ്തു കിട്ടുന്ന ആദായത്തിൽ നിശ്ചിത വിഹിതം ക്ഷേത്രത്തിലേക്കടയ്ക്കണമെന്നതായിരുന്നു വ്യവസ്ഥ. ചില ക്ഷേത്രങ്ങളുടെ ഭരണം തിരഞ്ഞെടുത്ത രണ്ടംഗങ്ങളുള്ള വാരിയം എന്ന നിർവ്വാഹക സമിതിയാണ് നടത്തിയിരുന്നത്. ഊരാള സമിതിക്കുവേണ്ടി ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നയാളാണ് പൊതുവാൾ അഥവാ കാര്യദർശി ഇദ്ദേഹമാണ് ക്ഷേത്രത്തിന്റെ ദൈനംദിന കാര്യങ്ങൾ നോക്കിയിരുന്നത്. ആദ്യകാലത്ത് ചക്രവർത്തി നിയമിക്കുന്ന കോയിലധികാരികൾക്കായിയിരുന്നു ക്ഷേത്രങ്ങളുടെ ഭരണം സംബന്ധിച്ച പരമാധികാരം. യുവരാജാവാണ് ഈ സ്ഥാനം വഹിച്ചിരുന്നത്. നാടുവാഴികളെയും മന്ത്രിമാരെയുക്കാൾ ഉയർന്ന സ്ഥാനമായിരുന്നു കോയിലധികാരിക്ക് നൽകിയിരുന്നത്. എല്ലാ ക്ഷേത്രങ്ങളുടെയും പ്രതിനിധികൾ കോയിലധികാരികളുടെ നേതൃത്വത്തിൽ മൂഴിക്കുളത്തുയോഗം ചേർന്ന് അംഗീകരിച്ച നിയമാവലിയാണ് മൂഴിക്കുളം കച്ചം. ഊരാളനും, കാരളനും കർത്തവ്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയാൽ ലഭിക്കുന്ന ശിക്ഷാവിധികൾ ഇതിൽ പറയുന്നുണ്ട്. ക്ഷേത്രവസ്തുക്കളെ സംബന്ധിച്ച് ജന്മിക്കും കുടിയാനും ബാധകമായ നിയമമുൾക്കൊള്ളുന്ന കടംകാട്ടുകച്ചം, കോട്ടുവായിര വേലിക്കച്ചം, തവനൂർക്കച്ചം, ശങ്കരമംഗലത്തുകച്ചം തുടങ്ങിയ കച്ചങ്ങളും പ്രാധാന്യമർഹിക്കുന്നവയാണ്.

കേരളത്തിന്റെ സാംസ്കാരിക വളർച്ചയിൽ പ്രമുഖ സ്ഥാനം ക്ഷേത്രങ്ങൾക്കുണ്ട്. ഈ കാലഘട്ടത്തിൽ ക്ഷേത്രങ്ങൾ ആരാധനാലയമെന്നതിലുപരി കേന്ദ്രവും ജനങ്ങളുടെ യോഗസ്ഥലവും അഭയസ്ഥാനവും വിദ്യാകേന്ദ്രവും കലാകേന്ദ്രവുമൊക്കെയായിരുന്നു. ക്ഷേത്രങ്ങളുടെ സംരക്ഷണത്തിലും പ്രോത്സാഹനത്തിലുമാണ് വിദ്യാഭ്യാസവും മതവും കലയും സാഹിത്യവുമെല്ലാം വളർന്നത്. തിരുവനന്തപുരത്ത് വലിയശാല, മൂഴിക്കുളം ശാല, പാർത്ഥിപപുരംശാല, കാന്തളൂർ ശാല തുടങ്ങിയവിടങ്ങളിലെല്ലാം വിദ്യാർത്ഥികൾക്കും താമസിച്ച് പഠിക്കാനുള്ള സൗകര്യമൊരുക്കിയിരുന്നു. ആദ്യകാലത്ത് ഈ ശാലകളിൽ ബ്രഹ്മണ വിദ്യാർത്ഥികൾക്കു മാത്രമാണ് പ്രവേശനം അനുവദിച്ചിരുന്നത്. തർക്കം, വ്യാകരണം, മീംമാംസ, ജ്യോതിഷം, വേദാന്തം എന്നിങ്ങനെയായിരുന്നു പഠന വിഷയങ്ങൾ.

ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചാണ് ദേവദാസി സമ്പ്രദായം വളർച്ച പ്രാപിച്ചത്. ആദ്യകാലത്ത് ദേവദാസികൾക്ക് ദേവന്റെ ഭാര്യയെന്ന നിലയിൽ സമൂഹത്തിൽ മാന്യമായ സ്ഥാനമാണുണ്ടായിരുന്നത്. ഈശ്വര സ്തോത്രങ്ങളാലപിക്കുകയും അവയെ ഉപജീവിച്ച് നൃത്തം ചെയ്യുകയുമായിരുന്നു ഇവരുടെ തൊഴിൽ. പിന്നീട് ദേവദാസീസമ്പ്രദായം തേവിടിച്ചിയാട്ടമെന്ന നിലയിലേക്ക് അധഃപതിക്കുകയാണുണ്ടായത്. കൂത്ത് കൂടിയാട്ടം തുടങ്ങിയ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ക്ഷേത്രത്തോടുചേർന്നുതന്നെ കൂത്തമ്പലങ്ങൾ പണി കഴിപ്പിച്ചിരുന്നു. ശിൽപല, ചിത്രകല, വാദ്യകല, വാസ്തുവിദ്യ, തുടങ്ങിയവയും ക്ഷേത്രമതിൽ കെട്ടിനകത്ത് പ്രത്സാഹിപ്പിക്കപ്പെട്ടിരുന്നു.

പുരാണകഥാപാരായണത്തിനും വ്യാഖ്യാനത്തിനുമായി ഏർപ്പെടുത്തിയ സങ്കേതങ്ങളിൽ പ്രാധാന്യമർഹിക്കുന്നത് 'മഹാഭാരതപട്ടത്താന'മാണ് ഹൈന്ദവമത തത്വങ്ങളുമായിബന്ധപ്പെടുത്തി. സാമർത്ഥ്യപരീക്ഷകളും ഏർപ്പെടുത്തിയിരുന്നു. കടവല്ലൂർ അന്യോന്യം എന്ന പേരിലറിയപ്പെട്ട ഈ മത്സരപരീക്ഷ വേദപാണ്ഡിത്യത്തിന്റെ മാറ്റുരയ്ക്കലാണ്. 'കടന്നിരിക്കലി'നു വേണ്ടിയുള്ളതായിരുന്നു ഏറ്റവും വലിയ പരീക്ഷ. വിജയിക്ക് ബഹുമാന്യസ്ഥാനത്ത് കടന്നിരിക്കാമായിരുന്നു. വേദ വിദ്യാർത്ഥികളിൽ അതിമിടുക്കന്മാരായവർ നുമ്പിലിരിക്കലിനും , സാമാന്യ വിദ്യാർത്ഥികളിൽ അതിമിടുക്കരായവർ രണ്ടാം വാരമിരിക്കലിനുമാണ് മത്സരിച്ചിരുന്നത്. കോഴിക്കോട് തളിയിൽ ക്ഷേത്രത്തിൽ വെച്ചു വിവിധ വിഷയങ്ങളിലെ മികച്ച പണ്ഡിതന്മാർക്ക് പണക്കിഴി നൽകി ആദരിക്കുന്ന ചടങ്ങാണ് പട്ടത്താനം. തളിയിൽ ത്താനമെന്നും ഇതിനെ പറയാറുണ്ട്.

## ജാതി സമ്പ്രദായം

ആദ്യകാലത്ത് കർമ്മംകൊണ്ടാണ് ജാതിനിശ്ചയിക്കപ്പെട്ടിരുന്നതെങ്കിൽ, ബ്രാഹ്മണാധിപത്യത്തോടെ ജാതി വിഭജനം ജന്മമനുസരിച്ചായി. സംഘകാലഘട്ടത്തിൽ തന്നെ അധിവസിക്കുന്ന പ്രദേശങ്ങളുടേയും തൊഴിലിന്റേയും അടിസ്ഥാനത്തിലുള്ള വിഭജനം ഉണ്ടായിരുന്നു. ബ്രാഹ്മണർ ആത്മീയമായും സാമൂഹികമായും പ്രബലശക്തിയായി മാറിയതോടുകൂടി ചാതുർവർണ്യം (ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ) ഒഴിച്ചുകൂടാൻ ആവാത്ത ഒരു ആചാരമായി മാറി.

"ജാതിവ്യവസ്ഥ ദൃഢപ്പെടുകയും ജാതി ശ്രേണിയിൽ മേൽത്തട്ടുകാരായി വിഭജിക്കുകയും ചെയ്ത ബ്രാഹ്മണർ കീഴ്തട്ടിലുള്ള ജനവിഭാഗങ്ങളെ എല്ലാതരത്തിലും അടിച്ചമർത്തി. കുറ്റാന്വേഷണത്തിലും ശിക്ഷാവിധിയിലും ജാതിവിവേചനം കടന്നുവന്നു. കുറ്റം തെളിയിക്കാൻ ബ്രാഹ്മണർക്ക് തൂക്കുപരീക്ഷ, ക്ഷത്രിയർക്ക് അഗ്നിപരീക്ഷ, വൈശ്യർക്ക് ജല പരീക്ഷ, ശുദ്രർക്ക് വിഷ പരീക്ഷ - ഇതായിരുന്നു രീതി. ശിക്ഷാവിധിയിലുമുണ്ട് ഇമ്മാതിരി വിവേചനം. ബ്രാഹ്മണർക്ക് വധശിക്ഷയോ തടവുശിക്ഷയോ ഇല്ല. പിഴയും ജാതി ഭ്രഷ്ടുമാത്രമായിരുന്നു അവർക്കുള്ള ശിക്ഷ. ഒരു താഴ്ന്ന ജാതിക്കാരനെ കൊന്നാൽ പിഴശിക്ഷയെ ഉള്ളു. അതേസമയം അവർണ്ണ ജാതിക്കാർക്ക് ഉയർന്ന ജാതിയിൽപെട്ട സ്ത്രീയുമായി ബന്ധപ്പെട്ട കുറ്റത്തിനും, മോഷണകുറ്റത്തിനുപോലും വധശിക്ഷ നൽകിയിരുന്നു. അംഗഭംഗം വരുത്തുക, പരസ്യമായി മുക്കാലിയിൽ കെട്ടി അടിക്കുക. മുതലായ ശിക്ഷകളും നടപ്പാക്കിയിരുന്നു. ജാതി സംബന്ധമായ കുറ്റങ്ങളുടെ വിചാരണയിൽ വിധികർത്താക്കൾ ബ്രാഹ്മണർമാത്രമായിരുന്നു എന്നതും ശ്രദ്ധേയമാണ്..... സാമൂഹികമായ അസമത്വത്തിന് ആക്കം കൂടത്തക്കവിധം അവർണ്ണർക്ക് എല്ലാ ജീവിത സൗകര്യങ്ങളും നിഷേധിച്ചു. പൊതു നിരത്തുകളിൽ കൂടി നടക്കാനോ, ക്ഷേത്ര പരിസരങ്ങളിൽ പ്രവേശിക്കാനോ അനുവാദമുണ്ടായിരുന്നില്ല. മേലാളരെ കണ്ടാൽ തീണ്ടാപാടകലെ മാറിനിൽക്കണം. ഏതെങ്കിലും തരത്തിൽ സവർണനെ അയിത്തമാക്കിയാൽ കഠിന ശിക്ഷ അനുഭവിക്കണം" (കേരള സംസ്കാരം - പ്രൊഫ. എസ്. അച്യുതവാര്യർ) സദാചാരലംഘനത്തിന് പാത്രമാകുന്ന നമ്പൂതിരി സ്ത്രീകൾ ശുചീന്ദ്രം ക്ഷേത്രത്തിൽ വെച്ച് തിളച്ച നെയ്യിൽ കൈ മുക്കി നിരപരാധിത്വം തെളിയിക്കണമായിരുന്നു. ഇതാണ 'ശുചീന്ദ്രം കൈമുക്ക്'

ആര്യാധിനിവേശ പാരമ്പര്യത്തിലായിരുന്ന ഏ.ഡി. 8-ാം ശതകത്തിലാണ് കേരളത്തിൽ ജാതി വ്യവസ്ഥ ഉൽഭവിച്ചതെങ്കിലും 11-ാം ശതകത്തിലുണ്ടായ ചേരചോള യുദ്ധത്തിന്റെ ഫലമായി സാമ്പത്തിക സാമൂഹിക മണ്ഡലങ്ങളിൽ ഉണ്ടായ പരിവർത്തനത്തെ തുടർന്നാണ് ജാതി സമ്പ്രദായം പ്രബലമായി തീർന്നത്. ഭരണാധിപത്യം സമൂഹത്തിൽ ഉന്നത ശ്രേണിയിലുള്ള ബ്രാഹ്മണരിൽ നിക്ഷിപ്തമായിരുന്നു. നായന്മാർ സൈനികരായിരുന്നതുകൊണ്ട് അവർക്കായിരുന്നു കൂടുതൽ സ്വാതന്ത്ര്യം. തൊട്ടുകൂടായ്മയും തീണ്ടികൂടായ്മയുമായി ബന്ധപ്പെട്ട് ധാരാളം അനാചാരങ്ങളും അന്നത്തെ കാലത്ത് നിലനിന്നിരുന്നു. നായാടികളും പുലയനോ നമ്പൂതിയെ കാണാനിടയായാൽ അയിത്തമായി. ഇപ്രകാരം സംഭവിക്കാതിരിക്കാൻ വാല്യക്കാരെ നിയമിച്ചിരുന്നു. വഴിമാറി കൊടുക്കാത്ത താണ ജാതിക്കാർ നിയമസമാധാന പാലകന്മാരുടെ മൗനസമ്മതത്തോടെ വധിക്കപ്പെടുകയും ചെയ്തിരുന്നു.

ജന്മി സമ്പ്രദായത്തിന്റെയും ജാതിയുടെയും ദുഷ്ടമായ സ്വാധീനം കാരണം ജനങ്ങളുടെ സദാചാരബോധം പാടെ തകർന്നുപോയ കാലഘട്ടം കൂടിയായിരുന്നു. മണ്ണാപ്പേടി, പുലപ്പേടി, പറപ്പേടി തുടങ്ങിയ അനാചാരങ്ങൾ അയിത്തവുമായി ബന്ധപ്പെട്ട് നിലനി

ന്നിരുന്നു. തെക്കൻ തിരുവിതാം കൂറിൽ മണ്ണാപ്പേടി എന്നു പറയുന്നതു തന്നെയാണ് വടക്ക് പുലപ്പേടിയെന്നോ പറപ്പേടിയെന്നോ പറഞ്ഞുവരുന്നത്. കർക്കടക മാസക്കാലത്ത് സന്ധ്യ കഴിഞ്ഞാൽ ആൺ തുണയില്ലാതെ നായർ സ്ത്രീകൾ വീടിനു വെളിയിൽ ഇറ ങ്ങുമായിരുന്നില്ല. വീടിനു പുറത്തു വെച്ച് ഒരു മണ്ണാനോ, പുലയനോ, പറയനോ ഒരു നായർ സ്ത്രീയെ തൊടുകയോ എവിടെയെങ്കിലും നിന്ന് കണ്ടേ കണ്ടേ എന്നു വിളിച്ചു പറയുകയോ ചെയ്താൽ അവൾക്ക് ഭ്രഷ്ട് കൽപ്പിക്കുമായിരുന്നു. പിന്നീടവൾ മണ്ണാന്റെ കൂടെ ഓടി രക്ഷപ്പെട്ടു കൊള്ളണം. ബന്ധുക്കളറിഞ്ഞാൽ അവളെ വധിച്ചു കളയും. മണ്ണാ പ്പേടിയെ കുറിച്ച് ആധികാരികാരികമായി ആദ്യം രേഖപ്പെടുത്തിയത് വിദേശസഞ്ചാരി യായ ബാർബോസയാണ്( 1517)

മറ്റു ചില സ്ഥലങ്ങളിൽ കൊല്ലത്തിലൊരിക്കൽ കാവുകളിൽ വേലയും പൂരവും നടക്കുന്ന കാലത്ത് താണജാതിക്കാർക്ക് കാവുകളിൽ പ്രവേശിക്കാനുള്ള സ്വാതന്ത്ര്യം നാടുവാഴി അനുവദിച്ചിരുന്നു. ഇക്കാലത്ത് ഉയർന്ന ജാതിയിൽപ്പെട്ട സ്ത്രീകളെ താണജാതി ക്കാർക്ക് കമ്പുകൊണ്ട് തൊടുകയോ, കല്ലുകൊണ്ടെറിയുകയോ ചെയ്താൽ അവൾ അവ രുടെ കൂടെ പെയ്കൊള്ളണം എന്നാണ് ആചാരം. മനുഷ്യോചിതമല്ലാത്ത ഇത്തരം ആചാ രങ്ങൾ ബ്രിട്ടീഷ് ഭരണകാലം വരെ മലബാറിൽ നിലനിന്നിരുന്നു. 1696 ൽ അന്നത്തെ വേണാട്ടു രാജാവായ ഉണ്ണിക്കേരളവർമയാണ് ഒരു വിളംബരത്തിലൂടെ ഇത്തരം അനാചാ രങ്ങൾ നിർത്തലാക്കിയത്.

പുലയർ, പറയർ, ചെറുമർ തുടങ്ങിയ സമുദായക്കാരെ കാർഷിക അടിമകളായി കരുതി അവരെ വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന ഏർപ്പാടും ആദ്യകാലങ്ങളിൽ നിലനിന്നിരുന്നു. രാഷ്ട്രീയവും, സാമ്പത്തികവുമായ ചൂഷണങ്ങൾക്കു പുറമെ ഇവർക്കു വിദ്യാഭ്യാസവും നിഷേധിച്ചിരുന്നു. പത്തൊൻപതാം നൂറ്റാണ്ടുവരെ ഈ ജാതി വ്യവ സ്ഥയും ജാതിപീഡനവും ഏറിയും കുറഞ്ഞും തുടർന്നിരന്നു. പാശ്ചാത്യമിഷണറിമാരു ടെയും, ചട്ടമ്പിസ്വാമികൾ, ശ്രീനാരയണഗുരു, അയ്യങ്കാളി തുടങ്ങിയ സാമൂഹിക പരി ഷ്കർത്താക്കളുടെയും നിരന്തര ശ്രമഫലവുമായാണ് ജാതിവ്യവസ്ഥിതിയുടെ രൂക്ഷത അവ സാനിച്ചത്. 1936 നവംബർ 12-ാം തിയ്യതി തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മ ക്ഷേത്രപ്രവേശനവിളംബരം പുറപ്പെടുവിച്ചതോടെ ജാതിവ്യ വസ്ഥ ഔപചാരികമായി അവസാനിച്ചു.

## ജന്മി സമ്പ്രദായം

ജന്മാവകാശമുള്ള വസ്തുക്കളനുഭവിക്കുന്നയാളാണ് ജന്മി. ഊരാണമാവകാശം പാര മ്പര്യ വഴിക്കായിത്തീരുന്നതിനു മുൻപ് ജീവിതകാലം അതായത് ജന്മം മുഴുവൻ ആ അവ കാശം വച്ചു പുലർത്തുന്ന ഒരു അന്തരാളഘട്ടമുണ്ടായിരുന്നു. ആ ജന്മാവകാശത്തിൽ

നിന്നാണ് ജന്മിയുടെ ഉത്ഭവം (ജന്മി സമ്പ്രദായം-ഇളംകുളം) ഭൂമിയുടെ ഉടമസ്ഥതയെ ആധാരമാക്കി കാർഷിക സമ്പദ് വ്യവസ്ഥയിൽ നിലനിന്നിരുന്ന സ മൂഹഘടനയാണ് ജന്മിത്തം. കുറെ ഭൂമി ഒരാൾ തന്റേതാണെന്ന നിലയിൽ കൈവശം വെയ്ക്കുകയും, ഭൂമിയില്ലാത്തവർക്ക് അതിലൊരു നിശ്ചിത കാലത്തേക്ക് പണിയെടുക്കാൻ അവസരം നൽകുകയും അതിനു പകരമായി അവർ ഉല്പാദിപ്പിക്കുന്ന വിളവിന്റെ നിശ്ചിതമായ അംശം വാങ്ങിച്ചെടുക്കുകയും ചെയ്യുന്ന സമ്പ്രദായമാണ് ജന്മി സമ്പ്രദായം.

ജന്മി സമ്പ്രദായത്തിന്റെ കാരണമായി ഇളംകുളും പറയുന്നത് ഒരു നൂറ്റാണ്ടോളം ഇടവിട്ട് തുടർന്ന നൂറ്റാണ്ടുയുദ്ധമെന്ന പേരിലറിയപ്പെടുന്ന ചേര-ചോളാക്രമണങ്ങളെയാണ്. കൊല്ലവർഷം ആദിശതകങ്ങളിലെ പ്രബല ശക്തിയായ കുലശേഖരന്മാരും, ദക്ഷിണേന്ത്യയിലെ പ്രബലമായ മറ്റൊരു രാജവംശമായ ചോളരാജാക്കന്മാരും ഏറ്റുമുട്ടുകയും ആയിരാമാണ്ടോടെ ആരംഭിച്ച ഈ ഏറ്റുമുട്ടൽ അക്രമണവും പ്രത്യാക്രമണങ്ങളുമായി ഒരു നൂറ്റാണ്ടുകാലത്തോളം നിലനിൽക്കുകയും ചെയ്തു. യുദ്ധത്തിന്റെ സാഹചര്യത്തിൽ അബ്രാഹ്മണ ജനവിഭാഗങ്ങളിലെ പുരുഷന്മാർ യുദ്ധകാര്യങ്ങളിൽ മാത്രം വ്യാപൃതരായി. ഇങ്ങനെ അബ്രാഹ്മണരുടെ ശ്രദ്ധ ക്ഷേത്ര ഭരണകാര്യങ്ങളിൽ പതിയുന്നില്ലെന്നു കണ്ടപ്പോൾ സ്വാർത്ഥരായ ക്ഷേത്രഭരണാധികാരികൾ തന്നിഷ്ടം പോലെ പ്രവർത്തിച്ചു തുടങ്ങി. പതിനൊന്നാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടുകൂടി നാടുവാഴികൾ അവരുടെ സ്വാതന്ത്ര്യവും അധികാരവും ഉറപ്പിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുക. കേരളത്തിലെ നാടുവാഴിത്തത്തിൽ മതപരമായ ഒരുസ്വഭാവം ഉണ്ടായിരുന്നു. ക്ഷേത്രങ്ങൾ ശത്രുക്കളിൽ നിന്നു ശിക്ഷിക്കുന്നതിനുള്ള അഭയസങ്കേതങ്ങളായിരുന്നതു കൊണ്ട് ഭരണകർത്താക്കൾ ക്ഷേത്ര മേൽക്കോയ്മ അവകാശപ്പെട്ടിരുന്നു. രാജ്യഭരണം നടത്തുന്ന രാജാവിന് യാതൊരു നിയന്ത്രണവും സാധ്യമല്ലാത്ത രാജ്യത്തിനകത്തെ രാജ്യമായിത്തീർന്നു ക്ഷേത്ര സങ്കേതങ്ങൾ ക്രമേണ ഈ സങ്കേതങ്ങൾ രാജാവിനെതിരെയുള്ള രാഷ്ട്രീയ സങ്കേതങ്ങളായി മാറി.

ചേരചോള യുദ്ധകാലത്ത് നമ്പൂതിരിമാരുടെ ശക്തി കേരളത്തിൽ ഗണനീയമായി വർദ്ധിക്കുകയും ജന്മി സമ്പ്രദായം ശക്തി പ്രാപിക്കുകയും ചെയ്തു. ജന്മി എന്ന പദം ആവിർഭവിച്ചതിനെ കുറിച്ചും ഭിന്നാഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. മുസ്ലീം ഭരണാധികാരികൾ ഉപയോഗിച്ചിരുന്ന 'ജെമീൻ' എന്ന പദത്തിന്റെ സംസ്കൃതീകൃത രൂപമാണ് 'ജന്മി' എന്ന ഒരഭിപ്രായമുണ്ട്. ജന്മി എന്നവാക്ക് 'ഭൂവുടമ' എന്ന അർത്ഥത്തിൽ സംസ്കൃതത്തിൽ 'ശങ്കരസ്മൃതി'യിൽ പരാമർശിക്കപ്പെടുന്നുണ്ട്. ജന്മം എന്ന പദത്തിന് ജീവികാലം എന്ന അർത്ഥം നൽകിയാണ് ഇളംകുളം ജന്മി എന്ന പദത്തെ വ്യുൽപാദിപ്പിക്കുന്നത്. എ.ഡി. 12-ാം നൂറ്റാണ്ടുവരെ കേരളത്തിലെ ഭൂവുടമകൾ പുലയൻ, ഇടയൻ, വില്ലാർ മുതലായ വർഗ്ഗക്കാർ ആയിരുന്നുവെന്നും അവരുടെ ഭൂസ്വത്തുക്കൾ മുഴുവൻ ക്ഷേത്രങ്ങളിലും ഊരാളന്മാരായ ബ്രാഹ്മണരിലും വന്നിചേരുകയാണുണ്ടായതെന്നും ഇളകുളം വാദിക്കുന്നു. ഇപ്രകാരം ജന്മി സമ്പ്രദായം ശക്തിയാർജ്ജിച്ചു. 19-ാം നൂറ്റാണ്ട് വരെ ജന്മി സമ്പ്രദായം ചോദ്യം ചെയ്യപ്പെടാതെ നിലനിന്നു. പിന്നീട് ജന്മിമാരുടെ ഉപദ്രവം അതിന്റെ മൂർദ്ദന്യത്തിൽ എത്തിയപ്പോൾ സാമുദായികമായ അകൽച്ചയും ബ്രാഹ്മണരോടുള്ള ഭക്തികുറവും വർദ്ധിച്ചു.

ജന്മിത്വത്തെ നിയന്ത്രിക്കാനുള്ള സർക്കാരിന്റെ ആദ്യത്തെ ശ്രമം 1896ലെ ജന്മി-കുടിയാൻ റഗുലേഷനായിരുന്നു. അസംഘടിതമായിരുന്നെങ്കിലും ജന്മിമാർ അങ്ങിങ്ങു നടത്തിവന്ന അവകാശ സമരങ്ങൾക്ക് ഇതൊരംഗീകാരമായി. 1933ലെ ജന്മികുടിയാൻ റഗുലേഷൻ 12-ാം ഭേദഗതി അനുസരിച്ച് ജന്മിക്കരം കൊടുക്കണമെന്ന വ്യവസ്തയോടെ കുടിയാന്മാർക്ക് അവരുടെ കൈവശമുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിച്ചുകിട്ടി. 1930ലെ മലബാർ കുടിയാന്മ ആക്ട് അനുസരിച്ച് കുടിയാന്മാരുടെ അവകാശങ്ങൾക്ക് സംരക്ഷണം ലഭിച്ചു. 1963ൽ ഭൂപരിതി നിർണ്ണിയത്തോടെ മിച്ചഭൂമി സർക്കാർ ഏറ്റെടുത്ത് ഭൂമിയില്ലാത്തവർക്ക് വീതിച്ചുകൊടുക്കുക എന്ന വിപ്ലവകരമായ ആശയം നടപ്പിലായതോടെ ജന്മി സമ്പ്രദായം ചരിത്രത്തിലെ ഒരു ഓർമ്മ മാത്രമായിമാറി. "മുൻ ജന്മിമാർക്ക് അർത്ഥ പലിശ, ജന്മി ഭോഗം, കരത്തിൽ ചെലവ് എന്നീപേരുകളിൽ നാട്ടാചാര പ്രകാരം പെൻഷൻ രൂപത്തിൽ വർഷങ്ങളായി നൽകി വന്നിരുന്ന ആനുകൂല്യങ്ങൾ കേരളസർക്കാർ നിർത്തലാക്കി". (നിർത്തലാക്കൽ ഓർഡിനൻസ് നമ്പർ : 23/2005)

## നാടുവാഴികളുടെ പ്രത്യേകാധികാരങ്ങൾ

ജന്മി യാഥാസ്ഥികത്വത്തിന്റെ തലവനായ നിയന്ത്രിതമായ അധികാരമുള്ള ആളായിരുന്നു. ഭരണാധികാരി മുതൽ നാടുവാഴി വരെ എല്ലാവർക്കും അളവറ്റ ഭൂസ്വത്തുണ്ടായിരുന്നു. അടിമപണിക്കാർ അവർക്കു വേണ്ടി കൃഷി ചെയ്തു. നാടുവാഴിയ്ക്ക് പല വിധത്തിലുള്ള വരുമാനങ്ങൾ കിട്ടിയിരുന്നതായി മലബാർ മാന്വലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കയറ്റുമതി ഇറക്കുമതികളെ സംബന്ധിച്ച തീരുവയും ഗതാഗതനികുതിയും നാടുവാഴിക്ക് ലഭിച്ചിരുന്നു. ഒരു കുടുംബത്തിലെ സ്വത്തിന്റെ അവകാശികൾ മരിച്ച് അനന്തരാവകാശി അവയുടെ ചുമതല ഏറ്റെടുക്കുന്നത് സംബന്ധിച്ച് നാടുവാഴിക്ക് പുരുഷാന്തരം എന്ന നികുതി നൽകണമായിരുന്നു. അനന്തരാവകാശികൾ ഇല്ലെങ്കിൽ സ്വത്തു വകകൾ നാടുവാഴിയിൽ നിക്ഷിപ്തമാകും. ഇതിനെ 'അറ്റാലടക്കം' എന്നാണ് പറഞ്ഞിരുന്നത്. നാടുവാഴിയുടെ അനുവാദമില്ലാതെ ആർക്കും ദത്തെടുക്കാൻ അവകാശമുണ്ടായിരുന്നില്ല. ഇപ്രകാരം ദത്തെടുക്കുമ്പോൾ നാടുവാഴിക്ക് ദത്തുകാഴ്ച നൽകി അനുമതി വാങ്ങണമായിരുന്നു. വിവാഹം, പ്രസവം, മരണം, ഗൃഹപ്രവേശം തുടങ്ങിയവയ്ക്കെല്ലാം നാടുവാഴി പ്രജകളിൽ നിന്നും കാഴ്ചകൾ ഈടാക്കിയിരുന്നു. പരപുരുഷ സമാഗമം നടത്തിയ സ്ത്രീകളെ നാടുവാഴിക്ക് മുൻപിൽ ഹാജരാക്കുകയും അവരെ നാടുവാഴി വിദേശവ്യാപാരികൾക്ക് വിറ്റ് പ്രതിഫലം വാങ്ങുകയും ചെയ്തിരുന്നു. വലിയ ജന്മിമാർക്കും നാടുവാഴികൾക്കും മാത്രമേ പല്ലക്ക് മുതലായ ആർഭാട വസ്തുക്കൾ ഉപയോഗിക്കുവാൻ അവകാശമുണ്ടായിരുന്നുള്ളൂ. കൊല്ലും കൊലയും സംബന്ധിച്ച് അധികാരവും നാടുവാഴികൾക്കു തന്നെയായിരുന്നു. ചുരുക്കത്തിൽ പതിനേഴും പതിനെട്ടും ശതകങ്ങളിൽ ഫ്യൂഡലിസം കൊടികുത്തി വാഴുന്ന കാഴ്ചയാണ് കാണാൻ സാധിക്കുക.

## മരുമക്കത്തായം

പെൺവഴിക്ക് സ്വത്തവകാശം എന്നതാണ് മരുമക്കത്തായത്തിന്റെ മുഖമുദ്ര. കേരളത്തിന്റെ മാത്രം സവിശേഷമായ ഒരു സമ്പ്രദായമാണ് മരുമക്കത്തായം. കേരളത്തിലെ മരുമക്കത്തായത്തിന്റെ ആവിർഭാവത്തെക്കുറിച്ച് പണ്ഡിതന്മാർ പല സിദ്ധാന്തങ്ങളും ഉന്നയിക്കുന്നുണ്ട്. കേരളം സൃഷ്ടിച്ച പരശുരാമന്റെ കൽപ്പന അനുസരിച്ചാണ് മരുമക്കത്തായം നിലവിൽ വന്നതെന്നതാണ് ഐതിഹ്യം. മരുമക്കത്തായം കേരളത്തിൽ ആദികാലം മുതൽ നിലനിന്നിരുന്ന ഒരു ആചാര വിശേഷമല്ലെന്നും ഒരു പ്രത്യേക പരിതസ്ഥിതിയിൽ കേരളീയർ മരുമക്കത്തായം സ്വീകരിച്ചതാണെന്നും കെ.പി. പത്മനാഭമേനോൻ അഭിപ്രായപ്പെടുന്നു.

പത്മനാഭമേനോനെ ശരിവെയ്ക്കുന്ന നിഗമനങ്ങളിലാണ് ഇളംകുളവും എത്തിച്ചേർന്നിട്ടുള്ളത്. കൊല്ലവർഷം 1-ാം ശതകത്തിൽ സർവ്വസാധാരണമായിരുന്നത് മക്കത്തായം ആണെന്നും നൂറ്റാണ്ട് യുദ്ധത്തിന്റെഅവസാനഘട്ടത്തിൽ നടപ്പാക്കിയ നിർബന്ധിത സൈനികസേവനവും ചാവേറ്റു പടയുടെ രൂപവത്ക്കരണവും നിമിത്തം സംജാതമായ പരിതസ്ഥിതിയിൽ ഉടലെടുത്തതാണ് മരുമക്കത്തായം എന്നും അദ്ദേഹം വിശദീകരിക്കുന്നു. ഈ അഭിപ്രായത്തോടാണ് ഏ. ശ്രീധരമേനോനും യോജിക്കുന്നത്. യുദ്ധകാലത്ത് നമ്പൂതിരി ബ്രാഹ്മണർ രാഷ്ട്രീയമായും മതപരമായും പ്രാമാണ്യം നേടിയതും, ജന്മിമാർ എന്ന നിലയിൽ അവർക്കു ലഭിച്ച സാമ്പത്തികാധികാരവും, ചോളാക്രമണത്തെ നേരിടാൻ ഏർപ്പെടുത്തിയ നിർബന്ധിത സൈനിക പരിശീലനവും, ചാവേർ പടയുടെ രൂപവൽക്കരണവും, നമ്പൂതിരിമാരുടെ സംബന്ധ ഏർപ്പാടുമാണ് ഏ.ഡി. 11-ാം നൂറ്റാണ്ടിൽ കേരളത്തിലെ ജനങ്ങളെ മരുമക്കത്തായം സ്വീകരിക്കാൻ പ്രേരിപ്പിച്ച മുഖ്യഘടകങ്ങളെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. നൂറ്റാണ്ടു യുദ്ധകാലത്ത് പുരുഷന്മാർ പടക്കളത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ ഭൂസ്വത്തു സംരക്ഷണം സ്ത്രീയുടെ ചുമതലയായി എന്നും ആ പരിതസ്ഥിതിയിൽ പെൺവഴിക്ക് സ്വത്തവകാശം നിലവിൽ വന്നു എന്നുമാണ് ഈ വാദങ്ങളുടെയെല്ലാം സാരാംശം

മരുമക്കത്തായത്തെ നൂറ്റാണ്ടുയുദ്ധവുമായി ബന്ധപ്പെടുത്തുന്നതിനെ എതിർക്കുന്നവരുമുണ്ട്. നൂറ്റാണ്ടുയുദ്ധം ഒരു കെട്ടുകഥയാണെന്നു പറഞ്ഞ് പി.കെ. ബാലകൃഷ്ണൻ തള്ളിക്കളയുന്നു. മനുഷ്യസമൂഹത്തിന്റെ വളർച്ചയിൽ മരുമക്കത്തായം മക്കത്തായത്തേക്കാൾ പ്രാചീനമാണെന്ന് ഏംഗൽസ്, മോർഗൻ, മക്‌ലനൻ തുടങ്ങിയ സാമൂഹിക ശാസ്ത്രജ്ഞൻമാരും നരവംശപണ്ഡിതന്മാരും അഭിപ്രായപ്പെടുന്നുണ്ട്. കേരളത്തിലെ പൂർവ്വ നിവാസികളായ ഗിരിവർഗ്ഗക്കാരുടെയിടയിൽ മരുമക്കത്തായം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. കേരളത്തിലെ നാഗരിക ജനതയുടെ ഇടയിൽ തന്നെ ദായക്രമത്തിൽ ഐകരൂപ്യമില്ല. നായർ, ഈഴവർ തുടങ്ങിയവർ ചില പ്രദേശങ്ങളിൽ മക്കത്തായികളും മറ്റും ചില പ്രദേശങ്ങളിൽ മക്കത്തായികളും മറ്റു ചില പ്രദേശങ്ങളിൽ മരുമക്കത്തായികളുമാണ്. സംബന്ധം,

തിരണ്ടുകല്യാണം, താലികെട്ടു കല്ല്യാണം, പുളികുടി തുടങ്ങിയ ഒട്ടേറെ ആചാരങ്ങളും മരുമക്കത്തായത്തോടു ബന്ധപ്പെട്ടു വളർന്നിരുന്നു. മക്കത്തായത്തിനും മരുമക്കത്തായ ത്തിനും ഇടയ്ക്ക് മിശ്രദായക്രമവും കേരളത്തിൽ നിലനിന്നിരുന്നു. മുസ്ലിംങ്ങളുടെ ഇട യിൽ ചില തറവാടുകളിൽ സ്വത്ത് ആൺമക്കൾക്കു സ്ഥാനവും പദവിയും മരുമക്കൾക്കും നൽകിയിരുന്നതായും കാണാം.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭമായപ്പോഴേക്കും മരുമക്കത്തായത്തറവാട്ടിലെ കാര ണവന്മാരുടെ അമിതാധികാരങ്ങളിൽ മനംമടുത്ത പുതിയ തലമുറ ആ ദായക്രമം തുടരു ന്നതിൽ എതിർപ്പു പ്രകടിപ്പിച്ചു തുടങ്ങി. 1912 ലെ നായർ ആക്ട് കൂട്ടുകുടുംബ സമ്പ്ര ദായം നിർത്തലാക്കാൻ തിരുവിതാംകൂറിൽ ഒരു പ്രസ്ഥാനം ആരംഭിച്ചതിന്റെ ഫലമാണ്. 1925 ൽ പാസാക്കിയ രണ്ടാം നായർ ആക്ട് തറവാട്ടുസ്വത്ത് ആളോഹരി ഭാഗം വെയ്ക്കാൻ ശുപാർശ ചെയ്തു1937 –38 ലെ ആക്ട് മരുമക്കത്തായ വ്യവസ്ഥ പൂർണ്ണമായും ഇല്ലാതാ ക്കി. 1958 ലെ കേരള ആക്ട് XXVI(മദിരാശി മരുമക്കത്തായ ഭേദഗതി) വ്യക്തിക്ക് ഭാഗവ കാശം ഉറപ്പാക്കി. 1976 ൽ കേരള നിയമസഭ പാസാക്കിയ കൂട്ടുകുടുംബ നിരോധന നിയമം അനുസരിച്ച് മക്കത്തായം നിലവിൽ വന്നു.

## സഹായക ഗ്രന്ഥങ്ങൾ


| | | |
|---|---|---|
| കുഞ്ഞൻപിള്ള ഇളംകുളം | - | അന്നത്തെ കേരളം |
| ഗണേശ് കെ.എൻ. | - | കേരളത്തിന്റെ ഇന്നലെകൾ |
| ഗോപാലകൃഷ്ണൻ പി.കെ. | - | കേരളത്തിന്റെ സാംസ്കാരികചരിത്രം |
| ദാമോദരൻ കെ. | - | കേരള ചരിത്രം |
| രാഘവവാര്യർ എം.ആർ. | - | കേരളീയ ചരിത്രമാനങ്ങൾ |
| രാഘവവാര്യർ എം.ആർ. , | | |
| രാജൻ ഗുരുക്കൾ | - | കേരള ചരിത്രം |
| വസന്തൻ എസ്.കെ. | - | നമ്മൾ നടന്ന വഴികൾ |
| വേലായുധൻ പണിക്കശ്ശേരി | - | സഞ്ചാരികളും കേരള ചരിത്രവും |
| ശ്രീധരമേനോൻ ഏ. | - | കേരള ചരിത്രം |
| ശ്രീധരമേനോൻ ഏ. | - | കേരള സംസ്കാരം |
| സുബ്രഹ്മണ്യൻ എൻ. | - | സംഘകാല ഭരണസംവിധാനം |
| മലയാള പഠന സംഘം | - | സംസ്കാര പഠനം |
| | | ചരിത്രം സിദ്ധാന്തം പ്രയോഗം |